18
ജൂലൈ 2024
വ്യാഴം
1446 മുഹറം 12
1199 കർക്കിടകം 03
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



08
പാരീസ് ഒളിംപിക്സിന് 117 അംഗ ഇന്ത്യൻ സംഘം

# ഇന്തോനേഷ്യൻ പ്രസിഡന്റ് ജോക്കോ വിഡോഡോക്ക് അബുദാബിയിൽ രാജകീയ വരവേൽപ്

## ശൈഖ് മുഹമ്മദ് ബിൻ സായിദ് സ്വീകരിച്ചു

**സ്വന്തം ലേഖകൻ**
അബുദാബി

യുഎഇയിൽ സന്ദർശനത്തിനെത്തിയ റിപ്പബ്ലിക് ഓഫ് ഇന്തോനേഷ്യൻ പ്രസിഡന്റ് ജോക്കോ വിഡോഡോയെ യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ സ്വീകരിച്ചു. അബുദാബിയിലെ ഖസർ അൽ വത്താനിൽ എത്തിയ അദ്ദേഹത്തെ ഔദ്യോഗികമായി സ്വീകരിക്കുന്ന ചടങ്ങ് നടന്നു. ശൈഖ് മുഹമ്മദ് ബിൻ സായിദ് ഇന്തോനേഷ്യൻ പ്രസിഡന്റിനൊപ്പം യുഎഇ ദേശീയ ഗാനങ്ങളുടെ ഗാർഡ് ഓഫ് ഓണറും മറ്റു പ്രകടനങ്ങളും പരിശോധിക്കാൻ എത്തിയിരുന്നു. ചടങ്ങിൽ ഇമാറാത്തി നാടോടി സംഘങ്ങളുടെ പ്രകടനങ്ങൾ,സന്ദർശനത്തോടുള്ള ആദരസൂചകമായി 21 തോക്ക് പീരങ്കി സല്യൂട്ട്, ഇന്തോനേഷ്യൻ പതാകയുടെ നിറങ്ങളിൽ പുക ഉയർത്തി യുഎഇ എയർഫോഴ്സ് എയറോബാറ്റിക്സ് ടീം അൽ ഫുർസാൻ നടത്തിയ ഫ്ളൈപാസ്റ്റ് എന്നിവയും ഉണ്ടായിരുന്നു. വൈസ് പ്രസിഡന്റും ഉപപ്രധാനമന്ത്രിയും പ്രസിഡൻഷ്യൽ കോർട്ട് ചെയർമാനുമായ ശൈഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാനും ഉൾപ്പെടുന്നു. അബുദാബി കിരീടാവകാശി ശൈഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായ ലെഫ്. ജനറൽ ശൈഖ് സെയ്ഫ് ബിൻ സായിദ് അൽ നഹ്യാൻ,ശൈഖ് ഹമദ് ബിൻ സായിദ് അൽ നഹ്യാൻ,ശൈഖ് ത്വയ്യിബ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, വികസനത്തിനും വീരന്മാരുടെ കാര്യത്തിനും വേണ്ടിയുള്ള പ്രസിഡൻഷ്യൽ കോടതിയുടെ ഡെപ്യൂട്ടി ചെയർമാൻ, ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, പ്രത്യേക കാര്യങ്ങൾക്കായുള്ള പ്രസിഡൻഷ്യൽ കോടതി ഡെപ്യൂട്ടി ചെയർമാൻ,പ്രസിഡൻഷ്യൽ കോടതിയിലെ പ്രത്യേക കാര്യ ഉപദേഷ്ടാവ് ശൈഖ് മുഹമ്മദ് ബി ൻ ഹമദ് ബിൻ തഹ്നൂൻ അൽ നഹ്യാൻ,ദേശീയ സുരക്ഷയ്ക്കായി സുപ്രീം കൗൺസിൽ സെക്രട്ടറി ജനറൽ അലി ബിൻ ഹമ്മദ് അൽ ഷംസി; മുഹമ്മദ് ബിൻ ഹാദി അൽ ഹുസൈനി, ധനകാര്യ സഹമന്ത്രി ഡോ. സുഹൈൽ ബിൻ മുഹമ്മദ് ഫറജ് ഫാരിസ് അൽ മസ്റൂയി, ഊർജ, അടിസ്ഥാന സൗകര്യ മന്ത്രി ഡോ. സുൽത്താൻ അഹമ്മദ് അൽ ജാബർ, വ്യവസായ അഡ്വാൻസ്ഡ് ടെക്നോളജി മന്ത്രി ഡോ. അബ്ദുല്ല ബിൻ തൗഖ് അൽ മർരി, സാമ്പത്തിക മന്ത്രി ഡോ. മുഹമ്മദ് ഹസൻ അൽസുവൈദി, നിക്ഷേപ മന്ത്രി ഡോ. അംന ബിൻത് അബ്ദുല്ല അൽ ദഹക്ക്, കാലാവസ്ഥാ വ്യതിയാന പരിസ്ഥിതി മന്ത്രി, താനി ബിൻ അഹമ്മദ് അൽ സെയൂദി, വിദേശ വ്യാപാര സഹമന്ത്രി ഡോ. യുഎഇ പ്രസിഡന്റിന്റെ സ്ട്രാറ്റജിക് റിസർച്ച് ആൻഡ് അഡ്വാൻസ്ഡ് ടെക്നോളജി അഫയേഴ്സ് ഉപദേഷ്ടാവ് ഫൈസൽ അബ്ദുൽ അസീസ് മുഹമ്മദ് അൽ ബന്നായി; യു.എ.ഇ സെൻട്രൽ ബാങ്ക് ഗവർണർ ഖാലിദ് മുഹമ്മദ് ബാലാമ, യു.എ.ഇ. മുഹമ്മദ് അലി അൽ ഷൊറാഫ, മുനിസിപ്പാലിറ്റി ആൻഡ് ട്രാൻസ്പോർട്ട് വകുപ്പ് ചെയർമാനും അബുദാബി എക്സിക്യൂട്ടീവ് കൗൺസിൽ അംഗവുമായ ഡോ. അബ്ദുല്ല അൽദാഹേരി, ഇന്തോനേഷ്യയിലെ യുഎഇ അംബാസഡർ, കൂടാതെ നിരവധി മുതിർന്ന ഉദ്യോഗസ്ഥരും സ്വീകരിക്കാൻ എത്തിയിരുന്നു.

ലുഹുത് ബിൻസാർ പണ്ഡ്ജൈതൻ,സമുദ്രകാര്യ, നിക്ഷേപങ്ങളുടെ ഏകോപന മന്ത്രി; റെത്നോ മർസുദി, വിദേശകാര്യ മന്ത്രി ഡോ. മൊചമദ് ബസുകി ഹഡിമുൽജോനോ, പൊതുമരാമത്ത്, പൊതു ഭവനനിർമാണ മന്ത്രി ഡോ. എറിക് തോഹിർ, സംസ്ഥാന ഉടമസ്ഥതയിലുള്ള എന്റർപ്രൈസ് മന്ത്രി; ഹുസൈൻ ബാജിസ്, യു.എ. ഇ.യിലെ ഇന്തോനേഷ്യൻ അംബാസഡർ നിരവധി ഇന്തോനേഷ്യൻ ഉദ്യോഗസ്ഥരോടൊപ്പം പ്രസിഡന്റിനെ അനുഗമിച്ചിരുന്നു.



യുഎഇയിൽ സന്ദർശനത്തിനെത്തിയ റിപ്പബ്ലിക് ഓഫ് ഇന്തോനേഷ്യൻ പ്രസിഡന്റ് ജോക്കോ വിഡോഡോയെ യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ സ്വീകരിക്കുന്നു

---

### ജനനായകൻ ഓർമയായിട്ട് ഒരാണ്ട്



തിരുവനന്തപുരത്തെ മ്യൂസിയത്തിനായി നിർമിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പൂർണകായ മെഴുകു പ്രതിമ അനാഛാദനം ചെയ്ത ശേഷം പ്രതിമയിൽ തൊട്ടു നോക്കുന്ന ഭാര്യ മറിയാമ്മ ഉമ്മൻ. മകൾ മറിയ ഉമ്മൻ, ശിൽപ്പി സുനിൽ കണ്ടല്ലൂർ സമീപം

# കരളേ നിൻ കൈ പിടിച്ചാൽ..

## ഉമ്മൻചാണ്ടിയുടെ മെഴുകുപ്രതിമ കണ്ട് വിതുമ്പി ഭാര്യയും മകളും

**സ്വന്തം ലേഖകൻ**
തിരുവനന്തപുരം

ഉമ്മൻചാണ്ടിയുടെ കൈയിൽ ഭാര്യ മറിയാമ്മ ആദ്യം പിടിച്ചു നോക്കി, പിന്നെ ചേർന്നു നിന്നു. സ്വതസിദ്ധമായ പുഞ്ചിരിയോടെയുള്ള മുഖം. ചീകിയൊതുക്കാത്ത ആ മുടിയിഴകൾക്ക് പോലും മാറ്റമില്ല. മറിയാമ്മ ആ കണ്ണുകളിലേയ്ക്ക് ഒരു നിമിഷം നോക്കി നിന്നു. സ്നേഹത്തോടെ ആ മുഖത്ത് തൊട്ടു. പിന്നെ ഓർമയുടെ തിരയിളക്കമായിരുന്നു. കണ്ണുകൾ നിറഞ്ഞൊഴുകി. മറിയാമ്മക്കൊപ്പമുണ്ടായിരുന്ന മകൾ മറിയയും വിതുമ്പി.

ആരായാലും ഒരു നിമിഷം അമ്പരന്ന് പോകും. അത്രക്ക് സാമ്യമായിരുന്നു ഉമ്മൻചാണ്ടിയുടെ പൂർണകായ മെഴുക് പ്രതിമക്ക്. തിരുവനന്തപുരം കിഴക്കേക്കോട്ടയിലെ സുനിൽസ് വാക്സ് മ്യൂസിയത്തിലാണ് ഒറിജിനലിനെ വെല്ലുന്ന മെഴുകു പ്രതിമ സ്ഥാപിച്ചത്. വർഷങ്ങൾക്ക് മുമ്പത്തെ ഊർജസ്വലനായ ഉമ്മൻ ചാണ്ടി മുമ്പിൽ വന്ന് നിൽക്കുന്നതായി തോന്നുന്നുവെന്ന് മറിയാമ്മ. 'കുഞ്ഞ് '(ഉമ്മൻചാണ്ടിയുടെ വിളിപ്പേര് ) ജീവിച്ചിരിക്കെ ഈ പ്രതിമ കാണാൻ തനിക്കായില്ലല്ലോ. ഒരു വർഷമായി ഹൃദയത്തിൽ ജീവിക്കുന്ന ഉമ്മൻചാണ്ടി ജീവനോടെ അരികിലെത്തിയ അനുഭവമെന്നും അവർ കണ്ണീരോടെ പറഞ്ഞു.

പതിനാല് വർഷം മുൻപാണ് ശിൽപ്പി സുനിൽ കണ്ടല്ലൂർ പ്രതിമ നിർമിക്കാനുള്ള താത്പര്യം ഉമ്മൻചാണ്ടിയെ അറിയിച്ചത്. തിരുവനന്തപുരത്തെ ജഗതിയിലെ വീട്ടിലെത്തി അദ്ദേഹത്തിന്റെ അളവുകൾ എടുത്തു. അന്ന് നിർമിച്ച മോഡൽ മുംബൈയിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കയായിരുന്നു. പ്രായവ്യത്യാസമനുസരിച്ച് പുതിയ മോഡലാണ് തിരുവനന്തപുരത്തെ മ്യൂസിയത്തിനായി നിർമിച്ചിരിക്കുന്നത്. ആറു മാസം കൊണ്ടാണ് പ്രതിമ പൂർത്തിയാക്കിയത്. പ്രതിമയെ അണിയിക്കാൻ ഉമ്മൻ ചാണ്ടി ധരിച്ചിരുന്ന മുണ്ടും ഷർട്ടും ഇന്നലെ മ്യൂസിയം അധികൃതർ ജഗതിയിലെ വീട്ടിലെത്തി സ്വീകരിച്ചു.

ചാണ്ടി ഉമ്മൻ അധ്യക്ഷനായ ചടങ്ങിൽ മറിയാമ്മ ഉമ്മൻ പ്രതിമ അനാവരണം ചെയ്തു. മകൾ മറിയ ഉമ്മൻ, പേരക്കുട്ടി എഫിനോ , തിരുവിതാംകൂർ രാജകുടുംബാംഗം ആദിത്യവർമ്മ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ എം.ആർ തമ്പാൻ എന്നിവർ പങ്കെടുത്തു.

### ഉമ്മൻചാണ്ടിയില്ലാത്ത ഒരു വർഷം

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ ഒന്നാം ചരമ വാർഷിക ദിനത്തിൽ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പി.കെ കുഞ്ഞാലിക്കുട്ടി, കെ.സി വേണുഗോപാൽ, വി.ഡി സതീശൻ, രമേശ് ചെന്നിത്തല എന്നിവർ അനുസ്മരിക്കുന്നു

പേജ് 4,6,7

## പുതുപ്പള്ളിയിലും കോട്ടയത്തും ഇന്ന് ഉമ്മൻചാണ്ടി അനുസ്മരണം

കോട്ടയം: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമ വാർഷിക ദിനം ഇന്ന് വിപുലമായ പരിപാടികളോടെ ആചരിക്കും. പുതുപ്പള്ളി പള്ളിയിലെ ചടങ്ങുകൾക്ക് ശേഷം അനുസ്മരണ സമ്മേളനം, ദീപശിഖാപ്രയാണം, വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് വിതരണം, ഫുട്ബോൾ ടർഫ് ഉദ്ഘാടനം തുടങ്ങിയവ നടക്കും. ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലാണ് പരിപാടികൾ. രാവിലെ പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ വിശുദ്ധ കുർബാന, കല്ലറയിലും വീട്ടിലും പ്രാർത്ഥന എന്നിവക്കു ശേഷം പുതുപ്പള്ളി പള്ളി ഓഡിറ്റോറിയത്തിൽ രാവിലെ 10 മണിക്ക് അനുസ്മരണ സമ്മേളനം നടക്കും. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യും. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിക്കും. മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ, പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി, ഡോ.ശശിതരൂർ എം.പി തുടങ്ങിയവർ സംബന്ധിക്കും.

## മഴക്കെടുതി തുടരുന്നു

# മരണം 13

### ഇന്നലെ മാത്രം നാലു മരണം
### 14 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത മഴയെത്തുടർന്നുള്ള കെടുതികളിൽ ഇന്നലെ മരിച്ചത് നാലുപേർ. ഇതോടെ രണ്ടു ദിവസങ്ങളിലായി മഴയിൽ 13 പേർക്കാണ് ജീവൻ നഷ്ടമായത്. തിരുവനന്തപുരത്ത് വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു. ഇടുക്കി മാങ്കുളം താളുംകണ്ടത്ത് യുവാവ് പുഴയിൽ വീണ് മരിച്ചു. ആലപ്പുഴയിൽ മരം വീണ് ചികിത്സയിലായിരുന്നയാൾ മരിച്ചു.

തിരുവനന്തപുരത്ത് ഇന്നലെ രാവിലെയാണ് മര്യനാട് വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചത്. മര്യനാട് അർത്തിയിൽ പുരയിടത്തിൽ അലോഷ്യസ്(45) ആണ് മരിച്ചത്. ഇന്നലെ രാവിലെ ആറിന് അലോഷ്യസ് ഉൾപെടെ നാല് പേരാണ് വള്ളത്തിൽ മത്സ്യബന്ധനത്തിനായി കടലിലേക്ക് പുറപ്പെട്ടത്. എന്നാൽ അൽപ്പദൂരം എത്തിയപ്പോഴേക്കും ശക്തമായ തിരയിൽ വള്ളം മറിയുകയായിരുന്നു. ഒപ്പമുണ്ടായിരുന്നവർ നീന്തി രക്ഷപ്പെട്ടു. അവശനായ അലോഷ്യസിനെ മെഡിക്കൽ കോളജിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. രാവിലെ ഏഴുമണിയോടെ മരണം സംഭവിക്കുകയായിരുന്നു.

അടിമാലി മാങ്കുളം താളുംകണ്ടത്ത് പുഴയിൽ വീണ് യുവാവ് മരിച്ചു. സനീഷ് (23) ആണ് മരിച്ചത്. കഴിഞ്ഞ ദിവസം രാത്രി ഒരു മണിയോടെയായിരുന്നു സംഭവം. കനത്ത മഴയിൽ പുഴ കരകവിഞ്ഞ് ഒഴുകുകയായിരുന്നു. പുഴയുടെ അതിര് കാണാതെ കാൽവഴുതി വീണതാണെന്നാണ് പ്രാഥമിക വിവരം. പറമ്പിൽനിന്നു ശബ്ദംകേട്ടതിനെത്തുടർന്ന് എന്താണെന്ന് നോക്കാൻ വീട്ടിൽനിന്നു പുറത്തിറങ്ങിയതായിരുന്നു സനീഷ്. ഏറെ നേരം കഴിഞ്ഞിട്ടും കാണാതായതിനെത്തുടർന്ന് ബന്ധുക്കൾ നടത്തിയ തിരച്ചിലിനിടെയാണ് മൃതദേഹം കണ്ടെത്തിയത്. തലക്ക് പരിക്കേറ്റിരുന്നു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി അടിമാലി താലൂക്ക് ആശുപത്രിയിലേക്കു മാറ്റി.

ആലപ്പുഴ മട്ടാഞ്ചേരിയിൽ ബൈക്കിനുമേൽ മരം വീണ് പരിക്കേറ്റ് ചികിത്സയിലായിരുന്ന ആറാട്ടുവഴി സിയാദ് മൻസിലിൽ ഉനൈസ് (30) മരിച്ചു. വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം. കഴിഞ്ഞ ദിവസമുണ്ടായ ശക്തമായ കാറ്റിൽ മരം വീണ് ഉനൈസിനും ഭാര്യ അനീഷക്കും പരിക്കേറ്റിരുന്നു. ശക്തമായ മഴയിലും കാറ്റിലും ആലപ്പുഴ നഗരത്തിൽ മരങ്ങൾ വീണ് കനത്ത നാശനഷ്ടമാണ് ഉണ്ടായത്. ചൊവ്വാഴ്ച മഴക്കെടുതിയിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി എട്ട് മരണങ്ങൾ ഉണ്ടായിരുന്നു. സംസ്ഥാനത്താകെ 14 ക്യാമ്പുകളിലായി 224 പേരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

### വയനാട് ജില്ലയിൽ സ്കൂൾ അവധി

കൽപ്പറ്റ: മഴക്കെടുതി തുടരുന്ന പശ്ചാത്തലത്തിൽ വയനാട് ജില്ലയിൽ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാകലക്ടർ അവധി പ്രഖ്യാപിച്ചു. നേരത്തെ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമുണ്ടാവില്ല. കോഴിക്കോട് ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

## ബൈജൂസിനെതിരെ പാപ്പർ നടപടി

ബെംഗളൂരു: എഡ്യൂടെക് കമ്പനിയായ ബൈജൂസിനെ പാപ്പർ കമ്പനിയായി പ്രഖ്യാപിക്കാനുള്ള നടപടിതുടങ്ങി. ബെംഗളൂരുവിലെ ദേശീയ കമ്പനി കാര്യ ട്രൈബ്യൂണലാണ് ഇന്ത്യൻ ക്രിക്കറ്റ് ഭരണ സമതിയായ ബി.സി.സി.ഐ നൽകിയ ഹർജിയിൽ പാപ്പർ പ്രഖ്യാപന നടപടികൾ തുടങ്ങാൻ അനുമതി നൽകിയത്. ദേശീയ ടീമിന്റെ സ്പോൺസർഷിപ്പ് വകയിൽ 158 കോടി രൂപ ബൈജൂസ് തരാനുണ്ടെന്ന് കാണിച്ചാണ് ബി.സി.സി.ഐ ഹർജി നൽകിയത്. ബൈജൂസിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും പാപ്പരായി പ്രഖ്യാപിക്കാനുള്ള നടപടികൾക്കുമായി ട്രൈബ്യൂണൽ കോടതി പ്രതിനിധിയെ നിയമിച്ചു.



ബൈജു രവീന്ദ്രൻ

ബൈജൂസിലെ നിക്ഷേപകരോടും ജീവനക്കാരോടും കിട്ടാനുള്ള പണത്തിന്റെ ക്ലെയിമുകൾ സമർപ്പിക്കാൻ ട്രൈബ്യൂണൽ നിർദേശം നൽകി. അതേസമയം ട്രൈബ്യൂണൽ ഉത്തരവിനെ മേൽക്കോടതിയിൽ നേരിടുമെന്ന് ബൈജൂസ് ഉടമ ബൈജു രവീന്ദ്രൻ ജീവനക്കാരോട് പറഞ്ഞു.

### പിടിപ്പുകേടിന്റെ പിണറായി മോഡൽ വീണ്ടും

## ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ യുവതിക്ക് പാമ്പ് കടിയേറ്റു

ചിറ്റൂർ (പാലക്കാട്): ആരോഗ്യ മേഖലയോട് പിണറായി സർക്കാർ കാണിക്കുന്ന ഗുരുതര അനാസ്ഥ വെളിവാക്കി സർക്കാർ ആശുപത്രിയിൽ യുവതിക്ക് പാമ്പുകടിയേറ്റു. ചിറ്റൂർ ഗവ.താലൂക്ക് ആശുപത്രിയിലാണ് സംഭവം.

തിരുവനന്തപുരം മെഡിക്കൽ കോളജിൽ രോഗി രണ്ടു ദിവസം ലിഫ്റ്റിൽ കുടുങ്ങിയതും ഡോക്ടർമാർ അടക്കം ലിഫ്റ്റിൽ കുടുങ്ങിയതും സൃഷ്ടിച്ച നാണക്കേട് തീരും മുമ്പെയാണ് പുതിയ സംഭവം. പുതുനഗരം കരിപ്പോട് അടിച്ചിറ ചട്ടിക്കാടൻപാടം രജനീഷിന്റെ ഭാര്യ ഗായത്രി(27)ക്കാണ് ആശുപത്രിയിൽ പാമ്പുകടിയേറ്റത്. മകളുടെ ചികിത്സക്കാണ് ഗായത്രി ആശുപത്രിയിലെത്തിയത്. പനി ബാധിച്ച എട്ടു മാസം പ്രായമുള്ള മകൾ ശിവഭാരതിയെ ചൊവ്വാഴ്ചയാണ് ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

ഇന്നലെ രാവിലെ കുട്ടിയുടെ മൂത്ര പരിശോധനക്ക് നിർദേശിച്ചു. നിലത്തായ മൂത്രം തുടക്കുവാനായി ചൂലെടുത്തപ്പോഴാണ് പാമ്പിന്റെ കടിയേറ്റത്. കുട്ടികളുടെ വാർഡിലായിരുന്നു സംഭവം. യുവതിയെ പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവം വാർത്തയായതിനു പിന്നാലെ ചിറ്റൂർ താലൂക്ക് ആശുപത്രി അധികൃതരോട് ഡി.എം.ഒ റിപ്പോർട്ട് തേടി. അതേസമയം വാർഡിന് പുറത്ത് നിന്നാണ് പാമ്പ് കടിയേറ്റതെന്നാണ് ആശുപത്രി സൂപ്രണ്ടിന്റെ വാദം. എലിയും, പെരുച്ചാഴിയും മറ്റ് ജീവികളുമായി വൃത്തിഹീനമായ ചുറ്റുപാടാണ് ആശുപത്രിയിലേതെന്ന് നാട്ടുകാർ ആരോപിച്ചു.

അതേസമയം യുവതിക്ക് പാമ്പുകടിയേറ്റിട്ടില്ലെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ ഡോക്ടർ കെ.ജെ റീന വെളിപ്പെടുത്തി. വിശദമായ പരിശോധനയിൽ പാമ്പുകടി ഏറ്റില്ലെന്നു ബോധ്യമായതായും പാമ്പ് കടിയേറ്റ സംശയത്തിൽ യുവതിയെ പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് റഫർ ചെയ്ത നടപടി ഉചിതമായില്ലെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ പറഞ്ഞു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 18 വ്യാഴം
ഗൾഫ് ചന്ദ്രിക

## സഊദിയിൽ കാറപകടത്തിൽ മലയാളി യുവാവ് മരിച്ചു


മുഹമ്മദ് ഉനൈസ്

ബുറൈദ: സഊദി ഖസീം പ്രവിശ്യയിലെ ദറഇയയിലുണ്ടായ കാറപകടത്തിൽ മലയാളി യുവാവ് മരിച്ചു. മലപ്പുറം വേങ്ങര വലിയോറ സ്വദേശി ചെനക്കൽ മുഹമ്മദ് ഉനൈസ് (27) ആണ് മരിച്ചത്. ഫുഡ് ഡെലിവറി ചെയ്യുന്നതിന് റോഡ് മുറിച്ചു കടക്കുമ്പോൾ വാഹനം ഇടിക്കുകയായിരുന്നു. മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ കെഎംസിസി യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പിതാവ്: കല്ലൻ ഹുസൈൻ. മാതാവ്: ഖദീജ. ഭാര്യ:ജസീല. മക്കൾ: ലസിൻ, ഖദീജത്തുൽ ലുജൈൻ. സഹോദരങ്ങൾ: ഹാഫിസ് ത്വയ്യിബ് മുഈനി, നസ്‌ൽ, ജന്നത്ത്.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.75 ₹
1 ഒമാനി റിയാൽ 217.06 ₹
1 സൗദി റിയാൽ 22.28 ₹
1 ഖത്തർ റിയാൽ 22.91 ₹
1 കുവൈത്ത് ദിനാർ 273.48 ₹
1 ബഹ്റൈൻ ദിനാർ 221.70 ₹



### സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 299.25
22 കാരറ്റ് 277.00
21 കാരറ്റ് 268.25
18 കാരറ്റ് 229.75

ഗൾഫ് വാർത്തകൾ

# യുഎഇ – ഇന്തോനേഷ്യ നാലര പതിറ്റാണ്ടിന്റെ ബന്ധം അനുസ്മരിച്ച് രാഷ്ട്രനേതാക്കൾ

അബുദാബി: യുഎഇയും ഇന്തോനേഷ്യയും തമ്മിലുള്ള് 47 വർഷത്തെ ഊഷ്മളമായ ബന്ധത്തെ അനുസ്മരിച്ച് നേതാക്കൾ. യുഎഇയും ഇന്തോനേഷ്യയും തമ്മിലുള്ള സഹകരണത്തിന്റെയും സൗഹൃദത്തിന്റെയും പതിറ്റാണ്ടുകൾ നീണ്ട യാത്രയെ അടയാളപ്പെടുത്തുന്ന ഒരു സുപ്രധാന നാഴികക്കല്ലാണ് ഇന്തോനേഷ്യൻ രാഷ്ട്രപതി ജോക്കോ വിഡോഡോയുടെ ദ്വദിന യുഎഇ സന്ദർശനം. ഈ സന്ദർശനം ആണവോർജ്ജ, നിക്ഷേപ, സാമ്പത്തിക മേഖലകളിലെ ഇരു രാജ്യങ്ങളുടെയും പങ്കാളിത്തം ശക്തിപ്പെടുത്തും. യുഎഇയുടെ സ്ഥാപക പിതാവ് ശൈഖ് സായിദ് ബിൻ സുൽത്താൻ അൽ നഹ്യാന്റെ 1990ലെ ഇന്തോനേഷ്യൻ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിലെ നിർണായക നിമിഷമായിരുന്നു. കഴിഞ്ഞ 47 വർഷമായി ഊർജം, പുനരുപയോഗ ഊർജം, വിനോദസഞ്ചാരം, വ്യോമയാനം, കൃഷി, ഭക്ഷ്യസുരക്ഷ, അടിസ്ഥാന സൗകര്യം, ഗതാഗതം, ആരോഗ്യം, കൃത്രിമബുദ്ധി, വിദ്യാഭ്യാസം, സംസ്കാരം തുടങ്ങി വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും സഹകരണവും ഏകോപനവും വർധിപ്പിച്ചിട്ടുണ്ട്. 2022ൽ ഇന്തോനേഷ്യയുടെ കീഴിലുള്ള ജി20 പങ്കാളിത്തവും 2023ൽ ഇന്ത്യയുടെ പങ്കാളിത്തവും ജി20 സംരംഭത്തിന് കീഴിലുള്ള പാൻഡെമിക് ഫണ്ടിനെ പിന്തുണയ്ക്കുന്നതിനുള്ള സഹകരണവും ഉൾപ്പെടെ ബഹുരാഷ്ട്ര സംഘടനകളിലെ എമിറാത്തി ഇന്തോനേഷ്യൻ ബന്ധത്തിന്റെ വളർച്ചയെ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ശൈഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാൻ പ്രശംസിച്ചു. ഒരു മേഖലാ ഡയലോഗ് പാർട്ണറായി യുഎഇ ആസിയാൻ ചേരുന്നതിനുള്ള ഇന്തോനേഷ്യയുടെ പിന്തുണയെയും അദ്ദേഹം പ്രശംസിച്ചു. കഴിഞ്ഞ ദശകത്തിൽ യുഎഇഇന്തോനേഷ്യ ഉഭയകക്ഷി വ്യാപാരം ഗണ്യമായി വളർന്നു. 2014 മുതൽ 2023 വരെ എണ്ണ ഇതര വ്യാപാരത്തിൽ 100 ബില്യൺ ദിർഹത്തിലെത്തി എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിന്റെ അംഗീകാരം സാമ്പത്തിക ബന്ധങ്ങളും ഉഭയകക്ഷി വ്യാപാരവും ഗണ്യമായി ഉയർത്തി, 2022 മുതൽ വ്യാപാര മൂല്യത്തിൽ 7.2% വർദ്ധനവ് രേഖപ്പെടുത്തി.

അഞ്ചു വർഷത്തിനുള്ളിൽ ഇരു രാജ്യങ്ങൾക്കുമിടയിലെ എണ്ണ ഇതര വ്യാപാരം 10 ബില്യൺ ഡോളറിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ 2022ലാണ് യുഎഇയും ഇന്തോനേഷ്യയും സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ ഒപ്പുവച്ചത്. സാമ്പത്തിക മന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, ആഭരണങ്ങളും വിലയേറിയ ലോഹങ്ങളുമാണ് വ്യാപാര പട്ടികയിൽ ഒന്നാമത്, കാറുകൾ, സ്വർണ്ണം, പാമോയിൽ, ഡെറിവേറ്റീവുകൾ, മൊബൈൽ ഫോണുകൾ എന്നിവയാണ് തൊട്ടുപിന്നിൽ.


യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനൊപ്പം ഗാർഡ് ഓഫ് ഓണർ പരിശോധിക്കുന്ന ഇന്തോനേഷ്യൻ പ്രസിഡന്റ് ജോക്കോ വിഡോഡോ


യുഎഇ-ഇന്തോനേഷ്യൻ ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ഇന്തോനേഷ്യൻ പ്രസിഡന്റിന്റെ ശ്രമങ്ങൾക്ക് ജോക്കോ വിഡോഡോക്ക് ശൈഖ് മുഹമ്മദ് ബിൻ സായിദ് ഓർഡർ ഓഫ് സായിദ് സമ്മാനിക്കുന്നു

## മഴക്കെടുതിയിൽ വീടുകൾ തകർന്നവർക്ക് ഷാർജയിൽ നഷ്ടപരിഹാരം നൽകും




ഷാർജ: ഏപ്രിൽ മാസത്തിൽ പെയ്ത കനത്ത മഴയിൽ ഷാർജയിൽ വീടുകൾ നശിച്ചവർക്കുള്ള നഷ്ടപരിഹാര തുക 50,000 ദിർഹമായി ഉയർത്തും. യുഎഇ സുപ്രീം കൗൺസിൽ അംഗവും ഷാർജ ഭരണാധികാരിയുമായ ശൈഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിയാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. 618 പേർക്ക് ഇതുവരെ നഷ്ടപരിഹാരത്തുക ലഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തിനായി ആകെ 153,30,000 ദിർഹം നേരത്തെ അനുവദിച്ചിരുന്നു. അത് ഗുണഭോക്താക്കൾക്ക് ഉടനടി വിതരണം ചെയ്യണമെന്ന് ശൈഖ് ഡോ.സുൽത്താൻ ഷാർജ സോഷ്യൽ സർവീസസ് വകുപ്പിന് നിർദ്ദേശം നൽകി. ഏപ്രിലിൽ ഭരണാധികാരിയുടെ നിർദ്ദേശപ്രകാരം ഷാർജ എക്സിക്യൂട്ടീവ് കൗൺസിൽ പ്രളയത്തിന് സമാനമായി ഭാവി സാഹചര്യങ്ങൾ നേരിടുന്നതിനായി പദ്ധതികൾ തയാറാക്കുന്നതിന്റെ ഭാഗമായി സുരക്ഷാ നടപടികൾ വർദ്ധിപ്പിച്ചിരുന്നു. മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന വീട്ടുകാർക്ക് സഹായം ലഭിക്കുമെന്നും ഷാർജ ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി അപേക്ഷിക്കാമെന്നും അറിയിച്ചു. പ്ലാറ്റ്ഫോം വഴി നാശനഷ്ടങ്ങൾ തെളിയിക്കുന്ന ഒരു റിപോർട്ട് നൽകണം. ഇത് വ്യക്തികൾക്ക് സഹായം ലഭ്യമാക്കാൻ പ്രാപ്തരാക്കുമെന്നും അറിയിച്ചു. 75 വർഷത്തിനിടയിലെ ഏറ്റവും ശക്തമായ മഴയ്ക്ക് യുഎഇ സാക്ഷ്യം വഹിച്ചതിന് ശേഷം വാണിജ്യ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കലും നിയമലംഘനവുമായി ബന്ധപ്പെട്ട ഫീസ് അടയ്ക്കലും കൗൺസിൽ ഒരു മാസത്തേക്ക് മാറ്റിവച്ചിരുന്നു.

## അഡിഹെക്സ് ടിക്കറ്റുകൾ ഓൺലൈനിൽ ലഭിക്കും

അബുദാബി: അബുദാബി ഇന്റർനാഷണൽ ഹണ്ടിംഗ് ആൻഡ് ഇക്വസ്ട്രിയൻ എക്സിബിഷൻ (അഡിഹെക്സ്) 2024ന്റെ ടിക്കറ്റുകൾ ഇപ്പോൾ ഓൺലൈനിൽ ലഭ്യമാണെന്ന് അഡ്നെക് ഗ്രൂപ്പ് അറിയിച്ചു. എമിറേറ്റ്സ് ഫാൽക്കണേഴ്സ് ക്ലബ്ബുമായി സഹകരിച്ച് ക്യാപിറ്റൽ ഇവന്റ്സ് സംഘടിപ്പിക്കുന്ന പരിപാടി 4 ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ അബുദാബിയിലെ അഡ്നെക് സെന്ററിൽ നടക്കും. പരിപാടിയിൽ തത്സമയ പ്രകടനങ്ങൾ, മത്സരങ്ങൾ, പൈതൃക, കായിക പ്രദർശനങ്ങൾ എന്നിവ ഉണ്ടായിരിക്കും. സന്ദർശകർക്ക് ക്യൂറേറ്റ് ചെയ്ത പ്രദർശനങ്ങൾ, ഗൈഡഡ് ടൂറുകൾ, ഇഷ്ടാനുസൃതമായ സഫാരി അനുഭവങ്ങൾ എന്നിവ ആസ്വദിക്കാനുള്ള അവസരവും ഒരുക്കുമെന്ന് അധികൃതർ അറിയിച്ചു. സംഗീതം, പൈതൃക കുതിരസവാരി പ്രദർശനങ്ങൾ, കുതിര പരിശീലന ശിൽപശാലകൾ, അറേബ്യൻ ഒട്ടക ലേലങ്ങൾ, കുതിരസവാരി അമ്പെയ്ത്ത് പ്രദർശനങ്ങൾ, ഔട്ട്ഡോർ സാഹസിക വൈദഗ്ധ്യത്തെക്കുറിച്ചുള്ള ശിൽപശാലകൾ എന്നിവ തത്സമയ പ്രകടനങ്ങളിൽ അവതരിപ്പിക്കും. ടിക്കറ്റുകൾ ലഭിക്കാൻ ഈ ലിങ്ക് സന്ദർശിക്കാവുന്നതാണ് https://www.ticketmaster.ae/feature/adihex/

## സൂര്യാഘാതം: ജാഗ്രത്രാ മുന്നറിയിപ്പുമായി കുവൈത്ത് ആരോഗ്യ മന്ത്രാലയം

റഷീദ് പയന്തോങ്ങ്
കുവൈത്ത് സിറ്റി



കടുത്ത ചൂടിൽ ശരീരത്തിലേൽക്കുന്ന സൂര്യ പ്രകാശത്തിന്റെ തീവ്രത സംബന്ധിച്ച ബാധവത്ക്കരണവുമായി കുവൈത്ത് ആരോഗ്യ വകുപ്പ്. കഠിനമായ ചൂട് നേരിട്ട് അനുഭവിക്കുന്നത് സൂര്യാതപം,ക്ഷീണം,സ്ട്രോക്ക്,പേശീ തകരാർ എന്നിവയ്ക്ക് ഏറെ സാധ്യതയുണ്ടെന്ന് ആരോഗ്യ മന്ത്രാലയം മുന്നറിയിപ്പ് നൽകി. ചൂടിന്റെ കാഠിന്യം അതിന്റെ തീവ്രത രേഖപ്പെടുത്തുന്ന രാവിലെ 10 മണി മുതൽ വൈകീട്ട് 4 മണി വരെ സൂര്യപ്രകാശം നേരിട്ട് ഏൽക്കുന്നതിൽ നിന്ന് വിട്ട് നിൽക്കുകയും പ്രതിരോധ നടപടികൾ സ്വീകരിക്കുകയും വേണം. ജൂലൈ ആദ്യ പത്ത് ദിവസങ്ങളിൽ 33 പേരാണ് ഉയർന്ന താപ നില മൂലം അസുഖ ബാധിതരായതിനെ തുടർന്ന് ചികിത്സ തേടിയത്. കടൽത്തീരത്ത് പോകുന്നവർ,വാട്ടർ സ്പോർട്സ് പ്രേമികൾ,പുറം ജോലിയിൽ ഏർപ്പെടുന്നവർ സൂര്യാഘാതത്തെ കുറിച്ച് ബോധവാന്മാരായിരിക്കണം. പ്രായമായവരിൽ അപകട സാധ്യത കൂടുതലാണ്.അവരുടെ ശരീരത്തിലെ ജലാംശത്തിന്റെ അളവ്,തണുപ്പിന്റെ സാനിധ്യം എന്നിവ കുടുംബത്തിലെ മറ്റു അംഗങ്ങൾ ഉറപ്പാക്കണം. തലകറക്കം,ഓക്കാനം,തലവേദന,അമിതമായ വിയർപ്പ്,ബലഹീനത തുടങ്ങിയ ലക്ഷണങ്ങൾ നിരീക്ഷിക്കുന്നത് നിർണായകമാണ്. രോഗലക്ഷണങ്ങൾ തുടരുകയാണെങ്കിൽ ഉടൻ വൈദ്യ സഹായം തേടണം. ഈ മാർഗനിർദേശങ്ങൾ പാലിക്കുന്നത് കടുത്ത ചൂടുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളെ തടയാൻ സഹായിക്കുമെന്ന് ആരോഗ്യ മന്ത്രാലയം വക്താവ് ഡോ .അബ്ദുല്ല അൽ സനദ് വ്യക്തമാക്കി.

## ഷാർജയിൽ രോഗിയുടെ വയറ്റിൽ നിന്നും 16 കിലോ തൂക്കമുള്ള ട്യൂമർ പുറത്തെടുത്തു

ഷാർജ: അഞ്ച് മണിക്കൂർ നീണ്ട ശസ്ത്രക്രിയക്കൊടുവിൽ 16 കിലോഗ്രാം തൂക്കമുള്ള ട്യൂമർ പുറത്തെടുത്തു. ഷാർജയിലെ ഒരു സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരാണ് രോഗിയുടെ വയറിൽ നിന്ന് വലിയ മുഴ പുറത്തെടുത്തത്. നാല് നവജാത ശിശുക്കളുടെ ഭാരത്തിന് തുല്യമായ റിട്രോ പെരിറ്റോണിയൽ ട്യൂമർ ഷാർജയിലെ ബുർജീൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ശസ്ത്രക്രിയാ സംഘമാണ് വിജയകരമായി ഓപ്പറേഷനിലൂടെ പുറത്തെടുത്തത്. 63കാരനായ രോഗിയുടെ ശരീരത്തിൽ നിന്നാണ് ട്യൂമർ വേർതിരിച്ചത്. എട്ട് വർഷത്തോളമായി ഉണ്ടായ വയറുവേദനയേത്തുടർന്ന് മുമ്പ് അദ്ദേഹം ചികിത്സ തേടിയിരുന്നു. എന്നാൽ രോഗനിർണയം നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും ഭയം കാരണം വിദഗ്ധ ചികിത്സയ്ക്ക് അദ്ദേഹം തയ്യാറായിരുന്നില്ല. എന്നാൽ പതിയെ വയറ് വികസിക്കാൻ തുടങ്ങിയതോടെ രോഗത്തിന്റെ ഗൗരവം മനസിലാക്കി ചികിത്സിക്കാൻ തയ്യാറാകുകയായിരുന്നു. ട്യൂമറിന്റെ വലുപ്പവും അനുബന്ധ ലക്ഷണങ്ങളും കണക്കിലെടുത്ത് ഓങ്കോളജിസ്റ്റുകൾ, സർജന്മാർ, റേഡിയോളജിസ്റ്റുകൾ, ന്യൂക്ലിയർ മെഡിസിൻ സ്പെഷ്യലിസ്റ്റുകൾ എന്നിവരുൾപ്പെടെയുള്ള ഒരു മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് ശസ്ത്രക്രിയ നടത്താൻ തന്നെയാണ് നിർദേശിച്ചത്. തുടർന്ന് നടത്തിയ സർജറിയിൽ 50X50X 40 സെന്റീമീറ്റർ വലിപ്പമുള്ള ഒരു വലിയ മുഴ വയറിൽ നിന്ന് പുറത്തെടുക്കുകയായിരുന്നു. രോഗി സുരക്ഷിതനാണെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.


ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയ മെഡിക്കൽ സംഘം

## തൃശൂർ സി.എച്ച് സെന്റർ മെമ്പർഷിപ്പ് കാമ്പയിന് ഷാർജയിൽ തുടക്കം

ഷാർജ: തൃശൂർ ഗവ.മെഡിക്കൽ കോളജ് കേന്ദ്രികരിച്ച് പ്രവർത്തിക്കുന്ന സി.എച്ച് സെന്ററിന്റെ മെമ്പർഷിപ്പ് കാമ്പയിന് ഷാർജയിൽ തുടക്കം. റോളയിലെ മുബാറക് സെന്ററിൽ നടന്ന ചടങ്ങ് മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ് ഉദ്ഘാടനം ചെയ്തു. ഷാർജ കെഎംസിസി തൃശൂർ ജില്ലാ പ്രസിഡന്റ് അബ്ദുൽഖാദർ ചക്കനത്ത് അധ്യക്ഷനായി. തൃശൂർ ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് സി.എ മുഹമ്മദ് റഷീദ് വിവിധ ആളുകൾക്ക് അംഗത്വം കൊടുക്കുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. സി.എച്ച് സെന്റർ ഷാർജ ചാപ്റ്റർ ചെയർമാൻ അഹ്മദ് സുലൈമാൻ ഹാജി അമുഖ പ്രഭാഷണം നടത്തി. ഷാർജ കെഎംസിസി സംസ്ഥാന ആക്ടിങ് പ്രസിഡന്റ് കബീർ ചന്നങ്കര, വൈസ് പ്രസിഡന്റ് അബ്ദുല്ല ചെലേരി, ജില്ലാ ട്രഷറർ മുഹ്സിൻ മുഹമ്മദ്, മണ്ഡലം പ്രസിഡന്റുമാരായ ആർ. ഒ ഇസ്മായിൽ (ഗുരുവായൂർ), നിസാം വാടാനപ്പിള്ളി (മണലൂർ), ഖാദർമോൻ (നാട്ടിക),ഷാജി നൂൽപാടത്ത് (കൈപ്പമംഗലം), നുഫൈൽ പുത്തൻചിറ (കൊടുങ്ങല്ലൂർ),ഷിന്റോ തോമസ് (ഇൻകാസ്), പി പി രാജു (നെക്സആസ്) പ്രസംഗിച്ചു. കബീർ ടെൽകോൺ, നിസാർ വയനാട്, മുനീർ (ടേസ്റ്റി വില്ല) പങ്കെടുത്തു. ജില്ലാ ഭാരവാഹികളായ ഇഖ്ബാൽ കടപ്പുറം,അബ്ദുൽ വഹാബ്,എം.എ ഹനീജ്,അബ്ദുൽ ഹമീദ്,നാസർ, കെ.എ ശംസുദ്ദീൻ, ഫവാസ് ചാമക്കാല,മണ്ഡലം ഭാരവാഹികളായ നാസിറുദ്ദീൻ ചാവക്കാട്, ഉസ്മാൻ വെട്ടുകാട്, ഇഖ്ബാൽ മുറ്റിച്ചൂർ,ശിഹാബ് പണിക്കവീട്ടിൽ,പി.എസ് ഷമീർ,വനിതാ വിങ് നേതാക്കളായ ഷീജ അബ്ദുൽഖാദർ,ഷജീല അബ്ദുൽ വഹാബ്, ഹസീന റഫീഖ്, നിഷ ശിഹാബ്,സാലിഹ നസ്റുദ്ദീൻ, സബീന ഹനീജ് നേതൃത്വം നൽകി. ഷാർജ കെഎംസിസി തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി പി.ടി നസറുദ്ദീൻ സ്വാഗതവും, ഷാർജ ചാപ്റ്റർ സി.എച് സെന്റർ ജനറൽ കൺവീനർ കെ.എസ് ഷാനവാസ് നന്ദിയും പറഞ്ഞു. മുഹമ്മദ് ഇസ്മായിൽ വാഫി ഖിറാഅത്ത് നടത്തി.



തൃശൂർ ഗവ.മെഡിക്കൽ കോളജ് കേന്ദ്രികരിച്ച് പ്രവർത്തിക്കുന്ന സി.എച്ച് സെന്ററിന്റെ ഷാർജയിലെ മെമ്പർഷിപ്പ് കാമ്പയിൻ റോള മുബാറക് സെന്ററിൽ മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ് ഉദ്ഘാടനം ചെയ്യുന്നു

## സി.എച്ച് അസ്‌ലമിനെ ഓർത്തെടുത്ത് സ്മരണാ സംഗമം

അബുദാബി: കെഎംസിസി സംസ്ഥാന ട്രഷററായിരുന്ന സി.എച്ച് അസ്‌ലമിനെ അനുസ്മരിച്ച് അബുദാബി കാസർകോട് ജില്ലാ കെഎംസിസി, കാഞ്ഞങ്ങാട് മണ്ഡലം ഭാരവാഹികൾ ഒത്തുചേർന്നു. പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ചെയർമാനായി പുറത്തിറക്കുന്ന സ്മരണിക സംബന്ധിച്ച ചർച്ചകൾക്ക് വേണ്ടിയായിരുന്നു സംഗമം. എഴുത്തുകാരനും മുസ്‌ലിം യൂത്ത്ലീഗ് സംസ്ഥാന പ്രവർത്തക സമിതി അംഗവുമായ ഷെരീഫ് സാഗർ സംസാരിച്ചു. സേഫ് ലൈൻ എം. ഡി ഡോ.അബൂബക്കർ കുറ്റിക്കോൽ മുഖ്യാതിഥിയായി. ജില്ലാ പ്രസിഡന്റ് അബ്ദുറഹ്മാൻ ഹാജി ചേക്കു അധ്യക്ഷനായി. ജനറൽ സെക്രട്ടറി പി.കെ അഷ്റഫ് സ്വാഗതം പറഞ്ഞു. പി.കെ അഹമ്മദ്,അനീസ് മാങ്ങാട്,റാഷിദ് എടത്തോട്,അസീസ് ആറാട്ട്കടവ്,ഫാറൂഖ് കൊളവയൽ,ആസിഫ് ബല്ലകടപ്പുറം,ഇല്യാസ് ബല്ല പ്രസംഗിച്ചു. കാഞ്ഞങ്ങാട് മണ്ഡലം ജനറൽ സെക്രട്ടറി മിദ്‌ലാജ് കുശാൽനഗർ നന്ദി പറഞ്ഞു.


കെഎംസിസി സംഘടിപ്പിച്ച സി.എച്ച് അസ്‌ലം സ്മരണാ സംഗമത്തിൽ നിന്ന്

## റാസൽഖൈമയിൽ ആദ്യ അന്താരാഷ്ട്ര നിർമാണ യൂണിറ്റുമായി ബിർളയുടെ എക്സ്പ്രോ ഇന്ത്യ ലിമിറ്റഡ്

റാസൽഖൈമ: ബിർള കമ്പനിയുടെ കപ്പാസിറ്ററുകൾക്കായുള്ള ഡൈഇലക്ട്രിക് ഫിലിമുകളുടെ നിർമ്മാതാക്കളായ എക്സ്പ്രോ ഇന്ത്യ ലിമിറ്റഡ് അതിന്റെ ആദ്യത്തെ ആഗോള നിർമ്മാണ യൂണിറ്റ് റാസൽഖൈമയിൽ സ്ഥാപിക്കുന്നു. 100 മില്യൺ ദിർഹം ചെലവ് പ്രതീക്ഷിക്കുന്ന ഗ്രീൻഫീൽഡ് പ്രോജക്റ്റ് അടുത്ത വർഷം രണ്ടാം പാദത്തിൽ പ്രവർത്തനം ആരംഭിക്കും. പ്രതിവർഷം 4,500 ടൺ ഡൈഇലക്ട്രിക് ഫിലിമുകൾ നിർമ്മിക്കുന്ന ഈ സൗകര്യം എക്സ്പ്രോയുടെ മൊത്തം ശേഷിയുടെ 33% വരും. 80 ഓളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ആഗോള സാന്നിധ്യം വിപുലീകരിക്കാനുള്ള കമ്പനി പദ്ധതിയുടെ ഭാഗമാണ് പുതിയ സംരംഭം. നിലവിലുള്ള കമ്പനികളിൽ നിന്നുള്ള ഫീഡ്ബാക്കും പ്രഥമിക വിലയിരുത്തലുകളും കണക്കിലെടുത്താണ് കമ്പനി അതിന്റെ നിർമ്മാണ യൂണിറ്റിനായി റാസൽഖൈമ തിരഞ്ഞെടുത്തത്. റാസൽ ഖൈമയുടെയും യുഎഇയുടെയും ശക്തമായ അന്താരാഷ്ട്ര കണക്റ്റിവിറ്റി പ്രദർശിപ്പിക്കുന്ന പുതിയ കമ്പനി യുഎസ്എ, യൂറോപ്പ്, ഫാർ ഈസ്റ്റ് എന്നിവിടങ്ങളിലെ വിപണികളിലേക്ക് ഉത്പന്നങ്ങൾ വിതരണം ചെയ്യും. യുഎഇയുടെ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറും സ്വതന്ത്ര വ്യാപാര കരാറുകളുടെ വിപലീകരണവും കമ്പനി ലക്ഷ്യമിടുന്നു. ഒപ്പം പുതിയ വിപണികളിലേക്ക് പ്രവേശിക്കാനും കമ്പനിയുടെ സാന്നിധ്യം വിപുലീകരിക്കാനും അവസരമൊരുക്കുന്നു. ആഗോള നിർമ്മാതാക്കളെ റാസൽ ഖൈമയിലേക്ക് സ്വാഗതം ചെയ്യുന്നതായി റാസൽഖൈമ സാമ്പത്തിക മേഖല ഗ്രൂപ്പ് സിഇഒ റാമി ജലാദ് പറഞ്ഞു.


ബിർള എക്സ്പ്രോ ഇന്ത്യ ലിമിറ്റഡ് ആഗോള നിർമാണ യൂണിറ്റിന്റെ രൂപരേഖ

## കടലപകടത്തിൽ നിന്നും രക്ഷപ്പെടുത്തി

കൊച്ചി: പ്രതികൂല കാലാവസ്ഥയിൽ കടലിൽ അപകടത്തിലായ പൊന്നാനിയിൽ നിന്നും മത്സ്യബന്ധനത്തിനായി പുറപ്പെട്ട ആഷ്നി എന്ന മത്സ്യബന്ധന ബോട്ടിനേയും അതിലെ 11 തൊഴിലാളികളെയും കോസ്റ്റ്ഗാർഡ് രക്ഷപ്പെടുത്തി. കൊച്ചിയിൽ നിന്നും 80 നോട്ടിക്കൽ മൈൽ അകലെ വെച്ചാണ് ബോട്ട് അപകടത്തിലായത്. കോസ്റ്റ് ഗാർഡിന്റെ കൊച്ചിയിലെ ആസ്ഥാനത്ത് ലഭിച്ച സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ് ഗാർഡിന്റെ ഡോണിയർ വിമാനം നടത്തിയ തെരച്ചിലിലാണ് അപകടത്തിലായ ബോട്ട് കണ്ടെത്തിയത്. ശക്തമായ കാറ്റിലും കോളിലും ബോട്ടിൽ വെള്ളം കയറുകയും പ്രൊപ്പല്ലർ തകരാറിലാകുകയും ചെയ്തതോടെ തൊഴിലാളികൾ അപകട സന്ദേശം അയക്കുകയായിരുന്നു.

## ആരോപണം തള്ളി ഇറാൻ

തെഹ്റാൻ: മുൻ യു.എസ് പ്രസിഡന്റും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയുമായ ഡൊണാൾഡ് ട്രംപിനെ കൊലപ്പെടുത്താൻ തങ്ങൾ പദ്ധതി തയാറാക്കിയിട്ടുണ്ടെന്ന റിപ്പോർട്ട് തള്ളി ഇറാൻ. അമേരിക്കൻ മാധ്യമ വാർത്തകൾ ദുരുദ്ദേശ്യപരമാണെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് നാസർ കനആനി പറഞ്ഞു. എന്നാൽ 2020ൽ ഇറാന്റെ മുതിർന്ന സൈനിക ഉദ്യോഗസ്ഥനെ കൊലപ്പെടുത്താൻ ഉത്തരവിട്ടതിന് ട്രംപിനെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കാൻ ഇറാൻ പദ്ധതിയുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ട്രംപിന്റെ ജീവന് ഇറാനിൽനിന്ന് ഭീഷണിയുണ്ടെന്ന് മനസ്സിലാക്കിയാണ് അദ്ദേഹത്തിന് സീക്രട്ട് സർവീസ് സുരക്ഷ ഏർപ്പെടുത്താൻ തീരുമാനിച്ചതെന്ന് പേര് വെളിപ്പെടുത്താത്ത യു.എസ് ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് സി.എൻ.എൻ റിപ്പോർട്ട് ചെയ്തിരുന്നു.

# വിദേശ വാർത്തകൾ

### 24 മണിക്കൂറിനിടെ 81 മരണം

# അറുതിയില്ലാത്ത ക്രൂരത

ഗസ്സ: ഒൻപത് മാസത്തിലേറെയായി ഗസ്സയിൽ ഇസ്രാഈൽ തുടരുന്ന കൂട്ടക്കുരുതിയിൽ മരണനിരക്ക് 38,794 ആയി ഉയർന്നു. 89,364 പേർക്ക് പരിക്കേറ്റു. 24 മണിക്കൂറിനിടെ 81 ഫലസ്തീനികളാണ് കൊല്ലപ്പെട്ടത്. ഇന്നലെ പകൽ സമയത്ത് മാത്രം 27 പേർ കൊല്ലപ്പെട്ടു. അൽ റാലയിൽ കെയ്റോ സ്കൂളിനു സമീപമുണ്ടായ ബോംബാക്രമണത്തിൽ മൂന്നു കുട്ടികളടക്കം ഒമ്പതുപേർ കൊല്ലപ്പെട്ടു.

റഫയിലെ അൽ ഷകൗഷയിൽ രണ്ടുപേരെയും നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ എട്ടു പേരെയും ഇസ്രാഈൽ കൊലപ്പെടുത്തി. നുസൈറത്തിൽ ഒരു പള്ളിക്കു നേരെയുണ്ടായ ആക്രമണത്തിൽ രണ്ടുപേർക്ക് ജീവൻ നഷ്ടമായി. സെൻട്രൽ ഗസ്സയിൽ ഒരു വയോധികൻ ഇസ്രാഈലി ബോംബിങ്ങിൽ കൊല്ലപ്പെട്ടു.

ഖാൻ യൂനിസിലെ അബ്ബസാൻ അൽ കാബിറിയിൽ ഒരു വീടിനുനേരെ ഇസ്രാഈൽ സേന നടത്തിയ വ്യോമാക്രമണത്തിൽ ഒരു സ്ത്രീയും മൂന്ന് മക്കളുമടക്കം നാലുപേർ കൊല്ലപ്പെട്ടു. പത്ത് പേർക്ക് പരിക്കേറ്റു.

ഗസ്സയിൽനിന്ന് ഫലസ്തീനികളെ തുടച്ചുനീക്കുകയെന്ന ലക്ഷ്യത്തോടെ നടക്കുന്ന കൂട്ടക്കുരുതിക്കെതിരെ ലോകമെങ്ങും പ്രതിഷേധമുയരുമ്പോഴും ഇസ്രാഈൽ ആക്രമണം കൂടുതൽ ശക്തിപ്പെടുത്തിയിരിക്കുകയാണ്.

ജനവാസ കേന്ദ്രങ്ങൾ ലക്ഷ്യമിട്ടാണ് ഇപ്പോൾ ആക്രമണം നടക്കുന്നത്. കഴിഞ്ഞ 10 ദിവസനത്തിനിടെ എട്ട് യു.എൻ സ്കൂളുകൾ ബോംബിട്ട് തകർത്തു. ഇതിൽ 539 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

അതേസമയം നഫ്ഹ മരുഭൂമിയിലെ ജയിലിൽനിന്ന് 13 ഫലസ്തീനികളെ ഇസ്രാഈൽ വിട്ടയച്ചു. തടവറകൾ നിറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇവരെ വിട്ടയച്ചതെന്ന് സംശയിക്കുന്നു. ആയിരക്കണക്കിന് ഫലസ്തീനികളെയാണ് ഇസ്രാഈൽ ജയിലിലടച്ചിരിക്കുന്നത്.



*ഗസ്സയിലെ ദെയ്റുൽ ബലാഹിൽ ഇസ്രാഈലിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ട കുഞ്ഞിന്റെ മൃതദേഹവുമായി പിതാവ്*

## ബാങ്കോക്ക് ഹോട്ടലിൽ ആറ് വിദേശികൾ മരിച്ച നിലയിൽ

ബാങ്കോക്ക്: തായ്‌ലാൻഡിലെ ആഡംബര ഹോട്ടലിൽ ആറ് വിദേശികൾ ദുരൂഹസാഹചര്യത്തിൽ മരിച്ചു. ഇവരുടെ രക്തത്തിൽ സയനൈഡിന്റെ അംശം കണ്ടെത്തിയിട്ടുണ്ട്. എങ്ങനെയാണ് വിഷാംശം ശരീരത്തിൽ എത്തിയതെന്ന് വ്യക്തമല്ല. ബാങ്കോക്കിലെ ഗ്രാൻഡ് ഹയാത്ത് എർവാൻ ഹോട്ടലിലാണ് സംഭവം. മരണപ്പെട്ടവരിൽ അഞ്ചു പേരുടെ മൃതദേഹങ്ങൾ റൂമിന് അകത്തും ഒരാളുടേത് പുറത്തുമായിരുന്നു. വെടിവെപ്പിലാണ് ഇവർ മരണപ്പെട്ടതെന്ന വാർത്ത പൊലീസ് നിഷേധിച്ചു. മരണപ്പെട്ട ആറുപേരും വിയറ്റ്നാമുകാരാണ്. മൂന്ന് പുരുഷന്മാരും മൂന്ന് സ്ത്രീകളുമാണ് മരിച്ചതെന്ന് പ്രാദേശിക മാധ്യമങ്ങൾ പറയുന്നു. ഇവരിൽ രണ്ടുപേർക്ക് അമേരിക്കൻ പൗരത്വമുണ്ട്. ഹോട്ടൽ ജീവനക്കാരെ ഉൾപ്പെടെ ചോദ്യം ചെയ്ത് പൊലീസ് അന്വേഷണം തുടരുകയാണ്.

## ബന്ദികളുടെ ദുരിതം നെതന്യാഹുവിന് നിസ്സാരം

ടെൽഅവീവ്: ഗസ്സയിൽ ഹമാസിന്റെ കസ്റ്റഡിയിലുള്ള ബന്ദികളുടെ ദുരിതം നിസ്സാരവത്കരിച്ച് നടത്തിയ പരാമർശങ്ങളുടെ പേരിൽ ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെതിരെ കടുത്ത വിമർശനം. ഒക്ടോബർ ഏഴിന് തട്ടിക്കൊണ്ടുപോകപ്പെട്ട ബന്ദികൾ ദുരിതമനുഭവിക്കുകയല്ലാതെ, മരിക്കുന്നൊന്നുമില്ലെന്നും ഇത്രയേറെ വേവലാതിപ്പെടേണ്ട കാര്യമില്ലെന്നും അദ്ദേഹം മന്ത്രിസഭാ യോഗത്തിൽ പറഞ്ഞിരുന്നു. ഇതിനെതിരെ ബന്ദികളുടെ കുടുംബാംഗങ്ങൾ പ്രതിഷേധവുമായി രംഗത്തെത്തി. വിവാദ പരാമർശങ്ങളെക്കുറിച്ച് പ്രധാനമന്ത്രി എത്രയും പെട്ടെന്ന് വിശദീകരണം നൽകണമെന്ന് അവർ ആവശ്യപ്പെട്ടു. അതേസമയം ഇസ്രാഈലിലെ ഹമാസ് ആക്രമണത്തെക്കുറിച്ച് ഔദ്യോഗികതലത്തിൽ അന്വേഷണം വേണമെന്ന ആവശ്യം നെതന്യാഹു തള്ളി. ആദ്യം ഹമാസിനെ തോൽപ്പിക്കാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

### മസാല ബോണ്ട്: ഫണ്ട് വിനിയോഗത്തെക്കുറിച്ച്

# തോമസ് ഐസകിന് അറിയാമായിരുന്നു

കൊച്ചി: മസാല ബോണ്ട് കേസിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ജനറൽ കമ്മിറ്റി വൈസ് ചെയർമാനായും എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനുമായിരുന്ന മുൻ ധനമന്ത്രി ഡോ. തോമസ് ഐസക്കിന് അറിവും അവബോധവുമുണ്ടായിരുന്നുവെന്നു ഇ.ഡി ഹൈക്കോടതിയിൽ ബോധിപ്പിച്ചു. 'മസാല ബോണ്ട്' കേസുമായി ബന്ധപ്പെട്ട് ഇഡി നൽകിയ സമൻസ് ചോദ്യം ചെയ്ത് കിഫ്ബിയും ഐസക്കും സമർപ്പിച്ച ഹർജിയിൽ പരിഗണിക്കവയാണ് ഇ.ഡി വിവരങ്ങൾ ബോധിപ്പിച്ചത്.

ജസ്റ്റിസ് ടി ആർ രവിയാണ് കേസ് പരിഗണിച്ചത്. അഡീഷണൽ സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ (എഎസ്ജിഐ) എ.ആർ.എൽ.സുന്ദരേശൻ ഇഡിക്ക് വേണ്ടി ഹാജരായി. രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഇഡി കോടതിയിൽ ഹാജരാക്കി. കിഫ്ബി ഒരു കോർപ്പറേഷൻ എന്ന നിലയിൽ രേഖകൾ ഇഡിക്ക് സമർപ്പിച്ചിരുന്നതിനാൽ വാക്കാലുള്ള തെളിവുകൾ ആവശ്യമാണോ എന്ന് കോടതി ആരാഞ്ഞു. ആ രേഖകളിൽ നിന്ന് ഇഡി കണ്ടെത്തിയ കണ്ടെത്തലുകൾ സ്ഥിരീകരിക്കാനോ നിരസിക്കാനോ തെളിവുകൾ അനിവാര്യമാണ്. താൻ ഒരു വ്യക്തിഗത പൗരനാണെന്നും കിഫ്ബിയേക്കാൾ വലിയ സംരക്ഷണം ആവശ്യമാണെന്നും ഈ മാസം ആദ്യം ഐസക് കോടതിയിൽ വാദിച്ചിരുന്നു. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് പ്രകാരം തനിക്കെതിരെ പുറപ്പെടുവിച്ച സമൻസ് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നും ഭരണഘടന ഉറപ്പുനൽകുന്ന പ്രശസ്തിയ്ക്കുള്ള അവകാശം പോലുള്ള നിരവധി അവകാശങ്ങളെ ബാധിക്കുമെന്നും അദ്ദേഹം വാദിച്ചു. ഐസക്കിനെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും പുറപ്പെടുവിച്ച സമൻസ് സംബന്ധിച്ച്, കോർപ്പറേഷന്റെ പ്രവർത്തനത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കും ബാധകമാണ്. തീരുമാനമെടുക്കൽ പ്രക്രിയയുടെ ഭാഗമായ വ്യക്തികളിൽ നിന്ന് ഇഡിക്ക് വിവരങ്ങൾ ശേഖരിക്കാമെന്നും വ്യക്തമാക്കി.

എന്തെങ്കിലും നിയമ ലംഘനങ്ങൾ നടന്നിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും തെളിവുകൾ ശേഖരിക്കുന്നതിനുമായാണ് ഇഡി സമൻസ് പുറപ്പെടുവിച്ചതെന്നു ബോധിപ്പിച്ചു. ദുരുദ്ദേശ്യത്തോടെയും മറ്റ് കാരണങ്ങളാലും ആവർത്തിച്ച് സമൻസ് അയച്ചുവെന്ന വാദങ്ങളും ഇഡി നിഷേധിച്ചു. സമൻസ് പുറപ്പെടുവിക്കുന്നതിന്റെ പ്രാഥമിക ഘട്ടത്തിൽ അന്വേഷണം തടസ്സപ്പെടുത്താനാകില്ലെന്ന് ഇഡി കോടതിയിൽ വ്യക്തമാക്കി. കേസ് ജൂലൈ 24ന് വീണ്ടും പരിഗണിക്കും.

## ട്രംപിനെ പ്രശംസിച്ച് മുൻ എതിരാളികൾ

വാഷിങ്ടൺ: വധശ്രമത്തിൽനിന്ന് തലനാരിഴക്ക് രക്ഷപ്പെട്ട മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഉറച്ച പിന്തുണ അറിയിച്ച് റിപ്പബ്ലിക്കൻ പാർട്ടിയിലെ മുൻ എതിരാളികൾ. വിസ്കോൻസിൻ സംസ്ഥാനത്തെ മിൽവോക്കിയിൽ നടക്കുന്ന റിപ്പബ്ലിക്കൻ ദേശീയ കൺവെൻഷനിൽ സംസാരിച്ച മുൻ യു.എൻ അംബാസഡർ നിക്കി ഹാലിയും ഫ്ളോറിഡ ഗവർണർ റോൺ ഡി സാന്റിസും ട്രംപിനെ വിജയിപ്പിക്കാൻ ആവശ്യപ്പെട്ടു.

പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥികളാകാൻ മത്സരരംഗത്തുണ്ടായിരുന്ന ഇരുവരും നേരത്തെ ട്രംപിനെതിരെ കടുത്ത വിമർശനങ്ങളുന്നയിച്ചിരുന്നു. അയോഗ്യനും കഴിവുകെട്ടവനും വിജയ സാധ്യതയില്ലാത്തവനുമെന്നാണ് ഹാലി അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിരുന്നത്. എന്നാൽ ദേശീയ കൺവെൻഷനിൽ സംസാരിച്ചപ്പോൾ ഹാലി ആദ്യം പറഞ്ഞതെല്ലാം മറന്നു. നമ്മുടെ രാജ്യത്തിനുവേണ്ടി ട്രംപിനെ പിന്തുണക്കണമെന്ന് അവർ ആവശ്യപ്പെട്ടു. അമേരിക്കക്കാർ കൈകോർത്ത് പ്രവർത്തിക്കേണ്ട സമയമാണ് ഇതെന്ന് അവർ ഉണർത്തി. റിപ്പബ്ലിക്കൻ പ്രൈമറിയിൽ ഹാലി രണ്ടാം സ്ഥാനത്ത് എത്തിയിരുന്നു.

## ഹൈറിച്ച് കള്ളപ്പണ ഇടപാട്: പ്രതിയെ ഇ.ഡി കസ്റ്റഡിയിൽ വിട്ടു

കൊച്ചി: ഹൈറിച്ച് കള്ളപ്പണ ഇടപാട് കേസിൽ പ്രതി കെ ഡി പ്രതാപനെ ഒരു ദിവസത്തേക്ക് ഇ ഡി യു ടെ കസ്റ്റഡിയിൽ വിട്ടു. കലൂർ പി എം എൽ എ കോടതി പ്രതാപനെ കസ്റ്റഡിയിൽ വിട്ടത്. ബിറ്റ്കോയിൻ ഇടപാടുകളിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് സംശയം ഉണ്ടെന്നും ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ രണ്ടുദിവസത്തേക്ക് പ്രതിയെ കസ്റ്റഡിയിൽ വേണമെന്നുമായിരുന്നു ഇ ഡി ആവശ്യം.

തട്ടിപ്പിലൂടെ ലഭിച്ച പണം എവിടെയൊക്കെയാണ് നിക്ഷേപിച്ചതെന്ന് പ്രതാപൻ വെളിപ്പെടുത്തിയിട്ടില്ലെന്നും ഇ ഡി കോടതിയെ അറിയിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ ചോദ്യം ചെയ്ത പ്രമോട്ടർമാർ അടക്കമുള്ള ആളുകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ കൂടി അടിസ്ഥാനത്തിലാകും പ്രതാപനെ വീണ്ടും ചോദ്യം ചെയ്യുക.

## കനാലുകളിൽ മാലിന്യമെറിയുന്നവർക്കെതിരേ നടപടി വേണമെന്ന് ഹൈക്കോടതി

കൊച്ചി: കനാലുകളിൽ മാലിന്യം എറിയുന്നത് ചിലർക്ക് വിനോദമാണെന്ന് ഹൈക്കോടതി. ഇങ്ങിനെയുള്ളവരെ കണ്ടുപിടിച്ച് നിയമനടപടികൾ സ്വീകരിച്ച് പ്രോസിക്യൂട്ട് ചെയ്യണം. കൊച്ചിയിലെ വൃത്തിയാക്കിയ കനാലുകളിൽ വീണ്ടും മാലിന്യം എത്തുന്നത് തടയാൻ കോർപ്പറേഷന് കഴിയാത്തത് എന്തുകൊണ്ടാണെന്ന് മനസിലാകുന്നില്ലെന്നും കോടതി അഭിപ്രായപ്പെട്ടു. തിരുവനന്തപുരം സംഭവം കണ്ണുതുറപ്പിക്കുന്നതാണെന്നും കോസ് പരിഗണിച്ച ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു.

കൊച്ചിയിലെ മാലിന്യപ്രശ്നം സംബന്ധിച്ച കേസ് പരിഗണിച്ചപ്പോഴായിരുന്നു കോടതിയുടെ പരാമർശങ്ങൾ. കനാലിൽ മാലിന്യം എറിഞ്ഞവർക്കെതിരെ ഇതുവരെ എത്ര കേസുകൾ എടുത്തിട്ടുണ്ട് എന്ന് ഹൈക്കോടതി സർക്കാർ അഭിഭാഷകനോട് ചോദിച്ചു. വൃത്തിയാക്കിയ കനാലുകൾ വീണ്ടും വൃത്തിയാക്കേണ്ടി വരുന്ന സാഹചര്യം അനുവദിക്കാവുന്നതല്ല. ഒരു തവണ വൃത്തിയാക്കിയ കനാൽ സംരക്ഷിക്കാൻ അധികൃതർ നടപടി എടുക്കണം. അല്ലാത്തപക്ഷം ഭരണ സംവിധാനങ്ങളുടെ വീഴ്ചയായേ കാണാനാവൂ. മറൈൻ ഡ്രൈവിലെ മഴവിൽ പാലത്തിന് താഴെ ഇപ്പോൾ പോയി നോക്കിയാലും ടൺകണക്കിന് മാലിന്യം കാണാൻ കഴിയുമെന്നും കോടതി പറഞ്ഞു.

മാലിന്യം തോട്ടിൽ തള്ളുന്നത് ആളുകളെ കൊല്ലുന്നതിന് തുല്യമാണ്. മാലിന്യ നിർമ്മാർജ്ജനത്തിൽ ജനത്തിന്റെ കണ്ണ് തുറപ്പിക്കുന്ന ഇടപെടലുണ്ടാവണമെന്നും ഹൈക്കോടതി ആവശ്യപ്പെട്ടു.

ജോയിയെ തോട്ടിൽ നിന്ന് പുറത്തെത്തിക്കാൻ മാലിന്യം നിറഞ്ഞ സ്വന്തം ജീവൻ നോക്കാതെ തോട്ടിൽ ഇറങ്ങി തിരച്ചിലിൽ ഏർപ്പെട്ട അഗ്നിരക്ഷാ സേനാംഗങ്ങളെ ഹൈക്കോടതി പ്രശംസിച്ചു.

## തദ്ദേശ തെരഞ്ഞെടുപ്പിനൊരുങ്ങി കോൺഗ്രസ്

സുൽത്താൻ ബത്തേരി: തദ്ദേശസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജില്ലകളിലെ പ്രവർത്തനങ്ങളുടെ ചുമതല ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾക്ക് നൽകി രണ്ടുദിവസമായി വയനാട് സുൽത്താൻബത്തേരി സപ്ത റിസോർട്ടിൽ ചേർന്ന കെപിസിസി എക്സിക്യൂട്ടീവ് ക്യാമ്പ് സമാപിച്ചു. ആറ് കോർപ്പറേഷനുകളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എംപിയും പ്രതിപക്ഷ നേതാവ് വിഡി സതീശനും കോൺഗ്രസ് പ്രവർത്തകസമിതി അംഗം രമേശ് ചെന്നിത്തലയും ഉൾപ്പെടെയുള്ള പ്രധാനനേതാക്കൾ ഏറ്റെടുക്കും. ചിട്ടയായ സംഘടനാപ്രവർത്തനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണം പിടിച്ചെടുക്കുക എന്നതാണ് യോഗത്തിന്റെ പൊതു തീരുമാനം. അതിനാവശ്യമായ കർമ്മപദ്ധതികളും പ്രവർത്തന രേഖയും രണ്ടുദിവസമായി നടന്ന ക്യാമ്പ് എക്സിക്യൂട്ടിവിൽ നേതാക്കൾ ചർച്ച ചെയ്തു രൂപം നൽകി.

കണ്ണൂർ നഗരസഭയുടെ ചുമതല കെപിസിസി പ്രസിഡന്റ് കെ സുധാകരൻ എംപിക്കും എറണാകുളം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ,കോഴിക്കോട് കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തലയ്ക്കും തൃശ്ശൂർ എഐസിസി സെക്രട്ടറി റോജി എം ജോണിനും കൊല്ലം മുൻ മന്ത്രി വി.എസ്.ശിവകുമാറിനും തിരുവനന്തപുരം പി.സി.വിഷ്ണുനാഥിനും നൽകി. ഇതിന് പുറമെ ജില്ലകളെ മൂന്ന് മേഖലകളായി വിഭജിച്ച് കെപിസിസി വർക്കിംഗ് പ്രസിഡന്റുമാർക്കും ചുമതല നൽകി. തിരുവനന്തപുരം മേഖലയുടെ ചുമതല കൊടിക്കുന്നിൽ സുരേഷ് എംപിക്കും, എറണാകുളം മേഖലയുടേത് ടി.എൻ.പ്രതാപനും കോഴിക്കോട് മേഖലയുടേത് ടി.സിദ്ധിഖ് എംഎൽഎയ്ക്കും നൽകി. ജില്ലകളുടെ സംഘടനാ ചുമതലവഹിക്കുന്ന ജനറൽ സെക്രട്ടറിമാർക്ക് പുറമെ ജില്ലാതല മേൽനോട്ട ചുമതല ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾക്ക് കൂടി നൽകി. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ തിരുവനന്തപുരം,അടൂർ പ്രകാശ് എംപി കൊല്ലം,പത്തനംതിട്ട ഷാനിമോൾ ഉസ്മാൻ,ആലപ്പുഴ മുൻ മന്ത്രി കെ.സി.ജോസഫ്, കോട്ടയം ബെന്നി ബെഹനാൻ എംപി, ഇടുക്കി ജോസഫ് വാഴയ്ക്കൻ, എറണാകുളം ആന്റോ ആന്റണി, തൃശ്ശൂർ എ.പി.അനിൽകുമാർ, പാലക്കാട് ടി.എൻ പ്രതാപൻ,മലപ്പുറം എം.കെ.രാഘവൻ എംപി, കോഴിക്കോട് രാജ്മോഹൻ ഉണ്ണിത്താൻ,വയനാട് സണ്ണിജോസഫ് എംഎൽഎ, കണ്ണൂർ ടി.സിദ്ധിഖ് എംഎൽഎ, കാസർകോട് ഷാഫിപറമ്പിൽ എംപി എന്നിവർക്കും നൽകി. ജില്ലകളുടെ ചുമതലവഹിക്കുന്ന കെപിസിസി ജനറൽ സെക്രട്ടറിമാരുമായി ചേർന്ന് ഇവർ പ്രവർത്തിക്കും.പ്രദേശികതലത്തിലെ ജനകീയ വിഷയങ്ങൾ ഏറ്റെടുത്തും കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നടപടികളെ തുറന്നുകാട്ടിയും ശക്തമായ പ്രവർത്തനവുമായി മുന്നോട്ട് പോകാൻ യോഗം തീരുമാനിച്ചു.പാലക്കാട് റെയിൽവെ ഡിവിഷൻ വിഭജനത്തിനെതിരേ വി.കെ.ശ്രീകണ്ഠൻ എംപി പ്രമേയം അവതരിപ്പിച്ചു.പാലക്കാട് ഡിവിഷനെ ഇല്ലാതാക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്നും അത് ഉപേക്ഷിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്നും പ്രമേയം ആവശ്യപ്പെട്ടു. കേരളത്തിന്റെ റെയിൽവെ വികസനത്തിന് തുരങ്കം വെയ്ക്കുന്ന ഈ നടപടിയുമായി മുന്നോട്ട് പോകാനാണ് കേന്ദ്രസർക്കാർ തീരുമാനമെങ്കിൽ യുഡിഎഫ് എംപിമാരെ അണിനിരത്തി ശക്തമായ പ്രക്ഷോഭം നടത്താനും യോഗം തീരുമാനിച്ചു.

മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഒന്നാം ചരമവാർഷികത്തോട് അനുബന്ധിച്ച് കെപിസിസി ക്യാമ്പ് എക്സിക്യൂട്ടീവ് അദ്ദേഹത്തെ അനുസ്മരിച്ചു. അനുസ്മരണ പ്രസംഗം യുഡിഎഫ് കൺവീനർ എംഎം ഹസൻ നടത്തി.

മഴക്കെടുതിയിലും വന്യജീവി ആക്രമണത്തിലും മരിച്ചവർക്ക് യോഗം ആദരാഞ്ജലി അർപ്പിച്ചു.ജനങ്ങൾക്ക് മഴക്കെടുതി മൂലം ഉണ്ടാകുന്ന ദുരിതങ്ങൾക്ക് പരിഹാരം കാണാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനും സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. മഴക്കാലപൂർവ്വ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാർ സംവിധാനം പൂർണ്ണമായി പരാജയപ്പെട്ടതാണ് ജനങ്ങൾക്ക് ഇത്രയും വലിയ ദുരിതം ഉണ്ടാകാൻ കാരണമെന്നും ക്യാമ്പ് വിലയിരുത്തി. പകർച്ചാവ്യാധികളുടെ വ്യാപനം തടയുന്നതിന് ആരോഗ്യവകുപ്പ് സത്വര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്കും മറ്റും നൽകേണ്ട നഷ്ടപരിഹാരം കാലതാമസമില്ലാതെ വിതരണം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും കെപിസിസി ക്യാമ്പ് എക്സിക്യൂട്ടീവ് ആവശ്യപ്പെട്ടു.

കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എംപി കെപിസിസി ക്യാമ്പ് എക്സിക്യൂട്ടീവിന്റെ ഉപസംഹാര പ്രസംഗം നടത്തി.എഐസിസി ജനറൽ സെക്രട്ടറിമാരായ കെ.സി.വേണുഗോപാൽ എംപി,ദീപദാസ് മുൻഷി,പ്രതിപക്ഷനേതാവ് വിഡി സതീശൻ,എഐസിസി സെക്രട്ടറിമാരായ വിശ്വനാഥപെരുമാൾ,പി.വി.മോഹൻ എന്നിവർ സംസാരിച്ചു.

# ബംഗ്ലാദേശിൽ വിദ്യാർത്ഥി പ്രക്ഷോഭം; ആറ് മരണം

ധാക്ക: ബംഗ്ലാദേശ് ഭരണകൂടത്തിന്റെ വിവാദ ജോലി സംവരണത്തിനെതിരെ രാജ്യവ്യാപകമായി നടക്കുന്ന വിദ്യാർത്ഥി പ്രക്ഷോഭത്തിൽ ആറുപേർ കൊല്ലപ്പെട്ടു. നൂറിലേറെ പേർക്ക് പരിക്കേറ്റു. പൊലീസും സർക്കാർ അനുകൂലികളും വിദ്യാർത്ഥികളുമായി ഏറ്റുമുട്ടി. 1971ലെ സ്വാതന്ത്ര്യസമരത്തിൽ പോരാടിയ വിമുക്തഭടന്മാരുടെ കുടുംബാംഗങ്ങൾക്ക് പൊതുമേഖലയിൽ 30 ശതമാനം ജോലി സംവരണം നൽകാനുള്ള തീരുമാനത്തിനെതിരെയാണ് വിദ്യാർത്ഥികൾ പ്രതിഷേധിക്കുന്നത്. ലക്ഷണക്കിന് യുവാക്കൾ ജോലിയില്ലാതെ അലയുമ്പോൾ ഒരു പ്രത്യേക വിഭാഗത്തിനു മാത്രം തൊഴിലവസരങ്ങൾ തുറന്നുകൊടുക്കുന്നത് അന്യായമാണെന്ന് പ്രതിഷേധക്കാർ പറയുന്നു. പ്രധാന ഹൈവേകളും റെയിൽ പാളങ്ങളും തടഞ്ഞ് രണ്ടാം ദിവസവും തുടർന്ന പ്രതിഷേധ പരിപാടികളിൽ പതിനായിരങ്ങളാണ് പങ്കെടുത്തത്. പ്രതിഷേധങ്ങളെ അടിച്ചമർത്താൻ രാജ്യത്തെ യൂണിവേഴ്സിറ്റി ക്യാമ്പസുകളിൽ കലാപ വിരുദ്ധ പൊലീസിനെ വിന്യസിച്ചിട്ടുണ്ട്.

## വിസ്ഡം : ഗൾഫ് സെക്ടർ മദ്രസ പൊതുപരീക്ഷാഫലം

കോഴിക്കോട്: വിസ്ഡം എഡ്യുക്കേഷൻ ബോർഡിന് കീഴിൽ ഗൾഫ് സെക്ടറിൽ പ്രവർത്തിക്കുന്ന മദ്രസകളിലെ 2023-24 അധ്യയന വർഷത്തെ അഞ്ച്, എട്ട് ക്ലാസുകളിലെ പൊതുപരീക്ഷ ഫലം പ്രഖ്യാപിച്ചു. എട്ടാം തരത്തിൽ ഖത്തർ ദോഹ അൽമനാർ മദ്രസയിലെ ഫാത്തിമ സഹ്റ ബത്തൂൽ (242601802) 95ശതമാനം മാർക്കോടെ ഒന്നാം റാങ്ക് നേടി. അതേ മദ്രസയിലെ തന്നെ ഫാത്തിമ റിസാ എ.പി (242601807) 88.75%ശതമാനം മാർക്കോടെ രണ്ടാം റാങ്കും, ഫാത്തിമ റിദ എ.പി (242601806) 86.75ശതമാനം മാർക്കോടെ മൂന്നാം റാങ്കും കരസ്ഥമാക്കി. അഞ്ചാം തരത്തിൽ റിയാദ് സുലായ് മദ്രസത്തു തൗഹീദിലെ സഫാ നൂറാ സഫീർ (242301506) 99.66ശതമാനം മാർക്കോടെ ഒന്നാം റാങ്ക് നേടി. റിയാദ് മലാസ് സലഫി മദ്രസയിലെ സംഹ നസീഹ് (242301514) 98.66ശതമാനം മാർക്കോടെ രണ്ടാം റാങ്കും, അതേ മദ്രസയിലെ ആലിയ മറിയം (242301507) 97ശതമാനം മാർക്കോടെ മൂന്നാം റാങ്കും കരസ്ഥമാക്കി. പരീക്ഷാർത്ഥികൾക്ക് https://madrasa.wisdomislam.org എന്ന പോർട്ടലിൽ രജിസ്റ്റർ നമ്പർ നൽകി ഫലമറിയാനും മാർക്ക് ഷീറ്റ് ഡൗൺലോഡ് ചെയ്യാനും സാധിക്കും.

# പാലക്കാട് ഡിവിഷനെ വിഭജിക്കാനുള്ള നീക്കം കേരളത്തെ തകർക്കും

കാഞ്ഞങ്ങാട്: പാലക്കാട് ഡിവിഷനെ വിഭജിച്ച് പുതുതായി മംഗലാപുരം ഡിവിഷൻ രൂപീകരിക്കാനുള്ള നീക്കം പാലക്കാടിനെ തകർക്കും.യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും ഏറെ മുന്നിലുള്ള പാലക്കാട് ഡിവിഷനെ വീണ്ടും വിഭജിക്കുമ്പോൾ അത് കേരളത്തിലെ മൊത്തം റെയിൽവെ വികസനത്തിന്റെ ഭാവിയെയാണ് ബാധിക്കുക.

മംഗളൂരു ആസ്ഥാനമായി ഡിവിഷൻ വന്നാൽ പാലക്കാട് ഡിവിഷന്റെ വരുമാനത്തെ കാര്യമായി ബാധിക്കും. ഏറ്റവും കൂടുതൽ വരുമാനം കിട്ടുന്ന പനമ്പൂർ തുറമുഖം, മംഗലാപുരം സെൻട്രൽ റെയിൽവെ സ്റ്റേഷൻ എന്നിവ പാലക്കാട് ഡിവിഷന് പുറത്താകും. ഇതോടെ നേരത്തെ പാലക്കാട് ഡിവിഷനുണ്ടായിരുന്ന പ്രാധാന്യം നഷ്ടമാവും. ഇത് മലബാറിലെ റെയിൽവെ വികസനത്തെയും ബാധിക്കും. ഇന്നലെ മംഗലാപുരത്ത് റെയിൽവെ ഉദ്യോഗസ്ഥന്മാരുമായി നടന്ന ചർച്ചക്ക് ശേഷം റെയിൽവെ സഹമന്ത്രി വി.സോമണ്ണ പറഞ്ഞത് ദക്ഷിണ കർണാടക ഒരു ഡിവിഷന് കീഴിൽ കൊണ്ടുവരുമെന്നാണ്. നിലവിൽ മൈസൂരു, പാലക്കാട്, കൊങ്കൺ ഡിവിഷനുകൾ ചേർത്തായിരിക്കും ഇത് എന്നാണ് സൂചന.അങ്ങനെയെങ്കിൽ മംഗലാപുരം മുതൽ ഗോവ വരെ മംഗലാപുരം ഡിവിഷൻ എന്ന പേരിലാകും ഇത്തരത്തിലൊരു ഡിവിഷൻ രൂപീകരിക്കുക. അതേസമയം പാലക്കാട് ഡിവിഷന് കീഴിലുള്ള മംഗലാപുരത്തെ അടർത്തി മാറ്റി മറ്റൊരു ഡിവിഷനിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തെ എം.പിമാരുമായോ കേരള സർക്കാരുമായോ ഒരു ചർച്ചയും റെയിൽവെ നടത്തിയില്ല എന്നതാണ് മറ്റൊരു വിഷയം. കേന്ദ്ര റെയിൽവെ സഹമന്ത്രി വി സോമണ്ണയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ദക്ഷിണ റെയിൽവെ, ദക്ഷിണ-പശ്ചിമ റെയിൽവെ ജനറൽ മാനേജർ, ഡിവിഷൻ മാനേജർ തുടങ്ങിയവർ പങ്കെടുത്തിരുന്നു.

## പോക്സോ കേസിൽ പൊലീസുകാരൻ അറസ്റ്റിൽ



പാലക്കാട്: പോക്സോ കേസിൽ പൊലീസ് ഉദ്യോഗസ്ഥൻ അറസ്റ്റിൽ. 16 വയസുകാരിയെ പീഡിപ്പിച്ചെന്ന പരാതിയിൽ പുതുശ്ശേരി കൊളയക്കോട് സ്വദേശിയും മലപ്പുറം അരീക്കോട് ക്യാമ്പിലെ സി. പി.ഒയുമായ അജീഷിനെയാണ് (28) കസബ പൊലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ മുട്ടിക്കുളങ്ങര ക്യാമ്പിലെ ഉദ്യോഗസ്ഥനാണ്. പ്രത്യേക ടീമിനൊപ്പമുള്ള പരിശീലനത്തിനായി മാസങ്ങൾക്ക് മുമ്പാണ് മലപ്പുറം അരീക്കോട് ക്യാമ്പിലെത്തിയത്. ബന്ധുവായ പെൺകുട്ടിയുടെ പരാതിയിലാണ് കേസെടുത്തത്. മുമ്പും സമാനമായ രീതിയിൽ മറ്റൊരു പെൺകുട്ടിക്കെതിരെയും മോശമായി പെരുമാറിയതായി പരാതിയുണ്ട്. എന്നാൽ ഈ സംഭവത്തിൽ പരാതി നൽകാത്തതിനാൽ നടപടി ഉണ്ടായിട്ടില്ല. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

## എം.ബി.എ കെ മാറ്റ് ഫലം പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: 2024-25 വർഷത്തെ എം.ബി.എ കോഴ്സ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ ജൂൺ 30ന് നടത്തിയ കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (കെ മാറ്റ്- 2024) പ്രവേശന പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in ൽ ഫലം ലഭ്യമാണ്. വിദ്യാർഥികൾക്ക് വെബ്സൈറ്റിലെ കാൻഡിഡേറ്റ് പോർട്ടലിൽ നിന്ന് അവരുടെ സ്കോർ കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.keral a.gov.in എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## കീം: അപാകതകൾ 20 വരെ പരിഹരിക്കാം

തിരുവനന്തപുരം: 2024-25 അധ്യയന വർഷത്തെ കേരള എൻജിനിയറിങ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും അവസാന തീയതി ജൂലൈ 20 വരെയായി ദീർഘിപ്പിച്ചു. വിശദ വിവരങ്ങൾക്ക് ജൂലൈ ഒമ്പതിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## നീറ്റ് യോഗ്യത നേടിയവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കേന്ദ്ര സർക്കാർ, മറ്റ് സംസ്ഥാനങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്ന ആയുഷ് ഡിഗ്രി കോഴ്സുകളിൽ, കേരളത്തിന് വേണ്ടി സംവരണം ചെയ്തിരിക്കുന്ന, കർണ്ണാടകത്തിലെ ബെംഗളൂരിലുള്ള സർക്കാർ യുനാനി മെഡിക്കൽ കോളജിലെ യുനാനി ഡിഗ്രി (1 സീറ്റ്) കോഴ്സിലേക്കും, തമിഴ്നാട്ടിലെ പാളയം കോട്ടയിലുള്ള സർക്കാർ സിദ്ധ മെഡിക്കൽ കോളജിലെ സിദ്ധ ഡിഗ്രി കോഴ്സിലേക്കും (1 സീറ്റ്) ഓരോ സീറ്റുകളിലേക്ക് 2024-25 അധ്യയന വർഷം നീറ്റ് യോഗ്യത നേടിയവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ആയുഷ് മന്ത്രാലയത്തിന്റെ മാർഗ നിർദ്ദേശം അനുസരിച്ചുള്ള ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, മറ്റ് രേഖകൾ ഉൾപ്പെടെ അപേക്ഷ ഇ-മെയിൽ വഴിയോ, നേരിട്ടോ, തപാൽ മുഖേനയോ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ജൂലൈ 23ന് വൈകുന്നേരം നാലു മണിക്ക് മുൻപായി ലഭിക്കത്തക്ക വിധത്തിൽ ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ആരോഗ്യ ഭവൻ, എം.ജി റോഡ്, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കണം. പ്രവേശനം സംബന്ധിച്ച് ആയുഷ് മന്ത്രാലയത്തിന്റെ വിശദമായ മാർഗ നിർദ്ദേശങ്ങൾ www.ayurvedacollege.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാർഗ നിർദ്ദേശങ്ങൾ കർശനമായും പാലിക്കണം. ഇ-മെയിൽ വിലാസം: director.a me@kerala.gov.in.വൈകി ലഭിക്കുന്നതും അപൂർണ്ണവമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കില്ല.

സുകൃതം ചെയ്തവർക്ക് ഏറ്റവും ഉത്തമമായ പ്രതിഫലവും കൂടുതൽ നേട്ടവുമുണ്ട്. ഇരുളോ അപമാനമോ അവരുടെ മുഖത്തെ തീണ്ടുകയില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.

(വിശുദ്ധ ഖുർആൻ: 10: 26)

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 മുഹറം 12 • 1199 കർക്കിടകം 03

# ജനനായകൻ



## പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഉമ്മൻചാണ്ടിയുടെ പേര് വീണ്ടും സജീവ ചർച്ചയാകുകയാണ്.



രാജ്യത്തിന്റെ വികസനമുന്നേറ്റത്തിന്റെ ചാലകശക്തിയാകാൻ കഴിയുന്ന തുറമുഖത്ത് മദർഷിപ്പ് ട്രയൽറൺ നടത്തുമ്പോൾ ജനങ്ങൾ ഓർക്കുന്ന നാമം കേരളത്തിന്റെ പ്രതിഭാധനനായ, വിശാലകാഴ്ചപ്പാടുള്ള മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടേതാണ്. വർഷവും ദശവർഷവും ശതവർഷവും കഴിഞ്ഞാലും കേരളചരിത്രത്തിലെ സുപ്രധാന ഏടായി ഉമ്മൻചാണ്ടിയുണ്ടാകുമെന്നത് തീർച്ച.
സംസ്ഥാനത്തിന്റെ മുഖംമിനുക്കുന്ന ഒരുപിടി പദ്ധതികൾ നടപ്പിലാക്കിയാണ് അദ്ദേഹം മുഖ്യമന്ത്രിപഥത്തിൽ നിന്നുമിറങ്ങിയത്. തുടർന്നുവന്ന സർക്കാരുകൾക്ക് അദ്ദേഹം തുടങ്ങിവെച്ച പദ്ധതികളുടെ മേൽനോട്ട ചുമതലയാണുണ്ടായത്. വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം തുടങ്ങിയ വലിയ പദ്ധതികൾ ഉമ്മൻചാണ്ടിയുടെ വികസന മുദ്രകളായി സംസ്ഥാനത്ത് തലയുയർത്തി നിൽക്കുന്നു. അടിസ്ഥാന, ഭൗതിക വികസനത്തിൽ അദ്ദേഹം കാര്യമായി ശ്രദ്ധിച്ചു.
വലിയ വികസന പദ്ധതികൾ നടപ്പിലാക്കി സംസ്ഥാനത്തെ അതിവേഗം ബഹുദൂരം മുന്നോട്ട് കൊണ്ടുപോകുമ്പോഴും അദ്ദേഹം ജനങ്ങളുടെ കൈവിട്ടില്ല. ജനക്ഷേമ പദ്ധതികൾക്കും വലിയ പ്രാധാന്യം നൽകി. സാധാരണക്കാരായ ജനങ്ങളുടെ കരങ്ങൾ ചേർത്തുപിടിച്ചാണ് കേരളത്തെ മുന്നോട്ട് നയിച്ചത്. ജനങ്ങളുടെ പ്രശ്നങ്ങളും പ്രയാസങ്ങ

> വലിയ വികസന പദ്ധതികൾ നടപ്പിലാക്കി സംസ്ഥാനത്തെ അതിവേഗം ബഹുദൂരം മുന്നോട്ട് കൊണ്ടുപോകുമ്പോഴും അദ്ദേഹം ജനങ്ങളുടെ കൈവിട്ടില്ല. ജനക്ഷേമ പദ്ധതികൾക്കും വലിയ പ്രാധാന്യം നൽകി. സാധാരണക്കാരായ ജനങ്ങളുടെ കരങ്ങൾ ചേർത്തു പിടിച്ചാണ് കേരളത്തെ മുന്നോട്ട് നയിച്ചത്. ജനങ്ങളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും നേരിട്ടറിയാൻ ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചു. നിവേദനങ്ങളുടെയും പരാതികളുടെയും കെട്ടുകൾ കൈകളിലില്ലാത്ത അദ്ദേഹത്തെ സങ്കൽപ്പിക്കാൻ പോലുമാവില്ല.

ളും നേരിട്ടറിയാൻ ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചു. നിവേദനങ്ങളുടെയും പരാതികളുടെയും കെട്ടുകൾ കൈകളിലില്ലാത്ത അദ്ദേഹത്തെ സങ്കൽപ്പിക്കാൻ പോലുമാവില്ല. പ്രശ്നത്തിന്റെ തീവ്രത മനസിലാക്കാൻ പരാതിക്കാരന്റെ പക്ഷം ചിന്തിക്കുകയെന്നതായിരുന്നു അദ്ദേഹം ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ പരാതികൾക്കെല്ലാം പെട്ടെന്ന് പരിഹാരവുമുണ്ടായി. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഇത്ര ശ്രദ്ധകൊടുത്ത മറ്റൊരു മുഖ്യമന്ത്രി ഇന്ത്യാ രാജ്യത്ത് തന്നെയും ഉണ്ടാകാനിടയില്ല. മാരകരോഗം ബാധിച്ചവർക്ക് ചികിത്സാ സഹായം നൽകുന്നതിനുള്ള കാരുണ്യ ബനവലന്റ് ഫണ്ട്, കേൾവി പരിമിതിയുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ, ചുമട്ടുതൊഴിലാളി ക്ഷേമനിധി തുടങ്ങി ഒട്ടനേകം പദ്ധതികൾ അദ്ദേഹത്തിന്റെ കാലത്ത് നടപ്പിലാക്കി.
ഇടത്പക്ഷ സർക്കാരിന് കീഴിൽ സംസ്ഥാനത്ത് ഗുരുതര ഭരണപ്രതിസന്ധി നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിലെല്ലാം ജനങ്ങൾ സ്മരിക്കുന്ന പേരാണ് ഉമ്മൻചാണ്ടിയുടേത്. സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തിയ, അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തിയ മുഖ്യമന്ത്രിയെ. ബി.ജെ.പി ഭരണകൂടം പെട്രോൾ വിലവർധനവിലൂടെ ജനങ്ങളെ ബുദ്ധിമുട്ടിച്ചപ്പോൾ അവർക്ക് ആശ്വാസമായ മുഖ്യമന്ത്രിയെ.
കേരളമുള്ളിടത്തോളം കാലം ഉമ്മൻചാണ്ടിയും പ്രസക്തിയോടെ നിലനിൽക്കും. മറവിക്ക് വിട്ടുകൊടുക്കാതെ ജനങ്ങൾ അദ്ദേഹത്തെ ചേർത്തുപിടിക്കും. ഇനി സാധ്യതയില്ലാത്ത ഒരു പ്രതിഭാസമാണ് ഉമ്മൻചാണ്ടി. ജനങ്ങളുടെ തോളോട് തോൾ ചേർന്ന് നിന്ന്, അവരുടെ കണ്ണീരൊപ്പുന്നൊരു മുഖ്യമന്ത്രി. അനുകരിക്കേണ്ടതും അതേസമയം അനുകരിക്കാൻ പ്രയാസമുള്ളതുമായ മാതൃകയാണദ്ദേഹത്തിന്റെ ജീവിതവും ഭരണവും. ചുളിഞ്ഞ ഷർട്ട് ധരിച്ച്, കോതിയൊതുക്കാത്ത മുടിയുമായി ജനസാമാന്യത്തിന് നടുവിൽ നിൽക്കുകയെന്നത് മറ്റൊരു മുഖ്യമന്ത്രിക്കും സാധ്യമാവില്ല.
സൗമ്യതയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. പരാതിയുമായി എത്തുന്ന അനേകം മനുഷ്യരെ മുഷിപ്പൊട്ടുമില്ലാതെ കേൾക്കും. ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഉടനടി പരിഹാരവുമെത്തിക്കും. അധികാരകസേരയിൽ അമർന്നിരിക്കുകയായിരുന്നില്ല ഉമ്മൻചാണ്ടിയുടെ ശൈലി. ജനങ്ങളുടെ പ്രശ്നങ്ങളകറ്റാൻ കസേര വിട്ട് നാടെങ്ങും അലയുകയെന്നതായിരുന്നു.
മലപ്പുറത്ത് വരുമ്പോഴെല്ലാം പാണക്കാട് സന്ദർശിക്കുകയെന്നത് അദ്ദേഹത്തിന്റെ രീതിയായിരുന്നു. സഹോദരങ്ങളായ മുഹമ്മദലി ശിഹാബ് തങ്ങളുമായും ഹൈദരലി ശിഹാബ് തങ്ങളുമായുമുണ്ടായിരുന്ന ആ ബന്ധം തുടർന്നുകൊണ്ടേയിരുന്നു. പാണക്കാട്ടെ വീടുകളിൽ ഞങ്ങളുടെ കസേരക്ക് ചുറ്റും തടിച്ചുകൂടിയ മനുഷ്യരുടെ തിരക്ക് അദ്ദേഹത്തിനും ശീലമുള്ളതായിരുന്നു. അതുകൊണ്ട് തന്നെ ബഹളമയമായ ആ സന്ദർശനങ്ങൾ അദ്ദേഹത്തിന് പ്രയാസകരമായില്ല. ആ തിരക്കും അദ്ദേഹം ആസ്വദിച്ചു. ആൾക്കൂട്ടങ്ങളിൽ ജീവിച്ച മനുഷ്യൻ വിടപറഞ്ഞതും ആൾക്കൂട്ടങ്ങൾക്ക് നടുവിലൂടെയാണ്. അദ്ദേഹത്തിന് ജനങ്ങൾ നൽകിയ യാത്രയയപ്പ് മുമ്പെങ്ങും കണ്ടുശീലിച്ചിട്ടില്ലാത്തതായിരുന്നു.
ജനങ്ങൾക്കിടയിൽ ജീവിച്ച ആ മനുഷ്യൻ പരാതിക്കെട്ടുകൾ ഉപേക്ഷിച്ചല്ല നാടുനീങ്ങിയത്. പരാതികൾക്കെല്ലാം പരിഹാരം കണ്ടാണ്. ഇനിയും പരിഹാരമുണ്ടാക്കേണ്ട പരാതികൾ സ്വീകരിക്കാൻ പുതുപ്പള്ളിയിലെ വീട്ടിൽ മറ്റൊരാളെ ബാക്കിവെച്ചാണ്. ഉമ്മൻചാണ്ടി താഴെവെച്ച പരാതിത്തുണ്ടുകൾ മകൻ ചാണ്ടി ഉമ്മന്റെ കൈകളിലുണ്ട്. ജനങ്ങളെ സേവിക്കാനും അവരുടെ കണ്ണീരൊപ്പാനും ഉമ്മൻചാണ്ടി നടത്തിയ യാത്രകൾ തന്നെയാണ് വഴികാട്ടി. ചാണ്ടി ഉമ്മന് മാത്രമല്ല, അധികാരത്തിലിരിക്കുന്നവർക്കെല്ലാം.

# ഇല്ല, ഇതുപോലൊരു നേതാവ്



## പി . കെ കുഞ്ഞാലിക്കുട്ടി

ഉമ്മൻചാണ്ടിയുടെ വിയോഗത്തിലൂടെ കേരളത്തിന് നഷ്ടമായത് ജനകീയ നേതാവിനെയും കഴിയുവുറ്റ ഭരണാധികാരിയേയുമാണെങ്കിൽ എനിക്ക് നഷ്ടമായത് ആത്മ മിത്രത്തെക്കൂടിയാണ്. ഒരു മനുഷ്യൻ ജനങ്ങളുടെ മനസിൽ എത്രത്തോളം സ്ഥിരപ്രതിഷ്ട നേടിയിട്ടുണ്ട്, അല്ലെങ്കിൽ ജനങ്ങൾ അദ്ദേഹത്തെ എത്രത്തോളം സ്നേഹിച്ചിട്ടുണ്ട് എന്നതിന്റെ അളവുകോൽ അദ്ദേഹം വിടവാങ്ങുമ്പോൾ ആ ജനത പ്രകടിപ്പിക്കുന്ന വേദനയാണ്. അങ്ങനെ നോക്കുമ്പോൾ ഉമ്മൻചാണ്ടിയുടെ വിയോഗാനന്തരം നാംകണ്ട ജനസഞ്ചയം അദ്ദേഹത്തിന് ജനം നൽകിയിട്ടുള്ള അംഗീകാരത്തിന്റെ തെളിവാണ്. തിരുവനന്തപുരം മുതൽ കാസർകോടുവരെയുള്ള ജനങ്ങൾ കക്ഷിരാഷ്ട്രീയങ്ങൾക്കും ജാതി ചിന്തകൾക്കുമതീതമായി വേപതുപൂണ്ട മനസ്സുമായി മൺമറയുന്നതുവരെ അദ്ദേഹത്തെ അനുഗമിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിനു ഒരുവർഷം പിന്നിടുമ്പോഴും കബറിടത്തിലേക്ക് അണമുറയാതെ ഒഴുകിയെത്തുന്ന ജനസഞ്ചയം ആ സ്നേഹസാനിധ്യം കേരളത്തിന് എത്രമേൽ പ്രിയപ്പെട്ടതായിരുന്നുവെന്ന് വീണ്ടുംവീണ്ടും ഓർമിപ്പിച്ചുകൊണ്ടിരിക്കുകയാണ്.
ജനങ്ങൾക്കുവേണ്ടി അക്ഷരാർത്ഥത്തിൽ ജീവിച്ച നേതാവായിരുന്നു ഉമ്മൻചാണ്ടി. ഭക്ഷണവും വിശ്രമവും ഉറക്കവുമെല്ലാം അദ്ദേഹം ജനങ്ങൾക്കുവേണ്ടി മാറ്റിവെച്ചു. സ്വന്തം ജീവിതം സത്യാന്വേഷണ പരീക്ഷണങ്ങൾക്കുവേണ്ടി മാറ്റിവെച്ച മഹാത്മാഗാന്ധിയുടെ ജീവിതം പോലെ.
ഭരണാധികാരി, രാഷ്ട്രീയ നേതാവ് തുടങ്ങിയ പദവികളെല്ലാം ജനങ്ങൾക്കുവേണ്ടി മാറ്റിവെച്ച നേതാവായിരുന്നു അദ്ദേഹം. മുഴുവൻ സമയവും ജനങ്ങൾക്കൊപ്പമായിരുന്നു ആ ജീവിതം. എം.എൽ.എ കോട്ടേഴ്സിലെ അദ്ദേഹത്തിന്റെ മുറി എപ്പോഴും തുറന്നിട്ടതായിരുന്നു. പുലർച്ചെ നാലുമണിക്കുവരെ ഉമ്മൻചാണ്ടിയെ കാണാൻ ആളുകൾ എത്തുമായിരുന്നു. പ്രാഥമിക കൃത്യങ്ങൾക്കു പോലുമുള്ള സമയം ജനം നൽകിയിരുന്നില്ല. ആളുകൾക്കിടയിൽ നിൽക്കുമ്പോൾ അവർക്കിടയിൽനിന്ന് കിട്ടുന്ന എന്തെങ്കിലുമായിരുന്നു അദ്ദേഹത്തിന്റെ ഭക്ഷണം. യാത്രക്ക് ഇന്ന വാഹനം എന്നോ തീവണ്ടിയിലാണെങ്കിൽ ഇന്ന ക്ലാസ് എന്നോ ഉള്ള ഒരു നിബന്ധനയും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ജനങ്ങൾക്കുവേണ്ടിയുള്ള ഒരു ഒഴുക്കായിരുന്നു ജീവിതമത്രയും.



കേരള രാഷ്ട്രീയത്തിൽ ഒരു നേതാവിനും നേടിയെടുക്കാൻ കഴിയാത്ത നേട്ടത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. കെ. കരുണാകരൻ, എ.കെ ആന്റണി തുടങ്ങിയവർ മുഖ്യമന്ത്രിമാരായിരുന്നപ്പോൾ നട്ടെല്ലായി ഉമ്മൻചാണ്ടി നിലകൊണ്ടു. പ്രതിപക്ഷത്തായിരിക്കുമ്പോൾ തന്റെ ഉത്തരവാദിത്തം പൂർണമായും നിർവഹിക്കുമ്പോൾ തന്നെ മുഖ്യമന്ത്രിമാരോടും മന്ത്രിമാരോടുമെല്ലാം ഊഷ്മള ബന്ധം വെച്ചുപുലർത്തി. പ്രശ്നങ്ങളുണ്ടാകുമ്പോൾ അവ പരിഹരിക്കുന്നതിന് അദ്ദേഹം പ്രകടിപ്പിച്ച അസാമാന്യ വൈഭവം അൽഭുതത്തോടുകൂടിയാണ് ഞങ്ങളൊക്കെ നോക്കിക്കണ്ടിരുന്നത്. ജീവിതത്തിന്റെ പുറമ്പോക്കിലേക്ക് വലിച്ചെറിയപ്പെട്ടവർ, അംഗപരിമിതർ, ആലംബഹീനർ തുടങ്ങിയവരെല്ലാം തങ്ങളുടെ അത്താണിയായാണ് ഉമ്മൻചാണ്ടിയെ കണ്ടിരുന്നത്. നിരവധിയാളുകൾക്ക് കേൾവി ശക്തി നേടിക്കൊടുത്ത അദ്ദേഹത്തിന്റെ കാലത്തെ ശ്രുതി തരംഗം പദ്ധതി സഹപ്രവർത്തകരായ ഞങ്ങൾക്കു പോലും ഏറെ ആത്മാഭിമാനം പകർന്നു നൽകിയ ഒന്നായിരുന്നു.
ഓരോ ഫയലുകളും ഓരോ ജീവിതങ്ങളാണെന്ന ഉത്തമബോധ്യം ഉമ്മൻചാണ്ടിക്കുണ്ടായിരുന്നു. അതിന്റെ പ്രതിഫലനമായിരുന്നു ജനസമ്പർക്ക പരിപാടി. ഏതു തിരക്കുകൾക്കിടയിലും ഫയലുകൾ നോക്കാനും പരിഹാരം കണ്ടെത്താനും അദ്ദേഹം സമയം കണ്ടെത്തിക്കൊണ്ടിരുന്നു. ആരോപണ ശരങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുമ്പോഴും വ്യക്തിപരമായ തകർത്തുകളയുന്ന പ്രക്ഷോഭങ്ങൾ കൊടുമ്പിരിക്കൊണ്ടപ്പോഴും അദ്ദേഹം ഫയലുകൾക്കിടയിലായിരുന്നു. ഉമ്മൻചാണ്ടി പുറത്തേക്ക് എന്ന് മാധ്യമങ്ങൾ വാർത്തകൊടുത്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം തന്റെ ഓഫീസിൽ ജീവനക്കാരോടൊപ്പം ഫയലുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. മന്ത്രിസഭാ യോഗങ്ങളിൾ പേലും അദ്ദേഹം ഫയൽ നേക്കിക്കൊണ്ടിരിക്കുമായിരുന്നു. സഹപ്രവർത്തകരായ ഞങ്ങൾ സംസാരിക്കുമ്പോൾ സി.എം കേൾക്കുന്നില്ലേ എന്ന് ചോദിക്കുമ്പോൾ ഉണ്ടുണ്ട് എന്ന് പറഞ്ഞ് ഞങ്ങൾ പറഞ്ഞുവെച്ചതിന്റെ ബാക്കി അദ്ദേഹം പറയുമായിരുന്നു. ഒരു റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം പോലെയായിരുന്നു അദ്ദേഹത്തിന്റെ ഓഫീസ്. ഓഫീസും കവിഞ്ഞ് വരാന്തയും നിറയുന്ന ജനക്കൂട്ടമായിരന്നു എപ്പോഴും അവിടെയുണ്ടായിരുന്നത്. മന്ത്രിസഭയിലെ സഹപ്രവർത്തകനെന്ന നിലക്ക് എനിക്കുപോലും അദ്ദേഹത്തോട് എന്തെങ്കിലും കാര്യം സംസാരിക്കാനുണ്ടെങ്കിൽ ഈ ജനക്കൂട്ടത്തിന് നടുവിൽ നിന്ന് വേണ്ടിയിരുന്നു. എങ്ങിനെയാ സി.എമ്മേ ഇങ്ങനെയൊക്കെയായാൽ എന്ന് ചോദിക്കുമ്പോൾ സ്വകാര്യം പറയാൻ ആൾക്കൂട്ടത്തിന്റെ നടുക്കാണ് നല്ലത് എന്ന് അദ്ദേഹം ചിരിച്ചുകൊണ്ട് പറയുമായിരുന്നു.

> മന്ത്രിസഭാ യോഗങ്ങളിൽ പോലും അദ്ദേഹം ഫയൽ നേക്കിക്കൊണ്ടിരിക്കുമായിരുന്നു. സഹപ്രവർത്തകരായ ഞങ്ങൾ സംസാരിക്കുമ്പോൾ സി.എം കേൾക്കുന്നില്ലേ എന്ന് ചോദിക്കുമ്പോൾ ഉണ്ടുണ്ട് എന്ന് പറഞ്ഞ് ഞങ്ങൾ പറഞ്ഞുവെച്ചതിന്റെ ബാക്കി അദ്ദേഹം പറയുമായിരുന്നു. ഒരു റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം പോലെയായിരുന്നു അദ്ദേഹത്തിന്റെ ഓഫീസ്. മന്ത്രിസഭയിലെ സഹപ്രവർത്തകനെന്ന നിലക്ക് എനിക്കുപോലും അദ്ദേഹത്തോട് എന്തെങ്കിലും കാര്യം സംസാരിക്കാനുണ്ടെങ്കിലും ഈ ജനക്കൂട്ടത്തിന് നടുവിൽ നിന്ന് വേണ്ടിയിരുന്നു.

അതിവേഗം ബഹുദൂരം എന്നത് അദ്ദേഹത്തിന്റെ സ്വന്തം മുദ്രാവാക്യമാണ്. ആ മുദ്രാവാക്യമുയർത്തിപ്പിടിച്ച് അദ്ദേഹം നേടിയെടുത്ത പദ്ധതികൾക്കും ഫണ്ടുകൾക്കും കൈയ്യും കണക്കുമില്ല. സ്മാർട്ട് സിറ്റിക്കുവേണ്ടി ദുബായ് ഭരണാധികാരിയുമായും മറ്റുപലപദ്ധതികൾക്കുവേണ്ടി ഇന്ത്യൻ പ്രധാനമന്ത്രിയുമായും കേന്ദ്ര മന്ത്രിമാരുമായും അദ്ദേഹം നടത്തുന്ന കൂടിക്കാഴ്ചകൾക്ക് യാതൊരു ഔപചാരികതയുമുണ്ടായിരുന്നില്ല. കിട്ടാവുന്നവരെയെല്ലാം കൂടെക്കൂട്ടി കാര്യങ്ങൾ നേടിയെടുക്കുന്ന ഉമ്മൻചാണ്ടി സ്റ്റൈൽ ഒന്നുവേറെ തന്നെയായിരുന്നു. ജിം, എമർജിംഗ് കേരള എന്നിവയെല്ലാം ഇതിന്റെ ഉദാഹരണങ്ങളായിരുന്നു. അന്ന് അദ്ദേഹം കൊണ്ടുവന്ന പല പദ്ധതികളുടെയും അവകാശവാദങ്ങൾ ഏറ്റെടുക്കുകയാണ് ഇന്നത്തെ പലഭരണാധികാരികളുമെന്നതാണ് യാഥാർത്ഥ്യം. വിദ്യാഭ്യാസ രംഗത്തും വ്യവസായ രംഗത്തും കടുത്ത എതിർപ്പുകൾ നേരിട്ടിട്ടും തന്റെ ഇഛാശക്തികൊണ്ടൊന്നു മാത്രം നടപ്പാക്കപ്പെട്ട പലപദ്ധതികളുമുണ്ട്. സ്വാശ്രയ കോളജുകൾ, കിൻഫ്രയുടെ ഭൂമിയേറ്റെടുക്കൽ തുടങ്ങിയവ ഇതിന്റെ ഉദാഹരണങ്ങളാണ്. ഇന്ന് കേരളം അനുഭവിക്കുന്ന പ്രധാന പ്രശ്നമായ മാലിന്യ സംസ്കരണത്തിന് തന്റെ ഭരണകാലത്തുതന്നെ ഉമ്മൻചാണ്ടി പദ്ധതികൊണ്ടുവന്നിരുന്നുവെങ്കിലും പ്രതിപക്ഷത്തിന്റെ കടുത്ത എതിർപ്പ് അത് അവതാളത്തിലാക്കുകയായിരുന്നു. മഹാനായ വ്യക്തി, മികവുറ്റ ഭരണാധികാരി, വിശ്വസ്തനായ നേതാവ് എന്നതോടൊപ്പം ഉറ്റമിത്രംകൂടിയായിരുന്നു പ്രിയപ്പെട്ട ഉമ്മൻചാണ്ടി.

# യഥാർത്ഥ ജനകീയൻ

ഉമ്മൻചാണ്ടിയുടെ വിയോഗത്തിന് ഒരു വർഷം പൂർത്തിയാവുമ്പോഴും ആ കബറിടത്തിലേക്ക് അണമുറയാതെ ഒഴുകിക്കൊണ്ടിരിക്കുന്ന ജനസഞ്ചയം വിളിച്ചുപറയുന്നുണ്ട് ഈ മനുഷ്യൻ കേരളത്തിന് എത്രമേൽ പ്രിയപ്പെട്ടവരായിരുന്നുവെന്ന്. കരുത്തുറ്റ രാഷ്ട്രീയ നേതാവ്, ലക്ഷ്യബോധമുള്ള ഭരണാധികാരി, ജനങ്ങളുടെ പ്രിയപ്പെട്ട നേതാവ് തുടങ്ങി ഉമ്മൻചാണ്ടിക്ക് മലയാളക്കര നൽകിയിട്ടുള്ള വിശേഷണങ്ങൾ നിരവധിയാണ്. എന്നാൽ ആ വിശേഷണങ്ങളോടെല്ലാം നൂറു ശതമാനവും നീതിപുലർത്താൻ അദ്ദേഹത്തിന് ജീവിതംകൊണ്ട് സാധിക്കുകയും ചെയ്തു. ജനങ്ങളോടൊപ്പം ജനങ്ങൾക്കിടയിലൂടെയുള്ള ജീവിതത്തിലൂടെ അദ്ദേഹം സൃഷ്ടിച്ചെടുത്ത മുദ്രാവാക്യമായിരുന്നു വികസനവും കരുതലും. ഈ മുദ്രാവാക്യത്തിന്റെ പ്രായോഗിക വൽക്കരണത്തിന് അദ്ദേഹം കണ്ടെത്തിയിരുന്ന മറ്റൊരു മുദ്രാവാക്യമായിരുന്നു അതിവേഗം ബഹുദൂരം. ഈ മുദ്രാവാക്യങ്ങളെല്ലാം ചേർത്തുവെച്ച് അദ്ദഹം സംസ്ഥാനത്തിന് സമ്മാനിച്ചതാകട്ടെ സമാനതകളില്ലാത്ത നേട്ടവും. അതുവരെയും കേരളം കണ്ടിട്ടുള്ള എല്ലാ ഭരണകൂടങ്ങളുടെയും നേട്ടങ്ങൾക്കുസമാനമായ നേട്ടം തന്റെ ഭരണകാലയളവിൽ മാത്രം ഉമ്മൻചാണ്ടി സാധ്യമാക്കി എന്നത് ഒട്ടും അതിശയോക്തിപരമായിരുന്നില്ല. പാവപ്പെട്ടവരുടെ വേദനകൾ മാറോടുചേർത്തുവെച്ചതിനൊപ്പം ചരിത്രത്തിൽ തുല്യതയില്ലാത്ത വൻവികസന പദ്ധതികളും തന്റെ കാലയളവിൽ അദ്ദേഹം യാഥാർത്ഥ്യമാക്കുകയുണ്ടായി. അദ്ദേഹം അധികാരമൊഴിഞ്ഞ് ഒരു പതിറ്റാണ്ടിനടുത്തെത്തി നിൽക്കുമ്പോഴും ഉമ്മൻചാണ്ടിയുടെ വികസന സ്വപ്നങ്ങളിൽ അള്ളിപ്പിടിച്ചിരിക്കുകയാണ് ഇന്നത്തെ ഭരണാധികാരികളെന്ന് കാണുമ്പോൾ ആ നേതാവിന്റെ കാഴ്ചപ്പാടുകൾക്ക് എത്ര ആഴമുണ്ടായിരുന്നുവെന്ന് മലയാളികൾ ആലോചിച്ചുപോവുകയാണ്.
ഓരോ ഫയലുകളിലും ഓരോ ജീവിതങ്ങളാണെന്ന് തിരിച്ചറിഞ്ഞ ഭരണാധികാരിയായിരുന്നു ഉമ്മൻചാണ്ടി. ഭിന്നശേഷിക്കാർ, അംഗപരിമിതർ, ആലംബഹീനർ, അങ്ങനെ സമൂഹത്തിന്റെ പുറമ്പോക്കിലേക്ക് വലിച്ചെറിയപ്പെട്ട മുഴുവൻ ജനവിഭാഗങ്ങളുടെയും അത്താണിയായി അദ്ദേഹം നിലകൊണ്ടു. സാധാരണക്കാരുടെ ദുരിതമകറ്റുന്നതിനുവേണ്ടി ഭരണാധികാരിയെന്ന നിലയിൽ ഭരണകൂടത്തിന് എന്തുചെയ്യാൻ കഴിയുമെന്ന അന്വേഷണത്തിന് അദ്ദേഹത്തിന് ലഭിച്ച ഉത്തരമായിരുന്നു ജനസമ്പർക്ക പരിപാടി. ജനങ്ങളെ നേരിട്ട് കാണുകയും അവരിൽ നിന്ന് പരാതികൾ സ്വീകരിക്കുകയും കഴിയാവുന്നത്ര വേഗത്തിൽ അതിന് പരിഹാരംകണ്ടെത്തുകയും ചെയ്ത് ലോകത്തെ അദ്ദേഹം അൽഭുതപ്പെടുത്തി. അൽഭുതകരമായ ഈ മാതൃക പല ഭരണാധികാരികളും പിൻപറ്റിനോക്കിയെങ്കിലും വിജയിപ്പിച്ചെടുക്കാൻ അവർക്കൊന്നും സാധിച്ചില്ല. അസാധാരണമായ വിഷനും അനന്യസാധാരണമായ വിൽപവറുമുള്ള ഒരു ഭരണാധികാരിക്കു മാത്രം സാധ്യമാകുന്ന ഒന്നാണതെന്ന് തിരിച്ചറിയാൻ അവർക്കൊന്നും അധിക സമയം വേണ്ടിവന്നില്ല.
വികസന രംഗത്ത് ഉമ്മൻചാണ്ടിയുടെ സംഭാവന വിഴിഞ്ഞം തുറമുഖമായും, കൊച്ചി മെട്രോയായും, വല്ലാർപാടം കണ്ടെയ്നർ ടെർമിനലായും, സ്മാർട് സിറ്റിയായും, കണ്ണൂർ വിമാനത്താവളമായും എണ്ണമറ്റ മറ്റനേകം വൻകിട പദ്ധതികളായും കേരളത്തിലങ്ങോളമിങ്ങോളം തലയുയർത്തിനിൽക്കുകയാണ്. അന്തമായ രാഷ്ട്രീയ വിരോധത്തിന്റെയും വികസന വിരുദ്ധസമീപനത്തിന്റെയും ഫലമായി വൻകിടപദ്ധതികൾ ആതിഥ്യമരുളാൻ അറച്ചുനിന്ന ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഇഛാശക്തിയുടെയും പോരാട്ടവീര്യത്തിന്റെയും പര്യായമായ ഉമ്മൻചാണ്ടി പുതിയ പാതകൾ വെട്ടിത്തുറക്കുകയായിരുന്നു. വികസന രംഗത്തും കരുതലിലുമുണ്ടായ ഈ തേരോട്ടത്തെ തടഞ്ഞുനിർത്താൻ ചരിത്രത്തിൽ തുല്യതയില്ലാത്ത വിധമാണ് അദ്ദേഹം വേട്ടയാടപ്പെട്ടത്. പക്ഷേ ഇരുപത്തിനാലുമണിക്കൂറും ജനങ്ങൾക്കിടയിൽ ജീവിച്ച് ജനങ്ങളിൽ നിന്ന് നേടിയെടുത്ത കരുത്തുകൊണ്ടൊന്നുമാത്രം എല്ലാ പ്രതിബന്ധങ്ങളെയും അദ്ദേഹം വകഞ്ഞുമാറ്റി. ഓർമകൾ ബാക്കിയാക്കി ഉമ്മൻചാണ്ടി കടന്നുപോയി ഒരുവർഷം പൂർത്തിയാകുമ്പോൾ അദ്ദേഹത്തെ എതിർത്തവരും ഇല്ലാതാക്കാൻ ശ്രമിച്ചവരും അദ്ദേഹംകൊണ്ടുവന്ന പദ്ധതികളുടെമേൽ അവകാശമുന്നയിക്കുന്നതും അതിൽ അഭിമാനിക്കുകയും ചെയ്യുന്ന വിരോധാഭാസത്തിനാണ് കേരളം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്.

## അടിക്കുറിപ്പ്

സപ്ലൈകോക്ക് സംസ്ഥാന ധനവകുപ്പ് അനുവദിച്ച 100 കോടി രൂപ അപര്യാപ്തമാണ്. ഫണ്ട് അനുവദിച്ച കാര്യം മാധ്യമങ്ങളിലൂടെയാണ് അറിഞ്ഞത്. ധനമന്ത്രി കെ.എൻ ബാലഗോപാലുമായി ചർച്ച നടത്തി കൂടുതൽ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കും. സപ്ലൈകോയ്ക്കു സാധനങ്ങൾ നൽകിയ വിതരണക്കാർക്കു മാത്രം 600 കോടിയിലേറെ രൂപ കുടിശികയാണ്. സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഓഫറും വിലക്കിഴിവും ഉൾപ്പെടെ വിവിധ പാക്കേജുകൾ സപ്ലൈകോ വിൽപനശാലകളിൽ നടക്കുന്നുണ്ട്. എന്നാൽ, 13 ഇന സബ്സിഡി സാധനങ്ങളിൽ പകുതി പോലും പല വിൽപനശാലകളിലും ഇല്ല.

–ജി.ആർ അനിൽ

## ചരിത്രത്തിൽ ഇന്ന്

64 റോമിൽ വൻ തീപ്പിടുത്തം: റോമാ നഗരം കത്തിയെരിയുമ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുകയായിരുന്നു എന്ന ചൊല്ല് ഈ തീപ്പിടുത്തവുമായി ബന്ധപ്പെട്ടതാണ്.
1536 ഇംഗ്ലണ്ടിൽ പോപ്പിനെ അധികാരശൂന്യനാക്കി പ്രഖ്യാപിച്ചു.
1830 ഉറുഗ്വേയുടെ ആദ്യ ഭരണഘടന അംഗീകരിച്ചു.
1872 ബ്രിട്ടണിൽ രഹസ്യബാലറ്റിലൂടെയുള്ള വോട്ടെടുപ്പ് നിലവിൽ വന്നു.
1898 ക്യൂറി ദമ്പതികൾ പൊളോണിയം എന്ന മൂലകം കണ്ടെത്തി.
1944 രണ്ടാം ലോകമഹായുദ്ധം: യുദ്ധത്തിലേറ്റ പരാജയങ്ങളെത്തുടർന്ന് ജപ്പാൻ പ്രധാനമന്ത്രി ഹിദേകി ടോജോ തൽസ്ഥാനം രാജി വച്ചു.
1977 വിയറ്റ്നാം ഐക്യരാഷ്ട്രസഭയിൽ അംഗമായി

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 96 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com



## യു.പിയിൽ ഭരണം സ്തംഭിച്ചു

ലക്നൗ: ഉത്തർപ്രദേശ് ബി.ജെ.പിയിലെ തർക്കത്തെ പരിഹസിച്ച് സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. കസേരയ്ക്ക് വേണ്ടി നേതാക്കൾ തമ്മിലുള്ള തർക്കം സംസ്ഥാനത്തിന്റെ ഭരണത്തെ ബാധിക്കുന്നു. ബി.ജെ.പി ആഭ്യന്തര കലഹത്തിന്റെ ചളിക്കുണ്ടിൽ മുങ്ങിയിരിക്കുകയാണ്. മറ്റ് പാർട്ടികളെ അട്ടിമറിച്ച ബി.ജെ.പിക്കാർ ഇപ്പോൾ സ്വന്തം പാർട്ടിക്കുള്ളിൽ അതിന് ശ്രമിക്കുകയാണ്. ഉത്തരേന്ത്യയിലെ ബി.ജെ.പിയുടെ പരാജയം രാജ്യത്തെ അന്തരീക്ഷം മാറിയതിന് തെളിവാണ്. ബി.ജെ.പിക്ക് ഭരിക്കാൻ അവകാശമില്ലെന്ന സന്ദേശമാണ് ജനം നൽകുന്നത്. എൻ.ഡി.എ സഖ്യകക്ഷികൾ ഇക്കാര്യം മനസിലാക്കേണ്ടതുണ്ട്.



## രാഹുൽ രാജ്യത്തിന്റെ പ്രതീക്ഷ

ന്യൂഡൽഹി: രാഹുൽ ഗാന്ധി പക്വതയുള്ള രാഷ്ട്രീയ നേതാവായി മാറിയെന്ന് നോബേൽ സമ്മാന ജേതാവ് അമർത്യ സെൻ. ഭാരത് ജോഡോ യാത്ര രാഹുലിനെ ദേശീയ നേതാവായി രൂപപ്പെടുത്തുക മാത്രമല്ല, രാജ്യത്തിന്റെ രാഷ്ട്രീയ ഭൂപ്രകൃതിയെ തന്നെ മാറ്റിമറിച്ചു. രാഷ്ട്രീയത്തിലെ തന്റെ ആദ്യ നാളുകളിൽ അദ്ദേഹം ചില ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടാകാം. എന്നാൽ വർഷങ്ങളുടെ പരിചയസമ്പത്ത് രാഹുലിനെ മികച്ച രാഷ്ട്രീയനേതാവാക്കി മാറ്റി. അദ്ദേഹത്തിന്റെ സമീപകാല പ്രകടനം അസാധാരണമാംവിധം മികച്ചതാണ്. മൂന്നാം മോദി സർക്കാരിന്റെ കാലത്ത് പ്രതിപക്ഷത്തെ എങ്ങനെ നയിക്കുമെന്നതാണ് അദ്ദേഹത്തിന്റെ പ്രധാന വെല്ലുവിളി.

# ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

## വീരമൃത്യു വരിച്ച സൈനികർക്ക് വിട നൽകി രാജ്യം

ന്യൂഡൽഹി: ജമ്മുകശ്മീരിലെ ദോഡയിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ വീരമൃത്യു വരിച്ച സൈനികർക്ക് രാജ്യത്തിന്റെ യാത്രാമൊഴി. ഒരു സൈനിക ഉദ്യോഗസ്ഥൻ ഉൾപ്പെടെ നാലു സൈനികരും ഒരു പൊലീസുകാരനുമാണ് ഏറ്റുമുട്ടലിൽ മരിച്ചത്. ചൊവ്വാഴ്ച രാത്രിയോടെ ഡെറാഡൂൺ വിമാനത്താവളത്തിൽ എത്തിച്ച സൈനികരുടെ ഭൗതിക ശരീരങ്ങൾ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി, മുൻ മുഖ്യമന്ത്രി ത്രിവേന്ദ്ര സിങ് റാവത്ത്, ക്യാബനറ്റ് മന്ത്രി പ്രേംചന്ദ് അഗർവാൾ, സൈനിക ക്ഷേമ വകുപ്പ് മന്ത്രി ഗണേഷ് ജോഷി എന്നിവർ ചേർന്ന് വിമാനത്താവളത്തിൽ സ്വീകരിച്ചു. തുടർന്ന് ഭൗതിക ശരീരങ്ങളിൽ ഉന്നത സൈനിക ഉദ്യോഗസ്ഥരും മുഖ്യമന്ത്രിയും മന്ത്രിമാരും പുഷ്പ ചക്രം സമർപ്പിച്ച് ആദരാഞ്ജലി അർപ്പിച്ചു. തുടർന്ന് നാലു സൈനികരുടേയും ഭൗതിക ശരീരങ്ങൾ സ്വന്തം നാടുകളിലേക്ക് കൊണ്ടുപോയി. വീടുകളിൽ നടന്ന പൊതു ദർശനത്തിനു ശേഷം പൂർണ സൈനിക ബഹുമതികളോടെയായിരുന്നു സംസ്കാരം.അതേസമയം ദോഡ ഏറ്റുമുട്ടൽ ഇപ്പോഴും പൂർണമായും അവസാനിച്ചിട്ടില്ലെന്നാണ് സൈനിക കേന്ദ്രങ്ങൾ നൽകുന്ന വിവരം. ഏറ്റുമുട്ടലിനു പിന്നാലെ ഒളിവിൽ പോയ ഭീകരർക്കായി സൈന്യവും ജമ്മുകശ്മീർ പൊലീസും ചേർന്ന് സംയുക്ത ഓപ്പറേഷൻ തുടരുകയാണ്.

## മുസ്‌ലിം ജനസംഖ്യ ഉയരുന്നത് ജീവൻ മരണ പ്രശ്നമെന്ന് അസം മുഖ്യമന്ത്രി

ഗുവാഹത്തി: മുസ്‌ലിം ന്യൂനപക്ഷങ്ങൾക്കെതിരെ തിരിഞ്ഞ് വീണ്ടും അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ. ജാർഖണ്ഡ് തലസ്ഥാനമായ റാഞ്ചിയിൽ ബി.ജെ.പി നേതാക്കൾക്കൊപ്പം വാർത്താ സമ്മേളനം നടത്തുന്നതിനിടെയാണ് അസമിലെ മുസ്‌ലിം ജനസംഖ്യ വർധനവ് തന്നെ ആശങ്കപ്പെടുത്തുന്നുവെന്ന് ഹിമന്ത ആരോപിച്ചത്. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 40 ശതമാനമാണ് ഇന്ന് മുസ്‌ലിംകൾ. 1951ൽ ഇത് 12 ശതമാനം മാത്രമായിരുന്നു. തന്നെ സംബന്ധിച്ചിടത്തോളം ഇത് രാഷ്ട്രീയ പ്രശ്നമല്ല, ജീവൻ മരണ പ്രശ്നമാണ്. ഞങ്ങൾക്ക് പല ജില്ലകളും നഷ്ടമായിക്കഴിഞ്ഞു. ഇനിയും ഇതിനോട് മൗനം പാലിക്കാനാവില്ല – ഹിമന്ത പറഞ്ഞു. മുസ്‌ലിംകൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങൾക്കെതിരെ നിരന്തരം വിഷം തുപ്പുന്ന ഹിമന്തയുടെ ഏറ്റവും പുതിയ നീക്കമാണിത്. ലോക്സഭാ തിരഞ്ഞെടുപ്പ് വേളയിലും ഇത്തരം പരാമർശങ്ങൾ ഹിമന്ത നിരന്തരം ഉന്നയിച്ചിരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിൽ ധുബ്രി മണ്ഡലത്തിൽ ബി.ജെ.പി വിജയിക്കരുതെന്നാണ് താൻ ആഗ്രഹിക്കുന്നതെന്നും കാരണം അത് മുസ്‌ലിം ഭൂരിപക്ഷ ജില്ലയാണെന്നും വരെ അദ്ദേഹം പറഞ്ഞിരുന്നു.

## യു.പിയിൽ മുസ്‌ലിം സമൂഹ വിവാഹത്തിന് അനുമതിയില്ല

ലക്നൗ: ഇസ്‌ലാം സ്വീകരിച്ച ഇതര മതസ്ഥരായ സ്ത്രീകളുടെയും പുരുഷൻമാരുടെയും സമൂഹ വിവാഹം നടത്താൻ അധികൃതർ അനുമതി നിഷേധിച്ചു. പ്രാദേശിക രാഷ്ട്രീയ സംഘടനയായ ഇത്തിഹാദെ മില്ലത്ത് കൗൺസിൽ ആണ് പരിപാടിക്ക് നേതൃത്വം നൽകുന്നത്. അനുമതി നിഷേധിച്ചതിനെ തുടർന്ന് വിവാഹം മാറ്റിവെക്കുകയും ചെയ്തു. നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്നും അനുമതി ലഭിച്ചാൽ മാത്രമേ ഇത്തരം പരിപാടികൾ നടത്തുകയുള്ളൂവെന്നും ഇത്തിഹാദെ മില്ലത്ത് കൗൺസിൽ മേധാവി മൗലാന തൗക്കീർ റാസാ ഖാൻ പറഞ്ഞു. ആദ്യഘട്ടത്തിൽ അഞ്ച് ദമ്പതികളുടെ വിവാഹം നടത്താനാണ് തീരുമാനിച്ചിരുന്നത്.

# ഉത്തരാഖണ്ഡിൽ ക്രിസ്ത്യൻ പ്രാർഥനയ്ക്കിടെ ഹിന്ദുത്വ ആക്രമണം

ഡെറാഡൂൺ: ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ ക്രിസ്തുമത പ്രാർഥനക്കെത്തിയവർക്ക് നേരെ ഹിന്ദുത്വരുടെ ആക്രമണം. കഴിഞ്ഞ ഞായറാഴ്ചയായിരുന്നു സംഭവം. പ്രദേശത്തെ ഒരു വീട്ടിൽ വെച്ചായിരുന്നു പ്രാർഥനാ സംഗമം നടന്നത്.

പ്രാർഥന നടന്നുകൊണ്ടിരിക്കെ ഒരു സംഘം അക്രമികൾ വീട്ടിലേക്ക് അതിക്രമിച്ചു കയറി സ്ത്രീകളും കുട്ടികളുമടക്കമുള്ളവരെ അസഭ്യം പറയുകയും മർദിക്കുകയുമായിരുന്നു. അക്രമത്തിൽ ഏഴു പേർക്ക് പരിക്കേറ്റു. പ്രാർഥിക്കാനെത്തിയവരുടെ കൂട്ടത്തിൽ കൈക്കുഞ്ഞുമായി ഒരു യുവതിയുമുണ്ടായിരുന്നു. യുവതി സിന്ദൂരവും താലിയും ധരിക്കാത്തതിനെയും അക്രമികൾ ചോദ്യം ചെയ്തു. കുട്ടികളെ പോലും സംഘം വെറുതെ വിട്ടില്ല. അവരുടെ തലയിൽ കുത്തിപ്പിടിച്ച് എന്തിനാണ് പ്രാർഥനയിൽ പങ്കെടുക്കാനെത്തിയതെന്ന് ചോദിച്ചു. ഇനിയൊരിക്കലും ഇത്തരം പ്രാർഥനയിൽ പങ്കെടുക്കരുതെന്ന് താക്കീതും നൽകി.

സജീവ ആർ.എസ്.എസ് പ്രവർത്തകനും പ്രദേശത്തെ ക്രിമിനലുമായ ദേവേന്ദ്ര ദോഭാലിന്റെ നേതൃത്വത്തിലുള്ള സംഘമാണ് അക്രമത്തിന് നേതൃത്വം നൽകിയത്. മുൻ സൈനികനെന്നാണ് ഇയാൾ അവകാശപ്പെടുന്നത്. സംഭവത്തിൽ ദേവേന്ദ്ര ദോഭാൽ ഉൾപ്പെടെ 11 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. അക്രമികൾ തങ്ങളുടെ വീട് തകർത്തതായി പാസ്റ്റർ രാജേഷ് ഭൂമിയുടെ ഭാര്യ ദീക്ഷ പോൾ പറഞ്ഞു. ഹിന്ദുത്വ സംഘം തങ്ങളുടെ മാതാപിതാക്കളെ തല്ലിച്ചതക്കുന്നത് കുട്ടികൾ ദയനീയമായി നോക്കി നിന്നു. ഞങ്ങളുടെ ലാപ്ടോപ്പുകൾ അവർ തറയിലേക്കെറിഞ്ഞു. എന്റെ മകന് ആറു വയസേ ഉള്ളൂ. മകൾക്ക് ഒരു വയസും. രണ്ടും മൂന്നും വയസുള്ള കുഞ്ഞുങ്ങളുമായാണ് എല്ലാവരും പ്രാർഥനക്കെത്തിയതെന്നും അവർ കൂട്ടിച്ചേർത്തു.

അതേസമയം, അക്രമികളുടെ പേരിലുള്ള വിഡിയോകൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. പാവപ്പെട്ട ഹിന്ദു കുടുംബങ്ങളെ കൊള്ളയടിച്ചാണ് ക്രിസ്ത്യനികൾ ജീവിക്കുന്നതെന്നാണ് അക്രമികൾ ഒരു വിഡിയോയിൽ ആരോപിക്കുന്നത്. അവർ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്താൻ നിർബന്ധിക്കപ്പെട്ടവരാണെന്നും വിഡിയോയിൽ പറയുന്നുണ്ട്.



ഡെറാഡൂണിൽ ക്രിസ്തുമത പ്രാർഥനക്കെത്തിയവരെ ഹിന്ദുത്വർ ആക്രമിക്കുന്നതിന്റെ ദൃശ്യത്തിൽ നിന്ന്

# നാല് നേതാക്കൾ പാർട്ടി വിട്ടു; അജിത് പവാറിന് തിരിച്ചടി



ശരത് പവാർ, അജിത് പവാർ

മുംബൈ: ലോക്സഭാ തിരഞ്ഞെടുപ്പിലേറ്റ തിരിച്ചടിക്കു പിന്നാലെ മഹാരാഷ്ട്രയിൽ എൻ.സി.പി അജിത് പവാർ വിഭാഗത്തിലെ നാല് നേതാക്കൾ പാർട്ടി വിട്ടു. ഇവർ ഈ ആഴ്ചതന്നെ ശരത് പവാർ വിഭാഗത്തോടൊപ്പം ചേരുമെന്നാണ് റിപ്പോർട്ട്. പിംപ്രി- ചിഞ്ച്‌വാഡ് ജില്ലാ അധ്യക്ഷൻ അജിത് ഗവ്ഹാൻ, വിദ്യാർഥി വിഭാഗം അധ്യക്ഷൻ യാഷ് സനെ, മുതിർന്ന നേതാക്കളായ രാഹുൽ ഭോസാല, പങ്കജ് ഭലേക്കർ എന്നിവരാണ് രാജിവെച്ചത്.

ഇവർക്കൊപ്പം നിരവധി പാർട്ടി പ്രവർത്തകരും രാജിവെച്ചിട്ടുണ്ട്. ലോക്സഭാ തിരഞ്ഞെടുപ്പിൽ ദയനീയ പ്രകടനമായിരുന്നു അജിത് പവാറിന്റെ നേതൃത്വത്തിലുള്ള എൻ.സി.പിയുടേത്. ശരത് പവാറിന്റെ എൻ.സി.പി എട്ട് സീറ്റ് കരസ്ഥമാക്കിയപ്പോൾ അജിത് പവാറിന്റെ പാർട്ടിക്ക് റായ്ഗഡ് സീറ്റ് മാത്രമാണ് നേടാനായത്. ഇതോടെ എം.എൽ.എമാരടക്കമുള്ള ചില നേതാക്കൾ ശരത് പവാറിനൊപ്പം പോകാൻ താൽപര്യപ്പെടുന്നുവെന്ന അഭ്യൂഹം ശക്തമായിരുന്നു. പാർട്ടിയെ തകർക്കാൻ ശ്രമിച്ചവരെ തിരികെ പ്രവേശിക്കാൻ അനുമതി നൽകില്ലെന്നും എന്നാൽ പ്രതിഛായക്ക് കളങ്കമേൽപ്പിക്കാത്തവർക്ക് വീണ്ടും അവസരം നൽകുമെന്നും ശരത് പവാർ അടുത്തിടെ വ്യക്തമാക്കിയിട്ടുണ്ട്. പവാറിന്റെ അനന്തരവനായ അജിത് 2023ലാണ് എൻ.സി.പി പിളർത്തി ഒരു വിഭാഗം എം.എൽ.എമാരുമായി ഏക്നാഥ് ഷിൻഡെയുടെയും ബി.ജെ.പിയുടെയും മന്ത്രിസഭയിൽ അംഗമായത്. ഷിൻഡെ സർക്കാരിൽ ഉപമുഖ്യമന്ത്രിയാണ് അദ്ദേഹം.

## പവാറിനെ കണ്ട് ഭുജ്ബൽ; വീട്ടിലെത്തി സുനേത്രയും

മുംബൈ: എൻ.സി.പി അധ്യക്ഷൻ ശരത് പവാറിന്റെ പൂനെയിലെ വീട് സ്ഥിതിചെയ്യുന്ന മോദിബാഗിൽ അജിത് പവാറിന്റെ ഭാര്യയും രാജ്യസഭാംഗവുമായ സുനേത്ര പവാർ സന്ദർശനം നടത്തിയതിനെച്ചൊല്ലി അഭ്യൂഹം. ചൊവ്വാഴ്ചയാണ് സുനേത്ര പവാറിന്റെ വസതിയിലെത്തിയത്. ശരത് പവാറിനെ കാണാനാണ് അവർ വന്നതെന്നാണ് റിപ്പോർട്ട്.

അജിത് പവാറിന്റെ നേതൃത്വത്തിലുള്ള എൻ.സി.പിയിലെ മുതിർന്ന നേതാവും സംസ്ഥാന മന്ത്രിയുമായ ഛഗൻ ഭുജ്ബൽ തിങ്കളാഴ്ച ശരത് പവാറുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇതിനുപിന്നാലെയാണ് സുനേത്രയും മോദിബാഗിലെത്തിയതാണ് അഭ്യൂഹങ്ങൾക്കിടയാക്കിയത്. കൂടിക്കാഴ്ചയിൽ രാഷ്ട്രീയമില്ലെന്നും മറാത്ത, ഒബിസി സമുദായങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങളെ കുറിച്ച് ചർച്ച ചെയ്യാനും അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശം തേടാനുമാണ് എത്തിയതെന്ന് ഭുജ്ബൽ പ്രതികരിച്ചു.

ഒരു കാലത്ത് പവാറിന്റെ അടുത്ത വിശ്വസ്തനായിരുന്ന ഭുജ്ബൽ, ഇ.ഡി കേസിൽ നിന്ന് രക്ഷപ്പെടാനും മന്ത്രിസ്ഥാനം മോഹിച്ചുമാണ് അജിതിനൊപ്പം മറുകണ്ടം ചാടിയത്. അതേസമയം, അജിത് പവാറിന്റെ സഹോദരിയെ കാണാനാണ് സുനേത്ര പവാർ മോദിബാഗിലെത്തിയതെന്ന് എൻ.സി.പി നേതാവ് സൂരജ് ചവാൻ പറഞ്ഞു.

ലോക്സഭാ തിരഞ്ഞെടുപ്പിൽ ബാരാമതി മണ്ഡലത്തിൽനിന്ന് സിറ്റിങ് എം.പിയും ശരത് പവാറിന്റെ മകളുമായ സുപ്രിയ സുലെയ്ക്കെതിരേ സുനേത്ര മത്സരിച്ചിരുന്നു. എന്നാൽ ഒന്നരലക്ഷത്തിലധികം വോട്ടിനാണ് സുനേത്ര പരാജയപ്പെട്ടത്.

# ആശങ്കയുണർത്തി ഗുജറാത്തിൽ ചാന്ദിപുര വൈറസ് വ്യാപനം

### ഇതുവരെ മരിച്ചത് ഒമ്പത് കുട്ടികൾ

ന്യൂഡൽഹി: ആരോഗ്യത്ത് പുതിയ ഭീഷണി ഉയർത്തി ഗുജറാത്തിൽ അപൂർവ വൈറസ് രോഗം. ഒമ്പത് കുട്ടികളുടെ ജീവനെടുത്ത ചാന്ദിപുര വൈറസ് രോഗബാധക്കെതിരെ കരുതൽ വേണമെന്ന് ഗുജറാത്ത് സർക്കാരിന്റെ മുന്നറിയിപ്പ്. ജൂലൈ 10ന് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട ശേഷം ഇതുവരെ എട്ടു കുട്ടികളുടെ ജീവൻ ചാന്ദിപുര വൈറസ് ബാധയെതുടർന്ന് നഷ്ടമായെന്നാണ് റിപ്പോർട്ട്. 12 പേർ രോഗം ബാധിച്ച് ചികിത്സയിലാണ്.

ഗുജറാത്തിലെ സാബർകാന്ത ജില്ലയിലെ ഹിമത്നഗർ സിവിൽ ആശുപത്രിയിൽ ചികിത്സയിലുള്ള നാല് കുട്ടികൾക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. രോഗലക്ഷണങ്ങളോടെ ചികിത്സ തേടുന്നവരുടെ എണ്ണം ദിനേന വർധിച്ചുവരികയാണ്. ഗുജറാത്തിനു പുറമെ രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള ചിലരെയും രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ചതിനെത്തുടർന്ന് ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

1965ൽ മഹാരാഷ്ട്രയിലെ ചാന്ദിപുര ജില്ലയിലാണ് ആദ്യമായി വൈറസ് ബാധ കണ്ടെത്തുന്നത്. ഇതോടെയാണ് ചാന്ദിപുര വൈറസ് എന്ന പേര് ലഭിച്ചതും. പിന്നീട് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ഏഷ്യയിലും ആഫ്രിക്കയിലെയും രോഗം റിപ്പോർട്ട് ചെയ്തു.

2003 – 04 കാലയളവിൽ ചാന്ദിപുര വൈറസ് ബാധയെ തുടർന്ന് 322 കുട്ടികളാണ് ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് എന്നിവിടങ്ങളിൽ മരിച്ചത്. പഠനങ്ങൾ പ്രകാരം മിക്ക രോഗികളുടെയും മരണത്തിന്റെ പ്രാഥമിക കാരണം മസ്തിഷ്ക കോശങ്ങളുടെ നാശത്തിന് കാരണമാകുന്ന എൻസെഫലൈറ്റിസാണ്. കടുത്ത പനിയിൽ തുടങ്ങുന്ന അണുബാധ അതിവേഗം തന്നെ വൃക്കകളുടെയും കരളിന്റെയും പ്രവർത്തനത്തെ ബാധിക്കുന്നതായി ശിശുരോഗവിദഗ്ധർ പറയുന്നു. ഗ്രാമപ്രദേശങ്ങളിലും ഗോത്ര വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലുമാണ് രോഗകാരിയായ വൈറസിനെ പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്. പ്രധാനമായും കുട്ടികളെയാണ് ചാന്ദിപുര വൈറസ് ബാധിക്കുന്നത്. ചാന്ദിപുര വൈറസിന്റെ ഏറ്റവും പ്രധാനപ്പെട്ട വാഹകർ കൊതുകുകളാണ്. ഈ വൈറസിനെ ലോകാരോഗ്യ സംഘടന (ഡബ്ല്യുഎച്ച്ഒ) 2017ൽ അതീവ കരുതൽ വേണ്ട രോഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു.

മരുപ്രദേശങ്ങളിൽ കാണപ്പെടുന്ന ചിലയിനം മണൽ ഈച്ചകളും വൈറസ് വാഹകരാകാറുണ്ടെന്ന് പഠനങ്ങൾ പറയുന്നു. പ്രാണികളുടെ ഉമിനീർഗ്രന്ഥിയിൽ വസിക്കുന്ന വൈറസുകൾ പ്രാണികളുടെ കടിയേൽക്കുന്നതിലൂടെയാണ് മൃഗങ്ങളിലേക്കും മനുഷ്യരിലേക്കും പകരുന്നത്.

## കന്നഡക്കാർക്ക് സംവരണം; ബിൽ മരവിപ്പിച്ചു

ബെംഗളൂരു: സ്വകാര്യ സ്ഥാപനങ്ങളിൽ കർണാടക സ്വദേശികൾക്ക് സംവരണം നൽകുന്ന ബിൽ സർക്കാർ താൽക്കാലികമായി മരവിപ്പിച്ചു. ഐ.ടി മേഖലയിൽനിന്ന് ഉൾപ്പെടെ വ്യാപക പ്രതിഷേധം ഉയർന്നതോടെയാണ് തീരുമാനം. കൂടിയാലോചനകൾക്കു ശേഷം മാത്രമേ അന്തിമ തീരുമാനം എടുക്കൂവെന്നും സർക്കാർ വൃത്തങ്ങൾ അറിയിച്ചു. എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലും മാനേജ്മെന്റ് തലത്തിൽ 50 ശതമാനം കന്നഡ സംവരണം, മാനേജ്മെന്റ് ഇതര തലത്തിൽ 70 ശതമാനം, താഴേത്തട്ടിലുള്ള ഗ്രൂപ്പ് സി, ഡി ജോലികളിൽ 100 ശതമാനം എന്നിങ്ങനെയാണ് സംവരണം നിർദേശിച്ചത്. എന്നാൽ, ഇതിനെതിരെ വ്യവസായ പ്രമുഖരും യൂനിയനുകളും പ്രതിഷേധവുമായി രംഗത്തെത്തി. വ്യവസായ വളർച്ച തടസ്സപ്പെടുത്തുന്ന തീരുമാനമെന്നാണ് ബില്ലിനെ അവർ വിശേഷിപ്പിച്ചത്.

# സി.ബി.ഐ അറസ്റ്റ് ചോദ്യം ചെയ്തുള്ള കെജ്‌രിവാളിന്റെ ഹർജി വിധി പറയാൻ മാറ്റി



ന്യൂഡൽഹി: ഡൽഹി മദ്യനയക്കേസിൽ തന്നെ അറസ്റ്റ് ചെയ്ത സി.ബി.ഐ നടപടി ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ സമർപ്പിച്ച ഹർജി ഹൈക്കോടതി വിധി പറയാൻ മാറ്റി. ഇടക്കാല ജാമ്യം ആവശ്യപ്പെട്ടുള്ള കെജ്‌രിവാളിന്റെ ഹർജിയും ഇതോടൊപ്പം ഹൈക്കോടതി വിധി പറയാനായി മാറ്റി.

കെജ്‌രിവാളിന് ഇടക്കാല ജാമ്യം അനുവദിക്കുന്നതിനിടെ സി.ബി.ഐക്കു വേണ്ടി ഹാജരായ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ഡി.പി സിങ് എതിർത്തു. ആരോഗ്യ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഡൽഹി മുഖ്യമന്ത്രി ഇടക്കാല ജാമ്യം ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ നേരത്തെ 21 ദിവസം സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചത് അനുകൂല ഘടകമായിരുന്നെങ്കിലും ചികിത്സക്കോ വൈദ്യ പരിശോധനക്കോ അദ്ദേഹം ഈ സമയം ഉപയോഗിച്ചില്ലെന്നും പൂർണമായും തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ മുഴുകുകയായിരുന്നുവെന്നും ഡി.പി സിങ് വാദിച്ചു.

അറസ്റ്റ് നടപടിയേയും സി.ബി.ഐ അഭിഭാഷകൻ ന്യായീകരിച്ചു. വെറും സംശയത്തിന്റെ പേരിൽ പോലും സി.ബി.ഐക്ക് ഒരാളെ അറസ്റ്റു ചെയ്യാൻ അധികാരമുണ്ടെന്നും ഡൽഹി മുഖ്യമന്ത്രിയെ കസ്റ്റഡിയിൽ ചോദ്യം ചെയ്യേണ്ടത് അനിവാര്യമായതിനാലാണ് അറസ്റ്റ് ചെയ്തതെന്നും അദ്ദേഹം വാദിച്ചു.

കേസിൽ വാദം നീട്ടിക്കൊണ്ടുപോകാനും അതുവഴി മുഖ്യമന്ത്രിയുടെ ജയിൽ മോചനം വൈകിപ്പിക്കാനാണ് സി.ബി.ഐ ശ്രമിക്കുന്നതെന്ന് കെജ്‌രിവാളിനു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ മനു അഭിഷേക് സിങ് വി വാദിച്ചു. അറസ്റ്റിനെ ന്യായീകരിക്കാവുന്ന ഒരു രേഖയും പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കിയിട്ടില്ലെന്നും സിങ്‌വി വാദിച്ചു.

# ന്യൂനപക്ഷത്തിന് എതിരെ വിഷംതുപ്പി ബംഗാൾ ബി.ജെ.പി അധ്യക്ഷൻ

കൊൽക്കത്ത: ന്യൂനപക്ഷങ്ങൾക്ക് ബി.ജെ.പിയും ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളും പരിഗണന നൽകേണ്ടെന്ന് പശ്ചിമബംഗാൾ ബി.ജെ.പി അധ്യക്ഷൻ സുവേന്ദു അധികാരി. ജിഹാദി ഗുണ്ടകൾ എന്ന പരോക്ഷ പ്രയോഗവും അധികാരി ന്യൂനപക്ഷങ്ങൾക്കു നേരെ നടത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഭരണ മുദ്രാവാക്യമായ സബ്കാ സാത്, സബ്കാ വികാസി(എല്ലാവർക്കുമൊപ്പം, എല്ലാവർക്കും വികസനം)നെ തള്ളിപ്പറഞ്ഞുകൊണ്ടാണ് സുവേന്ദു അധികാരി രംഗത്തെത്തിയത്. കൂടെ നിൽക്കുന്നവരെ മാത്രം ബി.ജെ.പി പരിഗണിച്ചാൽ മതി. എല്ലാവരേയും പരിഗണിക്കേണ്ട കാര്യമില്ല. ബി.ജെ.പിയിൽ ന്യൂനപക്ഷത്തിന് പ്രത്യേക പരിഗണന ആവശ്യമില്ല. പാർട്ടിയുടെ ന്യൂനപക്ഷ വിഭാഗമായ ന്യൂനപക്ഷ മോർച്ചയെ പിരിച്ചുവിടണമെന്നും സുവേന്ദു അധികാരി ആവശ്യപ്പെട്ടു.



ലോക്സഭാ തിരഞ്ഞെടുപ്പിലെ തിരിച്ചടി വിലയിരുത്താൻ ചേർന്ന ബി.ജെ.പി സംസ്ഥാന എക്സിക്യൂട്ടീവ് യോഗത്തിലായിരുന്നു സുവേന്ദു അധികാരിയുടെ വിവാദ പരാമർശങ്ങൾ. അതേസമയം വിവാദ പരാമർശങ്ങളെ തള്ളിപ്പറഞ്ഞ് ബി.ജെ.പി കേന്ദ്ര നേതൃത്വം രംഗത്തെത്തിയതോടെ സുവേന്ദു അധികാരിയും നിലപാടിൽ മലക്കം മറിഞ്ഞു. ദേശീയ വാദികളായ മുസ്‌ലിംകൾക്കു വേണ്ടി കൂടിയാണ് താൻ സംസാരിക്കുന്നത്. സബ്കാ സാത്, സബ്കാ വികാസ് എന്ന് നമ്മളെല്ലാവരും പറയും. ഇനിയിത് തുടരേണ്ടതില്ലെന്നാണ് തന്റെ അഭിപ്രായം. ഞാൻ ചിന്തിക്കുന്നത്. ആരാണോ നമ്മൾക്കൊപ്പമുള്ളത്, അവർക്കൊപ്പമാണ് നമ്മൾ നിൽക്കേണ്ടത് എന്നാണ്. മൈനോറിറ്റി മോർച്ച ആവശ്യമില്ല- നേതൃയോഗത്തിൽ അധികാരി പറഞ്ഞു.

തൃണമൂൽ കോൺഗ്രസിന്റെ ജിഹാദി ഗുണ്ടകൾ ഹിന്ദുക്കളെ ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ പോലും അനുവദിച്ചില്ലെന്നും സംഘർഷ മേഖലാ നിയമം(ഡിസ്റ്റർബ്ഡ് ഏരിയാസ് ആക്ട്) സംസ്ഥാനത്ത് നടപ്പാക്കിയാലല്ലാതെ സ്വതന്ത്രവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് പശ്ചിമബംഗാളിൽ സാധ്യമല്ലെന്നും അധികാരി പറഞ്ഞു. രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി പിൻവാതിൽ വഴി അധികാരം പിടിക്കാൻ തങ്ങൾ ആഗ്രഹിക്കുന്നില്ല. ജനവിധിയിലൂടെ തിരഞ്ഞെടുപ്പ് ജയിച്ചു തന്നെ ബി.ജെ.പി ബംഗാളിൽ അധികാരത്തിൽ വരും. എന്നാൽ അതിന് സ്വതന്ത്രവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും അധികാരി പറഞ്ഞു. 2019ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ 18 സീറ്റ് നേടിയ ബി.ജെ.പി ഇത്തവണ 12 സീറ്റിലേക്ക് ഒതുങ്ങിയിരുന്നു.

## നീറ്റ് കൗൺസലിങ് നടപടി തുടങ്ങി

ന്യൂഡൽഹി: നീറ്റ് യുജി കൗൺസലിങ്ങിനായി കേന്ദ്രം നടപടി തുടങ്ങി. മെഡിക്കൽ സീറ്റുകൾ പോർട്ടലിൽ രേഖപ്പെടുത്താൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. ഇന്ന് സുപ്രീംകോടതി കേസ് കേൾക്കാനിരിക്കെയാണ് നിർദ്ദേശം. പരീക്ഷ റദ്ദാക്കരുതെന്ന് കേന്ദ്രം കോടതിയിൽ ആവശ്യപ്പെട്ടിരുന്നു. നീറ്റ് കൗൺസലിങ് ജൂലൈ മൂന്നാം വാരം തുടങ്ങുമെന്നാണ് കേന്ദ്രം നേരത്തെ വ്യക്തമാക്കിയത്. ഇതിനായുള്ള പ്രാരംഭം നടപടികൾക്കാണ് മെഡിക്കൽ കൗൺസലിങ് കമ്മറ്റി തുടക്കമിട്ടത്. കൗൺസലിങ്ങിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നാണ് കമ്മറ്റി വിശദാംശങ്ങൾ തേടിയത്. കമ്മറ്റി നൽകിയ നോട്ടീസ് അനുസരിച്ച് സ്ഥാപനങ്ങൾക്ക് ശനിയാഴ്ച്ച വരെ സീറ്റ് വിവരങ്ങൾ സൈറ്റിൽ നൽകാം.

### പൂജ ഖേദ്കറിനെതിരെ കൂടുതൽ ആരോപണം

# ഭിന്നശേഷിക്കാരിയെന്ന് തെളിയിക്കാൻ നൽകിയ സർട്ടിഫിക്കറ്റിലെ മേൽവിലാസവും വ്യാജം

മുംബൈ: വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ഐഎഎസ് നേടിയെന്ന ആരോപണത്തിൽ പൂജ ഖേദ്കറിന് (34) കുരുക്ക് മുറുകുന്നു. ഭിന്നശേഷിക്കാരിയാണെന്നു തെളിയിക്കാനായി പൂജ അധികൃതർക്ക് നൽകിയ സർട്ടിഫിക്കറ്റിലെ മേൽവിലാസം വ്യാജമാണെന്നു ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

സർട്ടിഫിക്കറ്റിലെ മേൽവിലാസത്തിൽ പൂജയുടെ വീടിനു പകരം ഫാക്ടറിയായിരുന്നു. ബീക്കൺ ലൈറ്റുവച്ച് പൂജ കറങ്ങിയ ആഡംബരക്കാർ റജിസ്റ്റർ ചെയ്തതും ഈ കമ്പനിയുടെ പേരിലാണ്. ഭിന്നശേഷി സർട്ടിഫിക്കറ്റിനായി ആധാർ കാർഡാണ് നൽകേണ്ടിയിരുന്നത്. പൂജ നൽകിയത് റേഷൻ കാർഡും. റേഷൻ കാർഡിലെ മേൽവിലാസം വ്യാജമായിരുന്നു. വീടിന്റെ മേൽവിലാസത്തിനു പകരം സ്വകാര്യ ഫാക്ടറിയുടെ വിലാസമാണ് രേഖപ്പെടുത്തിയിരുന്നത്.

സ്വകാര്യ ആശുപത്രിയിൽനിന്നു ലഭിച്ച രണ്ട് ആരോഗ്യ സർട്ടിഫിക്കറ്റുകൾ 2018, 2021 വർഷങ്ങളിൽ പൂജ യുപിഎസ്‌സിയിൽ ഹാജരാക്കിയിരുന്നു. 2022ൽ ഭിന്നശേഷി സർട്ടിഫിക്കറ്റിനായി പൂനെയിലെ സർക്കാർ ആശുപത്രിയിൽ അപേക്ഷ നൽകി. എന്നാൽ പരിശോധനകൾക്കുശേഷം ആശുപത്രി അധികൃതർ അപേക്ഷ തള്ളി. പിന്നീട് പൂനെയിലെ സ്വകാര്യ ആശുപത്രിയിൽനിന്നാണു ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കിയത്. ഇതിലെ മേൽവിലാസം സ്വകാര്യ ഫാക്ടറിയുടേതായിരുന്നു. ഇത്രയും ക്രമക്കേടുകൾ നടത്താൻ ഉന്നത പിന്തുണ ലഭിച്ചിരുന്നോ എന്നും അന്വേഷിക്കുന്നുണ്ട്. യു.പി.എസ്.സി ചട്ടങ്ങൾ അനുസരിച്ച് ഭിന്നശേഷിക്കാരുടെ ആനുകൂല്യങ്ങൾ ലഭിക്കാൻ 40 ശതമാനം വൈകല്യം വേണം. പൂജയുടെ സർട്ടിഫിക്കറ്റിൽ ഏഴ് ശതമാനം വൈകല്യമാണ് കാണിച്ചിരുന്നത്.

സർക്കാർ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ഭിന്നശേഷി തെളിയിക്കുന്ന വിവിധ പരിശോധനകളിൽനിന്ന് പൂജ നേരത്തെ ഒഴിഞ്ഞു മാറിയിരുന്നു. പിന്നീടാണ് സ്വകാര്യ ആശുപത്രിയിൽനിന്നു സർട്ടിഫിക്കറ്റ് ഹാജരാക്കിയത്. സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്ന നടപടികൾ ആരംഭിച്ചു. പൂജയുടെ പ്രവൃത്തികളെക്കുറിച്ച് പൂനെ കലക്ടർ ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയതോടെയാണു വിവാദങ്ങൾ ആരംഭിച്ചത്.

പിന്നാലെ സ്വകാര്യ കമ്പനിയുടെ ആഡംബരക്കാറിൽ ബീക്കൺ ലൈറ്റ് ഉപയോഗിച്ച് സഞ്ചരിക്കുന്നതും പുറത്തുവന്നു. പൂജയെ ഐ.എ.എസ് അക്കാദമി തിരിച്ചുവിളിച്ചിട്ടുണ്ട്. മഹാരാഷ്ട്രയിലെ പരിശീലനം നിർത്തി ഈ മാസം 23ന് മുൻപ് തിരിച്ചെത്താനാണ് ഉത്തരാഖണ്ഡ് മസൂറി ലാൽബഹാദൂർ ശാസ്ത്രി അക്കാദമി ആവശ്യപ്പെട്ടിരിക്കുന്നത്. കർഷകനു നേരെ തോക്കു ചൂണ്ടിയ കേസിൽ അമ്മ മനോരമയും അച്ഛൻ ദിലീപും ഒളിവിലാണ്.

# അഗ്നിവീറും കർഷക പ്രശ്നങ്ങളും ഉയർത്തി ഹരിയാന പിടിക്കാൻ കോൺഗ്രസ്

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിലും ഏറ്റവുമൊടുവിൽ 10 സംസ്ഥാനങ്ങളിലായി 13 നിയമസഭാ മണ്ഡലങ്ങളിൽ നടന്ന ഉപതിരഞ്ഞെടുപ്പിലും ശക്തമായ തിരിച്ചുവരവിന്റെ സൂചന നൽകിയ കോൺഗ്രസിന്റെ അടുത്ത ഉന്നം ഹരിയാന ഭരണം. ഇതിനായി കോൺഗ്രസ് ദേശീയ – സംസ്ഥാന ഘടകങ്ങൾ സംയുക്തമായി നീക്കം തുടങ്ങി.

അഗ്നിവീറും കർഷക പ്രശ്നങ്ങളും ബി.ജെ.പിയുടെ ജാട്ട് വിരുദ്ധ സമീപനവും സജീവ ചർച്ചയാക്കി തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുമ്പേ തന്നെ സംസ്ഥാനത്ത് അനുകൂല രാഷ്ട്രീയ സാഹചര്യം സൃഷ്ടിച്ചെടുക്കാനാണ് കോൺഗ്രസ് ശ്രമം. 2024 ഒക്ടോബർ – നവംബർ മാസങ്ങളിലാണ് നിയമസഭാ തിരഞ്ഞെടുപ്പ് പ്രതീക്ഷിക്കുന്നത്. സെപ്തംബർ പകുതിക്കു ശേഷം എപ്പോൾ വേണമെങ്കിലും പ്രഖ്യാപനം വന്നേക്കാം.

ഈ മാസം അവസാനം ചേരുന്ന പാർട്ടി മുഖ്യമന്ത്രിമാരുടെ യോഗത്തോടെ ബി.ജെ.പിയും തിരഞ്ഞെടുപ്പ് ഒരുക്കങ്ങളിലേക്ക് കടക്കും. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള കണക്ക് പരിശോധിച്ചാൽ കോൺഗ്രസും ബി.ജെ.പിയും ബലാബലമാണ്. നേരിയ മുൻതൂക്കമാവട്ടെ കോൺഗ്രസിനും. 46 നിയമസഭാ മണ്ഡലങ്ങളിലാണ് കോൺഗ്രസിന് ലീഡുള്ളത്. ബി.ജെ.പിക്ക് 44 സീറ്റിലും. നിലവിലെ സഭയിൽ കോൺഗ്രസിന് 29 അംഗങ്ങളാണുള്ളത്. ബി.ജെ.പിക്ക് 41ഉം. മൂന്ന് സ്വതന്ത്രരും 10 ജെ.ജെ.പി അംഗങ്ങളും നേരത്തെ ബി.ജെ.പിക്ക് പിന്തുണ നൽകിയിരുന്നെങ്കിലും പിന്നീട് ഇത് പിൻവലിച്ചിരുന്നു.

2019നെ അപേക്ഷിച്ച് വൻ മുന്നേറ്റമാണ് കോൺഗ്രസ് ലോക്സഭാ തിരഞ്ഞെടുപ്പിൽ ഹരിയാനയിൽ കാഴ്ചവെച്ചത്. അതേസമയം എക്സിറ്റ് പോൾ പ്രവചനങ്ങൾ പ്രവചിച്ചതു പോലുള്ള തിരിച്ചടി ഉണ്ടായില്ല എന്ന വാദം നിരത്തിയാണ് ബി.ജെ.പി ആശ്വാസം കൊള്ളുന്നത്. സൈനിക നിയമനം അട്ടിമറിക്കാനായി മോദി സർക്കാർ കൊണ്ടുവന്ന അഗ്നിവീർ, കർഷക പ്രക്ഷോഭം, ഗുസ്തി ഫെഡറേഷൻ മുൻ തലവനും ബി.ജെ.പി മുൻ എം.പിയുമായ ബ്രിജ് ഭൂഷൺ ശരണിനെതിരെ ഗുസ്തി താരങ്ങൾ നടത്തിയ സമാനതകളില്ലാത്ത പ്രതിഷേധം എന്നിവയെല്ലാം ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് അനുകൂല ഘടകങ്ങളായിരുന്നു. നിയമസഭാ തിരഞ്ഞെടുപ്പിലും ഈ വിഷയങ്ങൾ പരമാവധി ചർച്ചയാക്കാനാണ് കോൺഗ്രസ് ശ്രമം.

## അഗ്നിവീറുകൾക്ക് സംവരണം

ന്യൂഡൽഹി: അഗ്നിവീർ പദ്ധതിയിൽപെടുന്നവർക്ക് സർക്കാർ ജോലിയിൽ 10 ശതമാനം സംവരണം പ്രഖ്യാപിച്ച് ഹരിയാന സർക്കാർ. മുഖ്യമന്ത്രി നായബ് സിങ് സെയ്നിയാണ് സംവരണം പ്രഖ്യാപിച്ചത്. പൊലീസ് കോൺസ്റ്റബിൾ, വനം വകുപ്പ് ഗാർഡ്, ജയിൽ വാർഡൻ, മൈനിംങ് ഗാർഡ്, സ്പെഷൽ പൊലീസ് ഓഫീസർ തുടങ്ങിയ യൂണിഫോം തസ്തികകളിലേക്കാണു സംവരണം. 2022 ജൂൺ 14നാണ് അഗ്നിവീർ പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇന്ത്യൻ സൈന്യത്തിന്റെ ഭാഗമാകുന്ന അഗ്നിവീറുകൾ നാല് വർഷത്തേക്ക് സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്നതാണു പദ്ധതി.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 18 വ്യാഴം
ഗൾഫ് ചന്ദ്രിക

## തിരക്കൊഴിഞ്ഞ പുതുപ്പള്ളി ഹൗസ്; ആ വാതിലുകൾ തുറന്നുതന്നെ കിടക്കുന്നു

തിരുവനന്തപുരം: തലസ്ഥാന നഗരത്തിലിപ്പോൾ തിരക്കൊഴിഞ്ഞൊരു റോഡുണ്ട്, ജഗതിയിലെ പുതുപ്പള്ളി ഹൗസിലേക്കുള്ള വഴി. കഴിഞ്ഞ ഒരു വർഷമായി ഇവിടെ തിരക്കില്ല, ആളും ആരവവുമില്ല. പതിറ്റാണ്ടുകൾ രാഷ്ട്രീയകേരളത്തിന്റെ ദിനചര്യകളിൽ നിർണായക പങ്കുവഹിച്ച ഈ വീടിന്റെ നാഥൻ ഓർമ്മയായ ശേഷം ഈ വഴിയിൽ ശൂന്യത തളംതെട്ടി നിൽക്കുന്നു. തണൽമരങ്ങൾ പൊഴിച്ചിട്ട ഇലകൾക്കിടയിലൂടെ ചെറിയൊരു കയറ്റംകടന്ന് ഇടതേക്ക് തിരിയുമ്പോൾ എല്ലാ വാതിലുകളും തുറന്നിട്ട വീട്ടിൽ അദ്ദേഹം കാത്തിരിക്കുമായിരുന്നു. ആർക്കൊക്കെയോ വേണ്ടി കാത്തിരിക്കുമായിരുന്നു. ആ സാന്നിധ്യം വിടപറഞ്ഞിട്ട് ഇന്ന് ഒരുവർഷമാകുന്നു. കേരളമാകെ പൊട്ടിക്കരഞ്ഞ ആ ദിനത്തിനും ഇന്ന് ഒരാണ്ട്. പക്ഷേ, പുതുപ്പള്ളി ഹൗസിന്റെ വാതിലുകൾ അന്നത്തേതു പോലെ ഇന്നും അടയാതെ തന്നെകിടക്കുന്നു. ആയിരക്കണക്കിനാളുകൾക്ക് ആശ്വാസത്തിന്റെ കുറിവരച്ച കടലാസുകൾ, ഫയലുകൾ, അദ്ദേഹം ഉപയോഗിച്ച വസ്തുവകകളെല്ലാം ഇവിടെത്തന്നെയുണ്ട്. ഒരുവർഷം എത്രപെട്ടെന്നാണ് കടന്നുപോയത്. ഇവിടെ നിന്നായിരുന്നു പുതുപ്പള്ളിയിലേക്കുള്ള അദ്ദേഹത്തിന്റെ അന്ത്യയാത്രയും. ഈ വീട്ടിലേക്ക് ഇപ്പോഴും ആർക്കും കടന്നുവരാം. പുതുപ്പള്ളിയുടെ പ്രതിനിധിയായി നിയമസഭയിലെത്തിയ ചാണ്ടി ഉമ്മൻ ഇവിടെയുണ്ട്.



### ഉമ്മൻചാണ്ടി ഓർമകളിലൂടെ



പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളിയിലെ ഉമ്മൻചാണ്ടിയുടെ കല്ലറയിൽ ഇന്നലെ മാതാപിതാക്കൾക്കൊപ്പം എത്തിയ കുട്ടി പ്രാർഥനയോടെ...

# ഒന്നേയുള്ളൂ ഉമ്മൻ ചാണ്ടി

**കെ.സി.വേണുഗോപാൽ**
**എം.പി**

ആൾക്കൂട്ടത്തെ തനിച്ചാക്കി കേരളത്തിന്റെ പ്രിയപ്പെട്ട കുഞ്ഞൂഞ്ഞ് യാത്രയായിട്ട് ഇന്ന് ഒരു വർഷം പിന്നിടുന്നു. ആരവങ്ങൾക്കൊപ്പം ഒഴുകി നടന്ന്, ആൾക്കൂട്ടങ്ങൾ പകർന്നുനൽകിയ ഊർജമാവാഹിച്ച് ജനഹൃദയത്തിൽ ഇടം നേടിയ നേതാവിനെയാണ്, അതിലുപരി പച്ചമനുഷ്യനെയാണ് കേരളത്തിനന്ന് നഷ്ടപ്പെട്ടത്. ഉമ്മൻ ചാണ്ടിയെന്നാൽ രണ്ടില്ല, ഒന്നേയുള്ളൂ എന്ന് കേരളത്തിന് ബോധ്യപ്പെട്ട ഒരു വർഷമാണ് കഴിഞ്ഞുപോയത്. പൊതുനന്മ, ജനക്ഷേമം, നയരൂപീകരണത്തിലെ ജനപങ്കാളിത്തം, വ്യക്തിസ്വാതന്ത്ര്യം തുടങ്ങിയവ ഉറപ്പ് നൽകുന്ന റിപ്പബ്ലിക്കൻ ചിന്തയുടെയും സമാധാനപരമായ ഭരണഘടനാമാർഗങ്ങളിലൂടെ അവസരസമത്വവും തുല്യതയും ഉറപ്പുവരുത്തുന്ന ഫാബിയൻ സോഷ്യലിസത്തിന്റെയും ആശയധാരയിലേക്ക് ഗാന്ധിയൻ ദർശനമായ 'അന്ത്യോദയ'യും ഭരണഘടനയിലെ 'സർവധർമസമഭാവനയും' കൂടി ചേർത്താണ് സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രത്യയശാസ്ത്രം നെഹ്റു നിർമ്മിച്ചെടുത്തത്. ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയദർശനവും പ്രയോഗവത്കരണവും ഇതേ ആശയങ്ങൾ തന്നെയായിരുന്നു. വാസ്തവത്തിൽ, കോൺഗ്രസ് മുന്നോട്ട് വെച്ച ഈ സോഷ്യൽ ഡെമോക്രാറ്റിക് മാതൃകയുടെ ഇന്ത്യയിലെ ഏറ്റവും നല്ല പ്രചാരകനായിരുന്നു ഉമ്മൻചാണ്ടി എന്ന് കഴിഞ്ഞ അഞ്ച് ദശാബ്ദങ്ങളിലെ അദ്ദേഹത്തിന്റെ രാഷ്ട്രീയ ഇടപെടലുകൾ നിരീക്ഷിച്ചാൽ മനസിലാകും. ചുരുക്കത്തിൽ, തിരഞ്ഞെടുപ്പ് വിജയത്തിനും പരാജയത്തിനും അപ്പുറം ഒരു പൊതുപ്രവർത്തകനിൽ നിന്നും ജനങ്ങൾ എന്താണ് ആഗ്രഹിക്കുന്നത് എന്നതിനുള്ള ഉത്തരം കൂടിയാണ് ഉമ്മൻ ചാണ്ടിയുടെ സുതാര്യമായ ജീവിതവും മരണവും.

എഴുപതുകൾ മുതൽ തന്നെ ജനപക്ഷത്ത് നിന്നുകൊണ്ടുള്ള ചില അനന്യമായ മാതൃകകൾ കേരളം മുന്നോട്ടുവെച്ചിട്ടുണ്ട്. അതിൽ കാലഹരണപ്പെടാത്ത ഒന്നു മാത്രമേയുള്ളൂ. ഉമ്മൻ ചാണ്ടി മുന്നോട്ടുവെച്ച മാതൃക. സാധ്യതകളുടെയും വിട്ടുവീഴ്ചകളുടെയും ചാണക്യതന്ത്രങ്ങളുടെയും വിവിധ രാസക്കൂട്ടുകൾ ചേർത്തുണ്ടാക്കുന്ന അധികാരരാഷ്ട്രീയത്തിന്റെ കയ്പ്പും ചവർപ്പുമുള്ള കഷായത്തിലേക്ക്, അനുകമ്പയുടെയും മനുഷ്യസ്നേഹത്തിന്റെയും തേൻമധുരം കലർത്തി ചുറ്റുമുള്ളവർക്കെല്ലാം പകർന്നുനൽകുകയായിരുന്നു ഉമ്മൻ ചാണ്ടി. അതുകൊണ്ടുതന്നെ ഉമ്മൻ ചാണ്ടിയോടൊപ്പം അന്യമായത് ഒരു രാഷ്ട്രീയ സംസ്കാരം കൂടിയാണ്. കേരള രാഷ്ട്രീയത്തിലും ഇന്ത്യൻ രാഷ്ട്രീയത്തിലും സർഗാത്മകതയുടെയും ജനാധിപത്യബോധത്തിന്റെയും വസന്തകാലമായിരുന്ന അറുപതുകളിലും എഴുപതുകളിലുമാണ് ഉമ്മൻ ചാണ്ടി നേതൃനിരയുടെ അവിഭാജ്യ ഘടകമാകുന്നത്.




കേരളത്തിലെവിടെച്ചെന്നാലും ഉമ്മൻ ചാണ്ടിയെ ജനങ്ങൾ പൊതിയുമായിരുന്നു. അവരിൽ പലരും ഉമ്മൻ ചാണ്ടിക്ക് നേരിട്ട് അറിയുന്നവരാകും. അവരെയൊക്കെ പേര് ചൊല്ലി വിളിക്കാനും അദ്ദേഹത്തിന് കഴിയും. എവിടെയെത്തിയാലും ജനങ്ങളുടെ പ്രശ്നങ്ങൾ ഉമ്മൻ ചാണ്ടി നേരിട്ട് ഏറ്റെടുക്കും. അതാണ് കാസർകോട്ടായാലും വയനാട്ടിലായാലും പാറശ്ശാലയിലായാലും ഉമ്മൻ ചാണ്ടിയെത്തിയാൽ ജനം ചുറ്റും കൂടുന്നത്. അവരിൽ കോൺഗ്രസുകാർ മാത്രമല്ല, എല്ലാ രാഷ്ട്രീയക്കാരും കാണും. രാഷ്ട്രീയമൊന്നുമില്ലാത്തവരും കാണും. രാഷ്ട്രീയനേതാക്കൾക്ക് പൊതുസമൂഹം സാധാരണയായി ചാർത്തിക്കൊടുക്കാറുള്ള ചില പ്രിവിലേജുകൾ ഉമ്മൻചാണ്ടിക്ക് ഒട്ടും ചേരില്ലായിരുന്നു. പൈലറ്റ് വാഹനങ്ങളുടെ നീണ്ട നിരയില്ലാതെ കേരളത്തിലുടനീളം സഞ്ചരിച്ച മുഖ്യമന്ത്രിയായിരുന്നു ഉമ്മൻ ചാണ്ടി. ഹെലികോപ്റ്റർ അടക്കമുള്ളവയിൽ മുഖ്യമന്ത്രിമാരെ കാണുന്ന നമുക്ക് ട്രെയിനിലെ സ്ലീപ്പർ കോച്ചിൽ കിടന്നുറങ്ങുന്ന ഉമ്മൻ ചാണ്ടിയുടെ ചിത്രം മനസ്സിൽ വരും. നീതിയും അഭയവുമായി രാജധർമ്മത്തെ നിർവചിച്ച കൽഹണന്റെ 'രാജതരംഗിണിയിലെ' വാക്കുകളെ അന്വർഥമാക്കിക്കൊണ്ട്, സമീപിക്കുന്ന അവസാനത്തെ മനുഷ്യനും നീതിയുടെ ഉറവിടമായി അദ്ദേഹം സ്വയം മാറുകയായിരുന്നു. നിസാരമായ കാര്യങ്ങൾക്ക് പോലും പ്രത്യയശാസ്ത്രഗരിമ നൽകുന്നവർക്കിടയിൽ 'എന്റെ രാഷ്ട്രീയം ജനക്ഷേമമാണ്' എന്ന ഒറ്റവാക്കിൽ അദ്ദേഹം മാറിനടന്നു. ഉമ്മൻ ചാണ്ടിയുടെ മരണശേഷമുള്ള ദിവസങ്ങളിൽ, ഒരുപക്ഷേ, ഇന്ത്യയിലെ ഓരോ രാഷ്ട്രീയനേതാവും അവരുടെ പൊതുജീവിതത്തിലെ ശൈലികളെയും അധികാരചിഹ്നങ്ങൾ അവരിലുണ്ടാക്കിയിട്ടുള്ള മാറ്റങ്ങളെയും സ്വയം വിമർശനപരമായും സത്യസന്ധമായും വിലയിരുത്തിയിട്ടുണ്ടാകും എന്നുറപ്പാണ്. കാരണം, കോട്ടയത്തെ പുതുപ്പള്ളിയിൽ നിന്ന് കേരളത്തോളം വളർന്ന രാഷ്ട്രീയനേതാവിനെ ജനം ഇന്നും മറന്നിട്ടില്ലല്ലോ. മരണശേഷം എപ്പോഴൊക്കെയാണ് ഉമ്മൻചാണ്ടിയുടെ പേര് കേരളം ചർച്ച ചെയ്തത്? എണ്ണിത്തിട്ടപ്പെടുത്താൻ കഴിയില്ല. പക്ഷേ, ഏറ്റവുമൊടുവിൽ അത് വിഴിഞ്ഞത്തെത്തി നിൽക്കുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്ന കേരളത്തിൻറെ സ്വപ്ന പദ്ധതി മിഴി തുറക്കുന്നതിന്റെ പ്രധാന കാരണം ഉമ്മൻ ചാണ്ടിയുടെ നിശ്ചയദാർഢ്യമാണ്. 5000 കോടി രൂപയുടെ പദ്ധതിയിൽ 6000 കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് അഴിമതി കേട്ടിട്ടും തളരാതെ മുന്നോട്ടു നീങ്ങി ആ പദ്ധതിയെ ക്ലീൻ സ്റ്റേറ്റിൽ നിന്ന് തുടങ്ങി പ്രാവർത്തികമാക്കുന്നതിലേക്ക് എത്തിച്ചത് ഉമ്മൻ ചാണ്ടിയുടെ വികസനത്തോടുള്ള കാഴ്ചപ്പാടാണ്. ആരൊക്കെ പിതൃത്വം അവകാശപ്പെട്ടാലും, ആരൊക്കെ ആ പേര് ഒഴിവാക്കാൻ ശ്രമിച്ചാലും കേരളത്തിൻറെ പൊതുബോധത്തിൽ വിഴിഞ്ഞത്തോടൊപ്പം ചേർത്തെഴുതപ്പെടുന്ന പേര് ഉമ്മൻ ചാണ്ടി എന്നുതന്നെയാണ്. ഇങ്ങനെ എത്രയെത്ര പദ്ധതികൾ, എത്രയെത്ര അതിജീവനങ്ങൾ ഉണ്ടായതാണ് ഉമ്മൻ ചാണ്ടിയുടെ ഭരണകാലം.

കൊച്ചി മെട്രോയും കൊച്ചി സ്മാർട്ട് സിറ്റിയും കണ്ണൂർ സർവകലാശാലയും സാങ്കേതിക, മലയാളം സർവകലാശാലകളും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള രാജ്യത്തെ ആദ്യ മെഡിക്കൽ കോളേജുമടക്കം എണ്ണമറ്റ വികസന പദ്ധതികളിലേക്ക് കേരളത്തെ കൈപിടിച്ച് നടത്തിയത് ഒരേയൊരു ഉമ്മൻ ചാണ്ടിയാണ്. നിസ്സഹായരായ മനുഷ്യരെ ചേർത്തു പിടിക്കാനും ആ ഭരണാധികാരിക്ക് ഒട്ടും മടിയുണ്ടായിരുന്നില്ല. കേൾവിയുടെയും സംസാരത്തിന്റെയും ലോകത്തേക്ക് 610 കുട്ടികളെ തിരികെക്കൊണ്ടുവന്ന ശ്രുതി തരംഗം പദ്ധതി സമാനതകളില്ലാത്തതാണ്. തുടർന്നുവന്ന സർക്കാരുകൾ മറവി നടിച്ചപ്പോൾ കേരളം ഒരു തേങ്ങലോടെ ഓർത്തതും ഉമ്മൻ ചാണ്ടി എന്ന മുഖ്യമന്ത്രിയെയാണ്. മെഗാ പ്രൊജക്ടുകൾ നിശ്ചയദാർഢ്യത്തോടെ, സാങ്കേതികക്കുരുക്കഴിച്ച് അതിവേഗം നടപ്പിലാക്കിയ ആ ഇച്ഛാശക്തിയാണ് കേരളം ഇപ്പോൾ ഓർക്കുന്നത്. മറ്റൊരർത്ഥത്തിൽപ്പറഞ്ഞാൽ അധികാരത്തിന്റെ ചുവപ്പുനാടയറുത്ത ഏക ഭരണാധികാരിയെയാണ് നമുക്ക് നഷ്ടപ്പെട്ടത്.

വ്യക്തിപരമായി അത്രമേൽ ഹൃദയബന്ധമുണ്ടായിരുന്നു കേരളത്തിലെ ഓരോ മനുഷ്യനും ഉമ്മൻ ചാണ്ടിയുമായി. കഴിഞ്ഞ മൂന്നര പതിറ്റാണ്ടിലേറെയായി മരണംവരെ സ്വാതന്ത്ര്യവും അവകാശവും ഉണ്ടായിരുന്ന വ്യക്തിബന്ധമായിരുന്നു എനിക്കദ്ദേഹത്തോടുണ്ടായിരുന്നത്. കെ.എസ്.യു സംസ്ഥാന പ്രസിഡന്റായി ചുമതലയേറ്റ കാലം മുതൽക്ക് അദ്ദേഹത്തിന്റെ മാർഗനിർദ്ദേശങ്ങളും പിന്തുണയും കരുതലുമൊക്കെ പൊതുപ്രവർത്തന യാത്രയിൽ കരുത്തുപകർന്നിട്ടുണ്ട്. 2004-06 കാലയളവിൽ അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ അംഗമായിരിക്കാൻ ലഭിച്ച അവസരം ഉമ്മൻ ചാണ്ടി എന്ന ഭരണാധികാരിയെ ആഴത്തിലറിയാനുള്ള ദിനങ്ങളായിരുന്നു. അദ്ദേഹം ആദ്യ തവണ മുഖ്യമന്ത്രിയായി മാസങ്ങൾക്കുള്ളിലാണ് സുനാമിയെന്ന അസാധാരണ ദുരന്തത്തെ കേരളത്തിന് നേരിടേണ്ടി വന്നത്. അത്രയും ഭീകരമായ ഒരു സാഹചര്യത്തെ അന്നുവരെ നേരിടേണ്ടി വന്ന പരിചയമില്ലാതിരുന്നിട്ടും ഒരു നിമിഷം പോലും പരിഭ്രമിക്കാതെ രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് തകർന്നടിഞ്ഞുപോയ ഒരു ജനതയെ നെഞ്ചോടുചേർത്ത് ഒരു ഭരണാധികാരി എങ്ങനെയായിരിക്കണമെന്ന് മാതൃകകാട്ടിയ സമാനതകളില്ലാത്ത വ്യക്തിത്വമാണ് ഉമ്മൻ ചാണ്ടിയുടേത് എന്ന് നേരിൽക്കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്. മന്ത്രിസഭാംഗമെന്ന നിലയിൽ ഞാൻ വഹിച്ചിരുന്ന ടൂറിസം ദേവസ്വം വകുപ്പുകളിൽ പൂർണസ്വാതന്ത്ര്യവും വികസന പ്രവർത്തനങ്ങളിലടക്കം നിർലോഭമായ പിന്തുണയും അദ്ദേഹം നൽകിയിരുന്നു. ആ നേതൃഗുണവും പരിചയസമ്പത്തും കരുതലും ഇന്നും കേരളം ആവശ്യപ്പെടുന്ന കാലമാണ്. പക്ഷേ ബാക്കിയുള്ളത് അദ്ദേഹത്തിന്റെ ഓർമ്മകൾ മാത്രമാണ്. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ ബാക്കിവെച്ച കുറേയധികം അടയാളങ്ങളും. മായ്ക്കാൻ ശ്രമിച്ചാലും മായാത്ത അടയാളങ്ങൾ.




2023 ജൂലൈ 19 ലെ ചന്ദ്രിക ഒന്നാം പേജ്

# അണയാത്ത ജ്വാലയായ് ഉമ്മൻ ചാണ്ടി

**എൻ.എസ്. അബ്ബാസ്**
കോട്ടയം

കേരള രാഷ്ട്രീയത്തിൽ ഉമ്മൻചാണ്ടി ഇല്ലാത്ത ഒരാണ്ട് ഇന്ന് പൂർത്തിയാകുമ്പോഴും ഏവിടെയും സംസാരം കുഞ്ഞൂഞ്ഞ് തന്നെയാണ്. ജനമനസിൽ ആ ഓർമ്മകൾക്ക് എന്നും സുവർണശോഭ. ഈ മനുഷ്യൻ സത്യമായും നീതിമാനായിരുന്നു പുതുപ്പള്ളി സെയിന്റ് ജോർജ് വലിയപള്ളിയിലെ ഉമ്മൻചാണ്ടിയുടെ കല്ലറയ്ക്ക് മുകളിൽ എഴുതിയ വാക്കുകൾ.

ആ നീതിമാന്റെ ഉണരാത്ത ഉറക്കം തുടങ്ങിയിട്ട് ജൂലൈ 18ന് 365 ദിനങ്ങൾ. എന്നും സ്നേഹിക്കുന്നവർ കൊണ്ടുവെയ്ക്കുന്ന പനിനീർപ്പൂക്കളുടെ ഇടയിൽ ആ ഉറക്കം. ചുറ്റും തെളിമയിൽ ചിരാതുകൾ. ഉമ്മൻചാണ്ടി നടന്നുതീർത്ത വഴികളിലൂടെ അദ്ദേഹത്തിന്റെ ഓർമ്മകളിൽ ഇന്നും നാട് നടക്കുന്നു. ജനഹൃദയങ്ങളിൽ അണയാത്ത ജ്വാലയാണ് ഉമ്മൻ ചാണ്ടി.

പള്ളിയിൽ ദിവസവും വന്ന് ഗീവർഗീസ് പുണ്യാളനെയും മർത്തശ്ശൂനിയമ്മയെയും പ്രാർഥിച്ച് കഴിഞ്ഞ് ഉമ്മൻ ചാണ്ടിയുടെ കല്ലറയിലുമെത്തി കണ്ണടച്ച് പ്രാർഥിച്ചാണ് ജനങ്ങളുടെ മടക്കം. പണ്ടേ നിരവധി ഭക്തർ എത്തുമായിരുന്ന പള്ളിയിൽ കഴിഞ്ഞ ഒരു വർഷം ദൂരെ ദേശത്തുനിന്നുപോലും കൂടുതൽ പേർ എത്തുന്നു. അത് പള്ളിയുടെയും ചുറ്റുമുള്ള ചെറിയ കടകളിലെ വരുമാനം പോലും വർധിപ്പിച്ചു. അതിരാവിലെ മുതൽ രാത്രി 11 മണി വരെ ആളുകൾ വരുന്നുണ്ടെന്ന് പുതുപ്പള്ളി സെയ്ന്റ് ജോർജ് വലിയപള്ളി വികാരി ഇൻ ചാർജ് ഫാ. കുര്യാക്കോസ് ഈപ്പൻ പറയുന്നു.

നവമധ്യസ്ഥരുടെ ദേവാലയമെന്ന ഖ്യാതിയുള്ള ഇവിടെയെത്തി പ്രാർഥിക്കുമ്പോൾ മധ്യസ്ഥതയിൽ ഉമ്മൻചാണ്ടിയുണ്ടെന്ന കടുത്ത വിചാരത്തിലാണ് പലരും. ചിലർ വന്ന് പ്രാർഥിക്കുന്നു, അപൂർവം ചിലർ എഴുതിയിടുന്നു. വീടും ജോലിയും ആവശ്യമാണെന്ന് പണ്ട് നേരിൽകണ്ട് പറയുംപോലെ. അവ കേൾക്കാൻ ഇപ്പോഴും അദ്ദേഹം കാതും ഹൃദയവും നൽകുമെന്ന വിശ്വാസത്തിലാണവർ അത് ചെയ്യുന്നത്.

ഏവർക്കും കരുതലും സ്നേഹവും പകർന്ന ഉമ്മൻചാണ്ടി ചരിത്രത്തിലേക്ക് മടങ്ങിയത് സമാനതകളില്ലാത്ത ജനസാഗരത്തിലൂടെ ആയിരുന്നു.

നിയമസഭയിൽ തുടർച്ചയായി 53 വർഷം ഒരേ മണ്ഡലത്തെ പ്രതിനിധീകരിച്ചതിന്റെ ആരും തകർക്കാത്ത ചരിത്രം ജീവിതയാത്രയിൽ കുറിച്ച ഉമ്മൻചാണ്ടി അന്ത്യയാത്രയിലും ചരിത്രം സൃഷ്ടിച്ചു. ഉമ്മൻ ചാണ്ടിയുടെ ഭൗതിക ശരീരം കാണാനും അന്ത്യാഞ്ജലി അർപ്പിക്കാനും വഴിനീളെ കാത്തുനിന്ന ജനസഞ്ചയം കേരള ചരിത്രത്തിലെ ഏറ്റവും വലിയ ജനക്കൂട്ടമെന്ന് ചരിത്രം അടയാളപ്പെടുത്തി. എന്നും ആൾക്കൂട്ടത്തിനൊപ്പം ജീവിച്ച അദ്ദേഹത്തിന് ആൾക്കൂട്ടത്തിൽ അലിഞ്ഞ 36 മണിക്കൂർ നീണ്ട അന്ത്യയാത്ര. കേരളം ഹൃദയം കൊണ്ട് എഴുതിയ യാത്രാമൊഴിയായിരുന്നു. തിരുവന്തപുരത്തെ പുതുപ്പള്ളി ഹൗസിൽ നിന്നും 162 കിലോമീറ്റർ ദൂരെ പുതുപ്പള്ളി വരെ 36 മണിക്കൂർ ദീർഘിച്ച മഹാവിലാപയാത്ര. ലോകത്തിന്റെ കണ്ണും കാതും ഒരൊറ്റ വ്യക്തിയിലേക്ക് മാത്രമായിരുന്ന ദിവസങ്ങളായിരുന്നു ഇന്നേക്ക് ഒരു വർഷം മുമ്പ് കടന്ന് പോയത്.

ഉമ്മൻചാണ്ടി നടന്ന് തീർത്ത വഴികളിലൂടെ ഒരു നാട് മുഴുവൻ ഇന്ന് ഒരിക്കൽ കൂടി കുഞ്ഞൂഞ്ഞിനരികിലെത്തും. പുതുപ്പള്ളിയുടെ മണ്ണിൽ ഉറങ്ങുന്ന ഉമ്മൻചാണ്ടി ഇന്ന് ഒരിക്കൽ കൂടി ആൾക്കൂട്ടത്തിനിടയിലാകും. പുതുപ്പള്ളി വീട്ടിലെ ഞായറാഴ്ചകൾ പോലെ.



# പാവങ്ങൾക്കൊപ്പം അതിവേഗം ബഹുദൂരം സഞ്ചരിച്ച നേതാവ്

**രമേശ് ചെന്നിത്തല**

പ്രായഭേദമില്ലാതെ പ്രവർത്തകരെല്ലാം ഓസി എന്നു സ്നേഹത്തോടെ വിളിച്ചിരുന്ന ഉമ്മൻചാണ്ടിയുടെ ഓർമകൾ നമ്മുടെയെല്ലാം മനസിൽ പച്ചപിടിച്ചു തന്നെയുണ്ട്, ഇപ്പോഴും. കേരളീയ പൊതുസമൂഹത്തിനിടയിൽ ആഴത്തിൽ പതിഞ്ഞ പേരാണ് അദ്ദേഹത്തിന്റേത്. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വേണ്ടി അതി വേഗം ബഹുദൂരം സഞ്ചരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അവരുമായി എപ്പോഴും ഇഴുകി ചേർന്നതായിരുന്നു പ്രവർത്തനങ്ങളെല്ലാം. പാവപ്പെട്ടവർക്കും സാധാരണ പാർട്ടി പ്രവർത്തകർക്കും വളരെ വേഗത്തിൽ പ്രാപ്യമായിരുന്നു അദ്ദേഹത്തിന്റെ സാന്നിധ്യം. അവരുടെ ഏതു പ്രശ്നങ്ങൾക്കും അദ്ദേഹത്തിന് പരിഹാരമുണ്ടായിരുന്നു. ജനങ്ങളുമായി ഇത്രയധികം ഇടപഴകി പ്രവർത്തിക്കുകയും 24 മണിക്കൂറും അവർക്കു വേണ്ടി ജീവിക്കുകയും ചെയ്ത മറ്റൊരു നേതാവിനെ കാണുക പ്രയാസമാണ്.

പതിനെട്ടു വർഷക്കാലം ഞാനും ഉമ്മൻ ചാണ്ടിയും കൂടി കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിനു നേതൃത്വം കൊടുത്തു. ഈ കാലത്ത് ഞങ്ങൾ തമ്മിൽ ഇണങ്ങിയിട്ടുണ്ട്, പിണങ്ങിയിട്ടുണ്ട്. പരിഭവം പറഞ്ഞിട്ടുണ്ട്, സന്തോഷിച്ചിട്ടുണ്ട്. അപ്പോഴെല്ലാം ഇഴപിരിയാത്ത വലിയൊരു സൗഹൃദവും ആഴത്തിലുള്ള വ്യക്തിബന്ധവും ഞങ്ങൾ തമ്മിലുണ്ടായിരുന്നു. അന്നത്തെ ആ രസതന്ത്രമാണ് കേരളത്തിലെ കോൺഗ്രസിനെ ശക്തിപ്പെടുത്തിയത്. അന്നത്തെ കൂട്ടായ പ്രവർത്തനമാണ് കോൺഗ്രസിനെ വിജയപടവുകളേറ്റിയത്. മൂന്നു പാർലമെന്റ് തിരഞ്ഞെടുപ്പുകളിലും ഒരു നിയമസഭാ തിരഞ്ഞെടുപ്പിലും ഒരു തദ്ദേശ തിരഞ്ഞെടുപ്പിലും നിരവധി ഉപ തിരഞ്ഞെടുപ്പുകളിലും പാർട്ടി വിജയക്കുതിപ്പ് നടത്തി.



പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ഉമ്മൻ ചാണ്ടി ഭയപ്പെട്ടില്ല. പകരം ധൈര്യപൂർവം അവയെ നേരിട്ടു. വലിയ പ്രശ്നങ്ങളുണ്ടാകുമ്പോൾ പിന്തിരിഞ്ഞു പോകുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ രീതി. എത്ര വലിയ പ്രശ്നമാണെങ്കിലും ഉമ്മൻചാണ്ടിക്കു പരിഹാരമുണ്ടായിരുന്നു. വിമർശനങ്ങളെ വീറോടെ നേരിടാനുള്ള അനിതര സാധാരണമായൊരു കഴിവ് അദ്ദേഹം പുലർത്തിയിരുന്നു. വിഴിഞ്ഞം തുറമുഖം പോലുള്ള വൻകിട വികസന പദ്ധതികളെല്ലാം അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിന്റെ സന്തതികളാണ്.

ആൾക്കൂട്ടമായിരുന്നു അദ്ദേഹത്തിന്റെ ശക്തി. ആൾക്കൂട്ടത്തിനിടയിൽ നിന്നുകൊണ്ടു മാത്രമേ അദ്ദേഹത്തിന് തീരുമാനങ്ങൾ എടുക്കാൻ കഴിയുമായിരിന്നുള്ളൂ. രഹസ്യം പറയാൻ പറ്റിയ ഇടം ആൾക്കൂട്ടത്തിനിടയിലാണെന്ന് അദ്ദേഹം പറയുമായിരുന്നു. പാർട്ടിയിലെയും ഭരണത്തിലെയും രഹസ്യ സ്വഭാവമുള്ള പല സുപ്രധാന വിഷയങ്ങൾ ഞങ്ങൾ ചർച്ച ചെയ്തതും തീരുമാനമെടുത്തതും ആൾക്കൂട്ടത്തിനു നടുവിലായിരുന്നു. തനിക്കു കിട്ടുന്ന കത്തുകളും അഭിപ്രായങ്ങളും അദ്ദേഹത്തിനു പഠനത്തിനുള്ള ഉപാധികളായിരുന്നു. തന്നെ തേടി എത്തുന്ന ഒരു കത്തു പോലും അദ്ദേഹം പഠിക്കുമായിരുന്നു. വ്യക്തികളെയും വസ്തുതകളെയും മനസിലാക്കി പ്രവർത്തിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രി എന്ന നിലയിൽ അഞ്ചു വർഷം അദ്ദേഹം സഞ്ചരിച്ചത് നൂൽപ്പാലത്തിലൂടെ ആയിരുന്നു. 72 അംഗങ്ങളുടെ മാത്രം നിലനിന്ന സർക്കാരിനെ മുന്നോട്ടുകൊണ്ടുപോവുക എന്നതു വലിയ പ്രയാസമുള്ള കാര്യമായിരുന്നു. പക്ഷേ, ഈ സർക്കാരിനു കാലാവധി പൂർത്തിയാക്കാൻ കഴിഞ്ഞത് ഉമ്മൻചാണ്ടി എന്ന രാഷ്ട്രീയ നേതാവിന്റെ അനിതര സാധാരണമായ വ്യക്തിപ്രഭാവവും രാഷ്ട്രീയ തന്ത്രജ്ഞതയും കൊണ്ടാണെന്നു പറയാം. എത്രയെത്ര ആരോപണങ്ങളും ആക്ഷേപങ്ങളുമാണ് ഈ കാലത്ത് അദ്ദേഹത്തിനു കേൾക്കേണ്ടിവന്നത്. പക്ഷേ, ഉമ്മൻചാണ്ടി പതറിയില്ല. തന്റെ മനഃസാക്ഷിക്കു മുന്നിൽ തെറ്റ് ചെയ്തിട്ടില്ലെന്ന ഉറപ്പിൽ അദ്ദേഹം പിടിച്ചുനിന്നു. അദ്ദേഹത്തിനെതിരേ ഉയർന്ന ആരോപണങ്ങളെല്ലാം പിന്നീട് ആവിയായി പോവുകയും ചെയ്തു.

മന്ത്രിയായിരുന്നപ്പോഴും മുഖ്യമന്ത്രിയായിരുന്നപ്പോഴും അദ്ദേഹം പാവപ്പെട്ട ജനങ്ങൾക്കു വേണ്ടി അക്ഷീണം പ്രയത്നിച്ചു. അദ്ദേഹം സ്വീകരിച്ച പല നടപടികളും നടപ്പാക്കിയ വൻകിട പദ്ധതികളും മാത്രം മതി, കേരളത്തിന്റെ വികസന ചരിത്രത്തിൽ അദ്ദേഹത്തിന്റെ പേര് എഴുതിച്ചേർക്കാൻ. മറ്റൊരു സ്മാരകവും അദ്ദേഹത്തിന് ആവശ്യമില്ല. വിവാദവും വിമർശനങ്ങളും ഉയരുമ്പോൾ ഉപേക്ഷിച്ചു പോകുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ ശൈലി. വേഗത്തിൽ തീരുമാനമെടുക്കാനും എടുത്ത തീരുമാനം നടപ്പാക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമായിരുന്നു. അതിവേഗം, ബഹുദൂരം എന്ന മുദ്രാവാക്യം തന്നെ അദ്ദേഹം പ്രവർത്തന ശൈലിയാക്കി. സാധാരണക്കാരുടെ പ്രശ്നങ്ങളോടായിരുന്നു അദ്ദേഹത്തിനു കൂടുതൽ ആഭിമുഖ്യം. അവർക്കു സഹായം കിട്ടുന്നതിനു തടസം നിൽക്കുന്ന നിയമങ്ങളെയും ചട്ടങ്ങളെയും അദ്ദേഹം പൊളിച്ചെഴുതി. സാധാരണക്കാർക്കിടയിലേക്ക് ഭരണയന്ത്രത്തെ വഴിതിരിച്ചുവിട്ട ജനസമ്പർക്ക പരിപാടി അദ്ദേഹത്തെ ലോകപ്രശസ്തനാക്കി. 20 ലക്ഷത്തോളം പേരെ നേരിട്ടു കണ്ടു. അഞ്ചര ലക്ഷത്തോളം പേരുടെ പരാതികൾ വാങ്ങി, മൂന്നു ലക്ഷത്തിലധികം പേർക്ക് വിവിധ സഹായങ്ങൾ നൽകാൻ കഴിഞ്ഞ അദ്ദേഹത്തെ തേടി പൊതുസേവനത്തിനുള്ള ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം വരെയെത്തി. ഏഷ്യാ പസഫിക് മേഖലയിലെ മികച്ച പൊതു പ്രവർത്തകനുള്ള ഒന്നാം സ്ഥാനമാണ് ഉമ്മൻചാണ്ടിക്കു ലഭിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും ജനപ്രിയമായൊരു പരിപാടി അതിനു മുൻപോ ശേഷമോ നടന്നിട്ടില്ല.





# സ്നേഹം കൊണ്ട് കീഴടക്കിയ ഭരണാധികാരി

**വി.ഡി സതീശൻ**
പ്രതിപക്ഷ നേതാവ്

ഉമ്മൻചാണ്ടിക്ക് പകരം ഉമ്മൻചാണ്ടി മാത്രമെയുള്ളു എന്ന് തെളിയിച്ച ഒരു വർഷമാണ് കടന്നുപോയത്.



വിശ്വസിക്കാൻ കഴിയാത്തൊരു യാഥാർത്ഥ്യം. ഞങ്ങൾക്കെല്ലാം വഴികാട്ടിയായി മുന്നിൽനിന്ന്, സാധാരണക്കാരെ ചേർത്ത്പിടിക്കണമെന്ന് എപ്പോഴും ഓർമപ്പെടുത്തി അദ്ദേഹം ഞങ്ങൾക്കൊപ്പമുണ്ട്. സ്നേഹം കൊണ്ട് മനുഷ്യരെ കീഴടക്കിയ ഒരു ഭരണാധികാരി നമുക്കൊപ്പം ജീവിച്ചിരുന്നെന്നത് കേരളത്തിന്റെ വർത്തമാനകാല രാഷ്ട്രീയത്തിൽ ചിലപ്പോഴൊക്കെ അത്ഭുതമായി തോന്നും. രാഷ്ട്രീയത്തിൽ അന്യംനിന്നുപോകാൻ സാധ്യതയുള്ള വിഭാഗത്തിൽപ്പെട്ടയാളായിരുന്നു ഉമ്മൻചാണ്ടി. സാധാരണക്കാരന്റെ സങ്കടങ്ങൾ കേൾക്കാൻ ജനപ്രതിനിധികളെ പ്രാപ്തനാക്കിയ ജനകീയൻ. രാഷ്ട്രീയ ഭേദമന്യേ ആർക്കും ജീവിതത്തിലെ എന്ത് പ്രതിസന്ധിയും പരിഹരിക്കുന്നതിന് സമീപിക്കാവുന്ന ഒരാൾ. ഒരു നിവേദനത്തിനോ കത്തിനോ ഫോൺ വിളികൾക്കോ അപ്പുറം സാധ്യമായ എന്ത് സഹായവും ചെയ്തുതരുന്ന ഉമ്മൻചാണ്ടി ഉണ്ടെന്നത് ലോകത്തിന്റെ ഏതു ഭാഗത്തുമുള്ള മലയാളികൾക്ക് ധൈര്യമായിരുന്നു. സ്വന്തം കുടുംബാംഗത്തെ പോലെ അദ്ദേഹത്തിന്റെ ചുമലിൽ ആർക്കും എന്ത് സങ്കടവും ഇറക്കിവയ്ക്കാം. പരിഹാരവുമായി മാത്രമെ അദ്ദേഹത്തെ തേടിയെത്തിയവർ മടങ്ങിയിട്ടുള്ളൂ. ഉമ്മൻചാണ്ടിയെ ഒരിക്കലെങ്കിലും കണ്ടിട്ടില്ലാത്ത ജനങ്ങളോ ഉമ്മൻചാണ്ടി എത്തിച്ചേർന്നിട്ടില്ലാത്ത സ്ഥലങ്ങളോ കേരളത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. ജനക്കൂട്ടത്തിന് നടുവിൽ നിൽക്കുന്നതുതന്നെയാണ് ഉമ്മൻ ചാണ്ടിയെന്ന നേതാവിനെ വളർത്തിയതും കരുത്തനായ ഭരണാധികാരിയാക്കിയതും. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, കാരുണ്യ ചികിത്സാ പദ്ധതി, ശ്രുതിതരംഗം, വയോമിത്രം, ആരോഗ്യകിരണം പദ്ധതികൾ, ഒരു രൂപയ്ക്ക് അരി, ഭൂരഹിതർക്ക് 3 സെന്റ് ഭൂമി, എല്ലാ മണ്ഡലങ്ങളിലും സർക്കാർ കേളജുകൾ, ദിവസം 19 മണിക്കൂർ വരെ നീളുന്ന ജനസമ്പർക്ക പരിപാടി, മികച്ച ഭരണനിർവഹണത്തിനുള്ള ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം. ശരിക്കും വർത്തമാന കേരളമെന്നത് ഉമ്മൻചാണ്ടി തന്നെയാണ്.

ഉമ്മൻചാണ്ടിയെന്ന ഭരണാധികാരിയുടെ നിശ്ചയദാർഢ്യത്തിന്റെ പ്രതീകമാണ് കേരളത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖം. അന്ന് വഴിമുടക്കികളും കാഴ്ചക്കാരുമായി നിന്നവർ ഇന്ന് വിഴിഞ്ഞം, മെട്രോ റെയിൽ ഉൾപ്പെടെയുള്ള പദ്ധതികളുടെ പിതൃത്വം ഏറ്റെടുക്കുന്നത് കപട രാഷ്ട്രീയമായി മാത്രമെ കാണാനാകൂ. 'കടൽക്കൊള്ള'യാണെന്ന ആക്ഷേപം വന്നപ്പോഴും അദാനി ഗ്രൂപ്പുമായി ചേർന്ന് 6000 കോടിയുടെ റിയൽ എസ്റ്റേറ്റ് കച്ചവടമാണെന്ന ആരോപണത്തിന്റെ കുന്തമുന നെഞ്ചിൽ തറച്ചപ്പോഴും പതറാതെ, പിന്തിരിഞ്ഞോടാതെ, തളർന്നുപോകാതെ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കുമെന്ന ധീരമായ തീരുമാനം എടുത്തയാളാണ് ഉമ്മൻചാണ്ടി. ജീവിച്ചിരുന്നപ്പോഴുള്ള ഉമ്മൻചാണ്ടിയേക്കാൾ ശക്തനാണ് മരണശേഷമുള്ള ഉമ്മൻചാണ്ടിയെന്ന് തെളിയിക്കുന്നതായിരുന്നു തിരുവനന്തപുരത്ത് നിന്നും പുതുപ്പള്ളിയിലേക്കുള്ള വിലാപയാത്ര. ഉമ്മൻചാണ്ടി എത്രത്തോളം ഹൃദയം തുറന്ന് പുതുപ്പള്ളിയെ സ്നേഹിച്ചിരുന്നുവോ അതിനേക്കാൾ ഇരട്ടിയായാണ് പുതുപ്പള്ളിക്കാർ അവരുടെ കുഞ്ഞൂഞ്ഞിന് ഉപതിരഞ്ഞെടുപ്പിലൂടെയും സ്നേഹം മടക്കി നൽകിയത്.

ഉമ്മൻചാണ്ടി ഞങ്ങൾക്ക് കാട്ടിത്തന്ന ചില വഴികളുണ്ട്. അത് ഗാന്ധിയൻ ദർശനത്തിൽ അധിഷ്ഠിതമായ, മറ്റുള്ളവന്റെ സങ്കടങ്ങളെയും പ്രയാസങ്ങളെയും ദുരിതങ്ങളെയും മനസിലാക്കി അത് പരിഹരിക്കുന്നതിന് വേണ്ടി നടത്തുന്ന തീഷ്ണമായ യത്നമാണ് രാഷ്ട്രീയ പ്രവർത്തനമെന്ന നിർവചനം തന്ന ആളാണ് ഉമ്മൻചാണ്ടി. ഭരണാധികാരിയെന്ന നിലയിലും രാഷ്ട്രീയ നേതാവെന്ന നിലയിലും അദ്ദേഹം എപ്പോഴും ജനങ്ങൾക്കൊപ്പമായിരുന്നു. ദൈനംദിന ജീവിതം തന്നെ ജനങ്ങളുടെ സങ്കടങ്ങളും പരാതികളും കേട്ട് അത് പരിഹരിക്കുകയെന്നതായിരുന്നു. ആ വേർപാട് കേരളത്തിനും കോൺഗ്രസിനും താങ്ങാനാകാത്തതാണ്. അദ്ദേഹം കാട്ടിത്തന്ന നന്മയുടെ മാതൃകകൾ വഴികാട്ടിയായി എന്നും മുന്നിലുണ്ടാകും.

തെളിഞ്ഞ പ്രായോഗികതയാണ് ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയം. അചഞ്ചലമായ ദൈവവിശ്വാസത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് അദ്ദേഹം ജീവിച്ചത്. സദ്പ്രവർത്തികൾ ചെയ്യുകയും സ്നേഹഭാഷണം നടത്തുകയും ചെയ്തിരുന്ന അദ്ദേഹത്തിനും പീഡാനുഭവങ്ങളിലൂടെ കടന്നുപോകേണ്ടി വന്നു. ക്രിസ്തുവിനെ ക്രൂശിച്ച ശേഷം പടയാളികളുടെ ശതാധിപൻ ഇങ്ങനെ പറഞ്ഞു; ഇല്യമേശിഹ്യ വേശം ഠമെ മ ൃശഴവലീൗ ാമി; വാസ്തവത്തിൽ അദ്ദേഹം ഒരു നീതിമാനായിരുന്നു... ആ നീതിമാൻ ഉയർത്തെഴുന്നേൽക്കുന്നത് ജനങ്ങളുടെ ഹൃദയത്തിലായിരിക്കുമെന്നാണ് ഈ കാലം നമ്മോട് പറയുന്നത്. ഓർമകൾക്ക് മുന്നിൽ ആദരവ്.



## വിഴിഞ്ഞം പദ്ധതിക്കൊപ്പം നങ്കൂരമിടുന്നു ഉമ്മൻചാണ്ടി എന്ന കപ്പിത്താൻ

**ഫിർദൗസ് കായൽപ്പുറം**
തിരുവനന്തപുരം

''വിഴിഞ്ഞം പദ്ധതിയെ കുറിച്ചുള്ള നിങ്ങളുടെ സംശയങ്ങൾ, നിർദേശങ്ങൾ, പരിഗണിക്കാവുന്നതെല്ലാം പരിഗണിക്കാം. പക്ഷേ, അഴിമതിയുടെ പേര് പറഞ്ഞാൽ പദ്ധതി മുടക്കാമെന്നാണ് വിചാരിക്കുന്നതെങ്കിൽ അത് നടക്കില്ല എന്നാണ് എനിക്ക് പറയാനുള്ളത്. വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുക തന്നെ ചെയ്യും''
- കേരളത്തിന്റെ മനസിൽ ആഴത്തിൽ പതിഞ്ഞ ഈ വാക്കുകൾ, ഈ ഉറപ്പ് ഉമ്മൻചാണ്ടിയുടേതായിരുന്നു- 2015ൽ.

5000 കോടിയുടെ പദ്ധതിയിൽ 6000 കോടിയുടെ അഴിമതി ആരോപിച്ചും ഉമ്മൻ ചാണ്ടിക്കെതിരേ അന്വേഷണ കമ്മീഷനെ വെച്ച് വേട്ടയാടിയും സി.പി.എം കേരളമാകെ സമരപമ്പരകൾ അഴിച്ചുവിട്ട ആ നാളുകളിലാണ് പാർട്ടി മുഖപത്രം ഉമ്മൻചാണ്ടിയുടെ കാരിക്കേച്ചറോടെ 'കടൽക്കൊള്ള' എന്ന് അച്ചുനിരത്തിയത്. കേരള വികസനത്തിന് ചുക്കാൻ പിടിച്ച ഉമ്മൻ ചാണ്ടിയുടെ ഓർമ്മകൾക്ക് ഒരാണ്ട് തികയുന്ന ദിവസങ്ങളിലാണ് വിഴിഞ്ഞത്ത് ആദ്യ മദർഷിപ്പ് നങ്കൂരമിട്ടത്. പദ്ധതിയുടെ പിതൃത്വം ഏറ്റെടുത്ത് പിണറായി വിജയൻ മുന്നിൽ തന്നെയുണ്ട്. തന്റെ പ്രസംഗത്തിൽ പോലും ഉമ്മൻചാണ്ടിയെ പരാമർശിക്കാതെ, ഒരിടത്തും ആ പേര് വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചും ഒരിക്കൽ പദ്ധതിയെ തകർക്കാൻ ശ്രമിച്ചവർ ഇന്നതിന്റെ അവകാശികളായി മാറിയത് വിചിത്രം.

ആദ്യം മുഖ്യമന്ത്രിയായിരുന്നപ്പോൾ മുതൽ ഉമ്മൻചാണ്ടി വിഴിഞ്ഞം പദ്ധതിയെന്ന സ്വപ്നത്തിന് പിന്നാലെയായിരുന്നു. എന്നാൽ അത്ര എളുപ്പമല്ല എന്നറിയാമായിരുന്നു. പദ്ധതി ഇനി നടക്കും എന്ന തോന്നലിലേക്ക് കാര്യങ്ങളെത്തിക്കാൻ അദ്ദേഹത്തിനു വേണ്ടിവന്നത് കാലങ്ങളാണ്. 2015 ഓഗസ്റ്റ് 17ന് ഉമ്മൻചാണ്ടി സർക്കാർ വിഴിഞ്ഞം തുറമുഖത്തിനുള്ള കരാർ അദാനി ഗ്രൂപ്പുമായി ഒപ്പ് വെക്കുമ്പോൾ അതൊരു ചരിത്രരേഖയായി മാറുകയായിരുന്നു. സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടന്ന ചടങ്ങിൽ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന് വേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സന്തോഷ് മഹാപാത്രയും സംസ്ഥാന സർക്കാരിനുവേണ്ടി തുറമുഖവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗീസുമാണ് കരാറിൽ ഒപ്പിട്ടത്. തൊട്ടടുത്തുനിന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ മുഖത്ത് നിറഞ്ഞ ചെറുപുഞ്ചിരി ആ യാത്രയുടെ അന്തിമ വിജയത്തിന്റേതായിരുന്നു. ആദ്യമായി ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായ 2004 കാലഘട്ടത്തിൽ അന്നത്തെ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് വിഴിഞ്ഞം പദ്ധതിയുടെ ശിലാസ്ഥാപനം നടത്തിയതും ഉമ്മൻചാണ്ടിയുടെ ആഗ്രഹത്താലാണ്.

## ജനനായകൻ സമ്മാനിച്ചത് വൻകിട പദ്ധതികൾ

തിരുവനന്തപുരം: ഉമ്മൻചാണ്ടി എന്ന മുഖ്യമന്ത്രിയെ ഓർക്കുമ്പോൾ കേരളത്തിന്റെ മനസിൽ തെളിയുന്നത് എണ്ണിയാലൊടുങ്ങാത്ത പദ്ധതികൾ. അവയിൽ ചിലതെല്ലാം ഇടതുസർക്കാർ സ്വന്തം അക്കൗണ്ടിലാക്കിയപ്പോൾ, മറ്റുചിലതിന് അകാലചരമം വിധിച്ചു. കാരുണ്യ പോലുള്ള സാധാരണക്കാരന്റെ കണ്ണീരൊപ്പുന്ന പദ്ധതികൾ കൊണ്ടുവന്നത് ഉമ്മൻചാണ്ടി സർക്കാരായിരുന്നു. ശ്രുതിതരംഗം പോലുള്ള മാതൃകാ പദ്ധതികളും ഉമ്മൻചാണ്ടിയുടെ കയ്യൊപ്പ് പതിഞ്ഞതായിരുന്നു. ഇതെല്ലാം പിന്നീട് അട്ടിമറിക്കപ്പെട്ടു.

വിഴിഞ്ഞം രാജ്യാന്തര തുറമുഖം, സ്മാർട്സിറ്റി, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, 245 പാലങ്ങൾ എന്നിങ്ങനെയുള്ള വൻകിടപദ്ധതികൾ നാടിന് സമ്മാനിച്ചത് ഉമ്മൻചാണ്ടിയാണ്. ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനങ്ങൾ അവഗണിക്കപ്പെടാതിരിക്കാൻ അവർക്കുവേണ്ടിയൊരു കരുതൽ നയവും അദ്ദേഹം നടപ്പിലാക്കിയിരുന്നു. എന്നാൽ ഉമ്മൻചാണ്ടിപദ്ധതികളെയെല്ലാം എതിർക്കാനായിരുന്നു എന്നും സി.പി.എം ശ്രമിച്ചത്. വിഴിഞ്ഞം കഴിഞ്ഞാൽ അതിന് ഏറ്റവും വലിയ ഉദാഹരണമാണ് കണ്ണൂർ വിമാനത്താവളം. റൺവെയുടെ നീളം കൂട്ടണം, കൂടുതൽ സ്ഥലമെടുക്കണം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് കണ്ണൂർ വിമാനത്താവള പദ്ധതിയെ എതിർത്തത്.

സമാനമാണ് ലൈറ്റ് മെട്രോ. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോപദ്ധതി ഇ ശ്രീധരനെയും ഡൽഹി മെട്രോയെയും ഒഴിവാക്കിയാണ് അട്ടിമറിച്ചത്. ഗെയിൽ പദ്ധതിയാകട്ടെ സി.പി.എം ചില സംഘടനകളുമായി ചേർന്ന് പദ്ധതി പ്രദേശത്ത് വൻസമരം അഴിച്ചുവിട്ടു. ഭൂമിക്കടിയിലെ ബോംബ് എന്നായിരുന്നു വിശേഷണം. പിന്നീട് അവർക്കുതന്നെ പദ്ധതി പൂർത്തിയാക്കേണ്ടിവന്നു. ദേശീയപാതക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കലിനെതിരേയും സി.പി.എം സമരം നടത്തി. സർവെക്കല്ലു പോലും ഇടാൻ അനുവദിച്ചില്ല. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്കെതിരേ കോടതിയിൽ കേസുവരെ ഫയൽ ചെയ്ത് പദ്ധതി ഇല്ലാതാക്കാൻ ശ്രമിച്ചു. 2011ൽ രാജ്യത്ത് 506 ഓട്ടോണമസ് കോളജുണ്ടായിരുന്നപ്പോഴാണ് കേരളത്തിൽ ഓട്ടോണമസ് കോളജ് നടപ്പാക്കാൻ ഉമ്മൻചാണ്ടി തീരുമാനിച്ചത്. ഇതിനെതിരേ ശക്തമായി രംഗത്തുവന്ന സി.പി.എം ഗ്ലോബൽ വിദ്യാഭ്യാസ മീറ്റിൽവെച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചെയർമാൻ ടി.പി ശ്രീനിവാസനെ മർദിച്ചാണ് പക തീർത്തത്.



ഉമ്മൻ ചാണ്ടിയുടെ ഓർമ്മദിനത്തോടനുബന്ധിച്ച് അയ്യങ്കാളി ഹാളിൽ ഉമ്മൻചാണ്ടി ഫൗണ്ടേഷൻ സംഘടിപ്പിച്ച 'കുഞ്ഞൂഞ്ഞ് സ്പർശം' ഫോട്ടോ പ്രദർശനം ഉദ്ഘാടനം ചെയ്ത ശേഷം നോക്കിക്കാണുന്ന കർണാടക സ്പീക്കർ യു.ടി.ഖാദർ. ചാണ്ടി ഉമ്മൻ എം.എൽ.എ, മറിയാമ്മ ഉമ്മൻ, കെ.മുരളീധരൻ, ജോസഫ് എം.പുതുശ്ശേരി തുടങ്ങിയവർ

## ഓർമ്മകളുടെ വേലിയേറ്റമായി 'കുഞ്ഞൂഞ്ഞ് സ്പർശം' ഫോട്ടോ പ്രദർശനം

### കർണാടക സ്പീക്കർ യു.ടി.ഖാദർ ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: കാലം മായ്ക്കാത്ത ഓർമ്മകളിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. അദ്ദേഹത്തിന്റെ ഓർമ്മദിനത്തോടനുബന്ധിച്ച് അയ്യങ്കാളി ഹാളിൽ സംഘടിപ്പിച്ചിരിക്കുന്ന 'കുഞ്ഞൂഞ്ഞ് സ്പർശം' എന്ന ഫോട്ടോ പ്രദർശനം ജനങ്ങൾ വിസ്മരിക്കാത്ത ഒരു ജനനായകനെ ഓർമ്മപ്പെടുത്തുന്നു. എല്ലായിപ്പോഴും ചിരിതൂകുന്ന മുഖം, രാഷ്ട്രീയക്കാരനായി തുടക്കമിട്ട കാലത്തെ നിറഞ്ഞ വേദികളിലെ പ്രസംഗങ്ങൾ, ജനങ്ങൾക്കിടയിലിറങ്ങിയുള്ള അദ്ദേഹത്തിന്റെ പ്രവർത്തന രീതി അങ്ങനെ ഉമ്മൻ ചാണ്ടിയെന്ന നേതാവിന്റെ ജീവിതയാത്രകൾ കോർത്തിണക്കുന്നതാണ് ചിത്ര പ്രദർശനം.

കേവലം രാഷ്ട്രീയക്കാരൻ എന്നതിലുപരി അദ്ദേഹം ജനങ്ങൾക്കാരായിരുന്നുവെന്ന് ബോധ്യപ്പെടുത്തുന്നതാണ് ഓരോ ചിത്രവും. ജനങ്ങൾക്കുവേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള ഇടപെടലുകളും സംഭാവനകളും പ്രത്യേകമായി പ്രദർശനത്തിൽ ഒരുക്കിയിട്ടുണ്ട്. അയ്യങ്കാളി ഹാളിൽ സംഘടിപ്പിച്ച ചിത്രപ്രദർശനം കർണാടക സ്പീക്കർ യു.ടി.ഖാദർ ഉദ്ഘാടനം ചെയ്തു. നാളെ പ്രദർശനം സമാപിക്കും. ചടങ്ങിൽ ഉമ്മൻചാണ്ടി ഫൗണ്ടേഷൻ ചെയർമാൻ ചാണ്ടി ഉമ്മൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. കെ.മുരളീധരൻ, മറിയാമ്മ ഉമ്മൻ, ജോസഫ് എം.പുതുശ്ശേരി, മറിയ ഉമ്മൻ, സൂര്യ കൃഷ്ണമൂർത്തി, പി.കെ.വേണുഗോപാൽ, കെ.എസ് ഗോപകുമാർ, ദീപു വിശ്വനാഥൻ, കരകുളം രാജീവ്, വിപിൻ ജോസ്, പി.എസ്.ശ്രീകുമാർ പങ്കെടുത്തു. ഉമ്മൻചാണ്ടിയുടെ ഒന്നാം ചരമവാർഷിക ത്തോടനുബന്ധിച്ച് പോസ്റ്റൽ വകുപ്പ് പുറത്തിറക്കിയ സ്മരണിക സ്റ്റാമ്പ് കർണ്ണാടക സ്പീക്കർ യു.ടി.ഖാദർ പ്രകാശനം ചെയ്തു.

## ഉമ്മൻചാണ്ടി വിഭാവനം ചെയ്ത 'ഓപ്പറേഷൻ അനന്ത' അട്ടിമറിച്ചു

തിരുവനന്തപുരം: മാലിന്യക്കൂമ്പാരത്തിലൂടെ മരണത്തിന്റെ കയത്തിലേക്ക് ഒഴുകിപ്പോയ ജോയി തീരാവേദനയായി മാറുമ്പോൾ ഉമ്മൻചാണ്ടി വിഭാവനം ചെയ്ത 'ഓപ്പറേഷൻ അനന്ത' വീണ്ടും വാർത്തകളിൽ നിറയുന്നു. ഉമ്മൻചാണ്ടിയുടെ ദീർഘ വീക്ഷണത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും മറ്റൊരു ഉദാഹരണമായിരുന്നു ഓപ്പറേഷൻ അനന്ത.

2015 മെയ് ആറിന് ഉമ്മൻ ചാണ്ടി പറഞ്ഞു- " മഴപെയ്യുമ്പോൾ തമ്പാനൂരിലുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കാൻ ഓപ്പറേഷൻ അനന്ത എന്നപേരിൽ പദ്ധതി നടപ്പാക്കും. അതിനായി ദുരന്തനിവാരണ നിധിയിൽ നിന്ന് പത്തുകോടി രൂപ അനുവദിക്കുന്നു". പദ്ധതിയുടെ ഭാഗമായി പഴവങ്ങാടി പ്രദേശത്തെ ഓടകൾക്ക് മുകളിലുള്ള അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചിരുന്നു. രാജഭരണ കാലത്ത് നിർമ്മിച്ച ഓടകൾക്ക് മുകളിലെ കൈയ്യേറ്റങ്ങളാണ് ഒഴിപ്പിച്ചത്. തുടർന്ന് വീണ്ടും 15 കോടി കൂടി അനുവദിച്ചു. എന്നാൽ പദ്ധതിയുടെ ആദ്യഘട്ടം കഴിഞ്ഞപ്പോൾ ഉമ്മൻചാണ്ടി സർക്കാർ അധികാരമൊഴിഞ്ഞു. ഇതോടെ പ്രവർത്തികൾ നിലയ്ക്കുകയും ചെയ്തു. വകയിരുത്തിയ തുകയിൽ നാലിൽ ഒന്ന് പോലും കോർപറേഷൻ ചെലവഴിച്ചിട്ടില്ല. സർക്കാർ പ്രഖ്യാപിച്ച തെളിനീരൊഴുകും നവകേരളം പദ്ധതിയിലും പാർവതിപുത്തനാറിന്റെയും ആമയിഴഞ്ചാൻ തോടിന്റെയും പേരില്ല. ആമയിഴഞ്ചാൻ തോട് ആകെ 12 കിലോമീറ്ററാണുള്ളത്. റെയിൽവെ ഭൂമിയിലൂടെ കടന്ന് പോകുന്നത് 117 മീറ്റർ മാത്രമാണ്. ട്രാപ്പ് വച്ചും പത്താൾ പൊക്കത്തിൽ ഇരുമ്പുവല വെച്ചും മാലിന്യ നിക്ഷേപം തടയുന്നുണ്ടെന്നും ടണലിലേക്ക് ഒഴുകി എത്തുന്നത് അത്രയും നഗര മാലിന്യങ്ങളാണ്.

2015ൽ ഓപ്പറേഷൻ അനന്ത കാലത്ത് റെയിവെ ടണൽ കടന്ന് പോകുന്ന നഗരപ്രദേശത്ത് നിന്ന് മാത്രം കോരി മാറ്റിയത് 700 ടൺ മാലിന്യമാണ്. തുടർ നിക്ഷേപം നടക്കാതിരിക്കാൻ തോട് നീളെ ക്യാമറ വച്ചു. 54 ലക്ഷം ചെലവാക്കി സ്ഥാപിച്ച 37 ക്യാമറകൾ സ്ഥാപിച്ചെങ്കിലും പേരിനൊന്ന് കാണാൻ പോലുമില്ലെന്നതാണ് വസ്തുത. മേജർ ഇറിഗേഷൻ, നഗരസഭ റെയിൽവെ തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തിന് ഒരു നടപടിയും നിലവിലില്ല. നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കാൻ കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയത് 8.8 കോടി രൂപയാണ്. അതിൽ കോർപറേഷൻ ചെലവഴിച്ചത് 2.65 കോടി മാത്രമാണ്.

## 95ൽ ഉമ്മൻചാണ്ടി മുഖ്യമന്ത്രി സ്ഥാനം നിരസിച്ചയാൾ: ചെറിയാൻ ഫിലിപ്പ്

തിരുവനന്തപുരം: 1995ൽ കെ.കരുണാകരനു പകരം മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഉമ്മൻ ചാണ്ടിയെയും കോൺഗ്രസ് ഹൈക്കമാന്റ് പരിഗണിച്ചെങ്കിലും അദ്ദേഹം നിരസ്സിക്കുകയാണുണ്ടായതെന്ന് ചെറിയാൻ ഫിലിപ്പ്. തന്റെ ഉറച്ച നിലപാട് പ്രധാനമന്ത്രി നരസിംഹ റാവുവിനെ അറിയിച്ചതോടൊപ്പം എ.കെ.ആന്റണിയുടെ പേരു നിർദ്ദേശിക്കുകയും ചെയ്തു.

ആന്റണി താൻ മുഖ്യമന്ത്രിയാവില്ലെന്ന കടുത്ത നിലപാടാണ് ആദ്യം മുതലേ സ്വീകരിച്ചത്. ആന്റണിയെ കൊണ്ട് സമ്മതിപ്പിക്കാൻ പി.ജെ.കുര്യനെയും എന്നെയും ഉമ്മൻ ചാണ്ടി ചുമതലപ്പെടുത്തി. പി.ജെ.കുര്യൻ നരസിംഹറാവുവിനെ നേരിൽ കണ്ട് എ.കെ.ആന്റണിയുടെ മേൽ സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെട്ടു. 1978 ൽ എ.കെ.ആന്റണി മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചപ്പോൾ മന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയോട് അടുത്ത മന്ത്രിസഭയിൽ അംഗമാകാൻ ആന്റണി ആവശ്യപ്പെട്ടെങ്കിലും ഉമ്മൻ ചാണ്ടി വഴങ്ങിയില്ല. 1980ൽ നായനാർ മന്ത്രിസഭയിൽ അംഗമാകാൻ ഉമ്മൻ ചാണ്ടി വിസമ്മതിച്ചു. തുടർന്നാണ് പി.സി. ചാക്കോ മന്ത്രിയായത്. 1981 ൽ കരുണാകരൻ മുഖ്യമന്ത്രിയായ ബദൽ മന്ത്രിസഭയിൽ ആഭ്യന്തര മന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി 1982 ൽ തിരഞ്ഞെടുപ്പിനു ശേഷം വയലാർ രവിക്കു വേണ്ടി മന്ത്രി പദം ഒഴിഞ്ഞു. 1995 ലും 2001ലും മന്ത്രിയാകാൻ ഉമ്മൻ ചാണ്ടിയോട് മുഖ്യമന്ത്രി എ.കെ.ആന്റണി ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം തയ്യാറായില്ല. 2004ൽ മുഖ്യമന്തി സ്ഥാനം രാജിവെച്ചപ്പോൾ എ.കെ.ആന്റണി തന്റെ പിൻഗാമിയായി സോണിയ ഗാന്ധിയോട് നിർദ്ദേശിച്ചത് ഉമ്മൻ ചാണ്ടിയുടെ പേരാണെന്നും അദ്ദേഹം പറഞ്ഞു.




# യമാൽ ദി ബെസ്റ്റ്

## ആ ഗോൾ സൂപ്പർ ഗോൾ

മ്യൂണിച്ച്: സ്പെയിൻ ജേതാക്കളായ യൂറോപ്യൻ ഫുട്ബോൾ ചാമ്പ്യൻഷിപ്പിലെ ഏറ്റവും മികച്ച ഗോളും സ്പെയിനിന് സ്വന്തം. സെമി ഫൈനലിൽ ഫ്രാൻസിനെതിരായ സെമിയിൽ കൗമാരതാരം ലാമിൻ യമാൽ സ്വന്തമാക്കിയ ഗോളാണ് യൂറോയിലെ ഏറ്റവും മികച്ച ഗോളായി തെരഞ്ഞെടുക്കപ്പെട്ടത്. ചാമ്പ്യൻഷിപ്പിൽ ഒരു മൽസരം പോലും തോൽക്കാതെയാണ് സ്പെയിൻ ജേതാക്കളായത്. സെമിയിൽ ഒരു ഗോളിന് പിറകിൽ നിൽക്കവെയായിരുന്നു അന്ന് 16 വയസ് മാത്രം പ്രായമുള്ള യമാലിന്റെ അതിഗംഭീര ഗോൾ പിറന്നത്. ഫ്രഞ്ച് ഡിഫൻഡർ അഡ്രിയാൻ റാബോട്ടിനെ കബളിപ്പിച്ച് തൊടുത്ത ഷോട്ട് ഇടത് പോസ്റ്റിനെ ചുംബിച്ചാണ് വലയിൽ കയറിയത്. മേജർ സെമിയിൽ പിറന്ന ഏറ്റവും പ്രായം കുറഞ്ഞ ഗോൾ കൂടിയായിരുന്നു അത്. പതിനേഴാം പിറന്നാളിന്റെ തലേ ദിവസമായിരുന്നു ഫ്രാൻസിനെതിരായ സെമി ഫൈനൽ. ലാലീഗയിൽ ബാർസിലോണക്കായി കളിക്കുന്ന യമാലിനെ തേടി യൂറോയിലെ മറ്റൊരു വലിയ പുരസ്ക്കാരവും എത്തിയിരുന്നു-ചാമ്പ്യൻഷിപ്പിലെ ഏറ്റവും മികച്ച യുവതാരം. നാല് അസിസ്റ്റുകളും ഒരു സുന്ദര ഗോളുമായിരുന്നു അദ്ദേഹത്തിന്റെ യൂറോ നേട്ടം.

## മാപ്പ് മാപ്പേ....



ലണ്ടൻ: വംശീയ പ്രയോഗങ്ങൾ- അത് പാട്ടായാലും സംസാരമായാലും എഴുത്തായാലുമെല്ലാം എതിർക്കപ്പെടണം. കോപ്പ അമേരിക്ക കിരീടം സ്വന്തമാക്കിയ അർജന്റീനിയൻ ടീം ആഘോഷ വേളയിൽ പാടിയ പാട്ടിലെ ചില വരികൾ വംശീയമായതോടെ പുലിവാല് പിടിച്ചിരിക്കുന്നു അവരുടെ യുവ സൂപ്പർ താരം എൻസോ ഫെർണാണ്ടസ്. ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ചെൽസിക്കായി പന്ത് തട്ടുന്ന എൻസോ ആഫ്രിക്കൻ താരങ്ങളെ ഉദ്ദേശിച്ച് പാടിയ വരികളാണ് വൻ വിവാദമായിരിക്കുന്നത്. താരം ഖേദം പ്രകടിപ്പിച്ചുവെങ്കിലും ക്ലബ് അദ്ദേഹത്തിനെതിരെ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. ഫ്രഞ്ച് സംഘത്തിലെ ആഫ്രിക്കൻ വംശജരായ താരങ്ങളെ പരിഹസിച്ചുള്ളതായിരുന്നു വരികൾ. വിഖ്യാതരായ കളിക്കാർ ഈ വിധം പെരുമാറുന്നത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലെന്ന് ഫിഫ വ്യക്തമാക്കിയിട്ടുണ്ട്. ലോക ഫുട്ബോളിൽ, വിശിഷ്യാ യൂറോപ്യൻ ക്ലബ് ഫുട്ബോളിൽ വംശീയത നിറഞ്ഞാടുന്ന വേളയാണിത്. റയൽ മാഡ്രിഡിന്റെ ബ്രസീൽ താരം വിനീഷ്യസ് ജൂനിയറായിരുന്നു പോയ സീസണിൽ വംശീയതയുടെ പേരിൽ ഏറെ വേട്ടയാടപ്പെട്ട താരം.

# ചന്ദ്രിക സ്പോർട്സ്



*സിസു (സിനദിൻ സിദാൻ) ഞങ്ങളുടെ തലമുറയുടെ ഐക്കണാണ്. ഫ്രാൻസിൽ നിന്നുള്ള ഇതിഹാസം. അദ്ദേഹമായിരുന്നു എനിക്ക് റോൾ മോഡൽ. 1998 ലെ ലോകകപ്പ് ഫൈനലിലെ ആ ഗോളുകൾ എത്രയോ തവണ കണ്ടതാണ്. റയൽ മാഡ്രിഡ് ജഴ്സിയിൽ ആ പ്രകടനം ആസ്വദിച്ചതാണ്. അദ്ദേഹം റയലിൽ പരിശീലകനായപ്പോൾ എന്നെ ക്ഷണിച്ചതാണ്. അദ്ദേഹത്തിന് കീഴിൽ കളിക്കാനായിരുന്നു താൽപ്പര്യവും. പക്ഷേ പല കാരണങ്ങളാൽ അത് നടന്നില്ല. പക്ഷേ ഞാൻ റയലിലെത്തിയപ്പോൾ ആ ജഴ്സി അണിയുന്നത് കാണാൻ അദ്ദേഹമെത്തി. ആ സ്നേഹം മറക്കാനാവില്ല*

**-കിലിയൻ എംബാപ്പേ**

www.chandrikadaily.com

**BREAKING** ക്രൊയേഷ്യൻ നായകൻ ലുക്കാ മോഡ്രിച്ച് ഒരു സീസൺ കൂടി റയൽ മാഡ്രിഡിൽ തുടരും, കരാർ പുതുക്കി



### ഇന്ന്

രണ്ടാം ടെസ്റ്റ്
ഇംഗ്ലണ്ട്-വിൻഡീസ്
ഒന്നാം ദിവസം
(വൈകീട്ട് 3-30)
സോണി സ്പോർട്സ് ലൈവ്

യുവേഫ
യൂറോപ്പ ലീഗ്
യോഗ്യതാ മൽസരങ്ങൾ
(രാത്രി 10-00 മുതൽ)
ലൈവ് ഇല്ല

# ടീം 117 പാരീസ് പിടിക്കാൻ ഇന്ത്യയുടെ വൻസംഘം

PARIS 2024

**ഇനി 08 നാൾ**

ന്യൂഡൽഹി: ഇത്തവണ പാരീസിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നത് 117 അത്‌ലറ്റുകൾ. ഇവരെ നയിക്കുന്നത് ടോക്കിയോ ഒളിംപിക്സിൽ പുരുഷന്മാരുടെ ജാവലിനിൽ സ്വർണം സ്വന്തമാക്കിയ നീരജ് ചോപ്ര. ഇന്ത്യൻ സംഘത്തിലെ അഞ്ച് പേർ ഇതിനകം ഒളിംപിക് മെഡലിന് ഉടമകളാണെങ്കിൽ 72 പേർ കന്നിക്കാരാണ്. നിരജിനെ കൂടാതെ മിരാഭായി ചാനു, പി.വി സിന്ധു, ലവ്‌ലിന ബോർഗഹെയിൻ, പുരുഷ ഹോക്കി ടീം എന്നിവരാണ് ടോക്കിയോ ഒളിംപിക്സിലെ മെഡൽ നേട്ടവുമായി പാരീസിലക്ക് പറക്കുന്നത്. ടോക്കിയോവിൽ ഇന്ത്യക്ക് ഏഴ് മെഡലുകളുണ്ടായിരുന്നു ഇന്ത്യക്ക്. ഗുസ്തിക്കാരായ രവി ദാഹിയ, ബജ്‌രംഗ് പൂനിയ എന്നിവരായിരുന്നു മറ്റ് മെഡലുകൾ നേടിയവർ. നീരജിൽ നിന്ന് ഇത്തവണയും ഇന്ത്യ സ്വർണം തന്നെയാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ ഒളിംപിക്, ലോക ചാമ്പ്യനാണ് അദ്ദേഹം. ഇതാദ്യമായി ഒളിംപിക്സിൽ മൽസരിക്കുന്ന 72 പേരിൽ പ്രധാനികൾ രണ്ട് തവണ ബോക്സിംഗ് ലോകപ്പട്ടം സ്വന്തമാക്കിയ നിഖാത് സരിൻ, ലോക ജൂനിയർ ഗുസ്തി ജേതാവ് അന്റിം പങ്കൽ, റിഥിക ഹുഡ, ഹർഡിൽസിൽ കരുത്ത് കാണിക്കുന്ന ജ്യോതി യരാജി, ജാവലിൻ ത്രോ താരം കിഷോർ കുമാർ ജെന തുടങ്ങിയവരുണ്ട്. പതിനാലാം വയസിൽ ഒളിംപിക്സിൽ മൽസരിക്കുന് മലയാലി നീന്തൽ താരം ദിനിധിയാമ് പ്രായം കുറഞ്ഞ താരം. ഗുസ്തിയിൽ ഇന്ത്യ എന്നും ഒളിംപിക്സ് മികവ് തെളിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തവണ പുരുഷ ഗുസ്തി സംഘത്തിൽ അമാൻ ഷെറാവത്ത് മാത്രമേയുള്ളു. 57 കിലോഗ്രാം വിഭാഗത്തിലാണ് അദ്ദേഹം മൽസരിക്കുന്നത്. ഷൂട്ടിംഗിലാണ് ഇന്ത്യ ഏറ്റവുമധികം താരങ്ങളെ അയക്കുന്നത്-21. പരോൾ ചൗധരി, മനു ഭാക്കർ എന്നിവർ രണ്ടിനങ്ങളിൽ മൽസരിക്കുന്നു. വനിതകളുടെ 5000, 3000 മീറ്റർ സ്റ്റീപ്പിൾ ചേസ് എന്നി ഇനങ്ങളിലാണ് പരോൾ മൽസരിക്കുന്നത്. ഷൂട്ടറായ മനു വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ, 25 മീറ്റർ പിസ്റ്റൾ ഇനങ്ങളിലാണ് മൽസരിക്കുന്നത്. 42-കാരനായ ടി.ടി താരം ശരത് കമലും 43-കാരനായ ടെന്നിസ് താരം രോഹൻ ബോപ്പണയുമാണ് ടീമിലെ സിനിയേഴ്സ്. ശരതാണ് ഇന്ത്യൻ പതാക വഹിക്കുന്നത്.



*ടോക്കിയോ ഒളിംപിക്സിൽ പുരുഷന്മാരുടെ ജാവലിനിൽ സ്വർണം സ്വന്തമാക്കിയ നീരജ് ചോപ്ര തന്നെയാണ് പാരീസിലും ഇന്ത്യയുടെ വലിയ പ്രതീക്ഷ*


# നീന്തും മേയർ



*സെൻ നദിയിൽ നീന്തുന്ന പാരീസ് മേയർ അന്ന ഹിഡാൽഗോ*

പാരീസ്: മാതൃകയായി പാരിസ് മേയർ തന്നെ. ഒളിംപിക്സിന്റെ മുഖ്യ വേദികളിലൊന്നായ, പാരീസ് നഗരത്തിന്റെ ഹൃദയമായി ഒഴുകുന്ന സെൻ നദിയിലെ വെള്ളം മാലിന്യ മുക്തമല്ലെന്ന വാദം നിലനിൽക്കവെ ഇന്നലെ മേയർ അന്ന ഹിഡാൽഗോ നേരിട്ടെത്തി. നൂറ് കണക്കിന് ക്യാമറകൾ മിന്നിയ കാഴ്ച്ചയിൽ 65-കാരിയായ മേയർ നദിയിലേക്കിറങ്ങി നീന്തി. സെൻ നദിയിലെ വെള്ളത്തിന് ഒരു കുഴപ്പവുമില്ലെന്ന് തെളിയിക്കുമെന്ന് നേരത്തെ പറഞ്ഞിരുന്ന മേയർ ആ വാക്ക് പാലിക്കാനാണ് എത്തിയത്. ഒളിംപിക്സിലെ നീന്തൽ മാരത്തോൺ, ട്രയാത്ത്‌ലൺ മൽസരങ്ങൾക്ക് വേദിയാവുന്ന സെൻ നദിക്കരയിലാണ് ഉദ്ഘാടന, സമാപന ചടങ്ങുകളും. നദിയിലെ വെള്ളത്തിന് കുഴപ്പങ്ങളൊന്നുമില്ലെന്ന് തെളിയിക്കാൻ മേയർക്കൊപ്പം പത്തോളം ഒഫീഷ്യൽസും നീന്താനിറങ്ങി. 100 മീറ്ററോളം നീന്തിയ ശേഷം കരക്ക് കയറിയ മേയർ മാധ്യമ പ്രവർത്തകരോട് പറഞ്ഞത് ഇപ്രകാരം: ഇതൊരു സ്വപ്ന ദിനമാണ്. സുര്യൻ പുറത്ത് വന്നിരിക്കുന്നു. 2015 ലാണ് ഒളിംപിക്സ് ഒരുക്കങ്ങൾ ഞങ്ങൾ ആരംഭിച്ചത്. അന്ന് തന്നെ രാജ്യാന്തര ട്രയാത്ത്‌ലൺ ഫെഡറേഷൻ ഞങ്ങളോട് ചോദിച്ചിരുന്നു- എന്ത് കൊണ്ട് സെൻ നദിയിൽ നമുക്ക് ട്രയാത്ത്‌ലൺ മൽസരങ്ങൾ നടത്തിക്കൂടാ... സെൻ നദിയിലുടെ താരങ്ങൾക്ക് നീന്താമല്ലോ.... നല്ല രുചികരമായ വെള്ളം. ആ വാക്കുകളാണ് ഇപ്പോൾ യാഥാർത്ഥ്യമാവാൻ പോവുന്നത്. ഈ വെള്ളത്തിന് ഒരു കുഴപ്പവുമില്ല...

മേയർ തന്നെ മാതൃകയായതിലെ സന്തോഷം ഒളിംപിക്സ് സംഘാടക സമിതി തലവൻ ടോണി എസ്റ്റഗറ്റ് മറച്ചുവെച്ചില്ല. ട്രയാത്ത്‌ലൺ, മാരത്തോൺ നീന്തൽ എന്നീ മൽസരങ്ങൾക്ക് സെൻ നദി അനുയോജ്യമാണെന്ന് മേയർ തന്നെ തെളിയിച്ചതിൽ വലിയ സന്തോഷമുണ്ടെന്നായിരുന്നു അദ്ദേഹം പറഞ്ഞത്. കനത്ത മഴ പെയ്ത് സാഹചര്യം മോശമായാൽ ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സെൻ നദിയിൽ പണ്ട് നീന്തലുണ്ടായിരുന്നു. 1923 മുതൽ ആരോഗ്യ കാരണങ്ങളാൽ ഇത് നിരോധിച്ചു. 1990 ൽ അന്നത്തെ ഫ്രഞ്ച് പ്രസിഡണ്ട് ജാക്വസ് ചിറാക് സെൻ നദി നീന്തലിന് അനുയോജ്യമാക്കുമെന്ന് വാഗ്ദാനം നൽകിയിരുന്നു. എന്നാൽ ആ വാഗ്ദാനം വെറുതെയായി. ഒളിംപിക്സ് മുൻനിർത്തി സംഘാടകർ തുടക്കം മുതൽ സെൻ നദി മാലിന്യ മുക്തമാക്കുമെന്ന് വ്യക്തമാക്കിയിരുന്നു. പക്ഷേ ജലത്തിലെ മാലിന്യ നിലവാരം കുറഞ്ഞില്ല എന്ന പഠനമാണ് വന്നത്. ഇപ്പോൾ ഒളിംപിക്സിന് എട്ട് നാൾ മാത്രം ബാക്കി നിൽക്കെ മേയർ തന്നെ രംഗത്തിറങ്ങിയതോടെ താരങ്ങളും സംഘാടകരും ആശ്വാസത്തിലാണ്.



# അൽവാരസ് സംഘം

പാരീസ്: അർജൻറീനിയൻ ദേശീയ ഫുട്ബോളിൻ ടീമിന്റെ അടുത്ത വേദി പാരീസ് ഒളിംപിക്സ്. പക്ഷേ മെസിയില്ലാത്ത ടീമിന് കളി കടുപ്പമാവും. ആദ്യ ഘട്ടത്തിൽ തന്നെ മൊറോക്കോയും ഇറാഖുമെല്ലാമാണ് ഹാവിയർ മസ്ക്കരാനോ പരിശീലിപ്പിക്കുന്ന അർജൻറീനിയൻ സംഘത്തിന്റെ പ്രതിയോഗികൾ. 2008 ലെ ബെയ്ജിംഗ് ഒളിംപിക്സിൽ മെസിയുടെ നേതൃത്വത്തിൽ സ്വന്തമാക്കിയ ഒളിംപിക് സ്വർണത്തിന് ശേഷം വലിയ നേട്ടം ടീമിനില്ല. നിലവിൽ ലോകകപ്പ്, കോപ്പ ജേതാക്കളാണ് അർജൻറീന. ഒരിക്കൽ കൂടി ഒളിംപിക് സ്വർണം സ്വന്തമാക്കുകയാണ് ലക്ഷ്യം. നിക്കോളാസ് ഓട്ടോമെൻഡി, ജൂലിയൻ അൽവാരസ്, ഗോൾക്കീപ്പർ ജെറോനിമോ റുലി എന്നീ മൂന്ന് സീനിയർമാർ ടീമിലുണ്ടാവും. മെസി വരുമെന്നായിരുന്നു ആരാധകരുടെ പ്രതീക്ഷ. പക്ഷേ കോപ്പ മൽസരങ്ങളുടെ തിരക്കും ക്ലബായ ഇന്റർ മിയാമിയുടെ ഷെഡ്യൂളും പരിഗണിച്ചായിരുന്നു സൂപ്പർ താരം മാറിയത്. അതിനിടെ കോപ്പയിൽ പരുക്കുമേറ്റു.

24 മുതലാണ് ഫുട്ബോൾ മൽസരങ്ങൾ ആരംഭിക്കുന്നത്. 16 ടീമുകളാണ് യോഗ്യതാ കടമ്പ പിന്നിട്ട് വന്നിരിക്കുന്നത്. നിലവിലെ സ്വർണ ജേതാക്കളായ ബ്രസീൽ പാരിസ് ടിക്കറ്റ് നേടിയിട്ടില്ല. അർജന്റീനയെ കൂടാതെ നിലവിലെ യൂറോ ചാമ്പ്യന്മാരായ സ്പെയിൻ, ഫ്രാൻസ് എന്നിവരാണ് കരുത്തർ. സ്പാനിഷ് സംഘത്തിൽ പക്ഷേ യൂറോ കിരീട സംഘത്തിലെ ആരുമില്ല. 17-കാരനായ ലാമിൻ യമാൽ, 22 കാരനായ നികോ വില്ല്യംസ് എന്നിവരെ പ്രതീക്ഷിച്ചുവെങ്കിലും ഇവരാരുമില്ല. ഫ്രഞ്ച് സംഘത്തിലും പ്രമുഖർ ആരുമില്ല. 24ന് ആദ്യ ദിവസം തന്നെ പാർക്ഡി പ്രിൻസസിൽ സ്പെയിൻ ഉസ്ബെക്കിസ്താനുമായി കളിക്കുന്നുണ്ട്. അതേ ദിവസം തന്നെ അർജന്റീന മൊറോക്കോക്കെതിരെ ഇറങ്ങും.

# തുടക്കം ഉടക്കിൽ

## ഹാർദിക് വേണ്ടെന്ന് ഗാംഭീർ



*രോഹിത് ശർമയുടെ പിൻഗാമിയായി ഇന്ത്യൻ ടി-20 സംഘത്തെ നയിക്കാൻ ഹാർദിക് പാണ്ഡ്യ വരുമെന്നാണ് കരുതപ്പെട്ടതെങ്കിൽ കോച്ച് ഗൗതം ഗാംഭീർ സുര്യകുമാർ യാദവിനൊപ്പമാണ്. (ഫയൽ)*

മുംബൈ: ഉടക്കിന്റെ ആശാനായ ഗൗതം ഗാംഭീർ പരിശീലക പദവിയിൽ ജോലി തുടങ്ങും മുമ്പ് ഉടക്കുമായി രംഗത്ത്. ഹാർദിക് പാണ്ഡ്യയെ രോഹിത് ശർമയുടെ പിൻഗാമിയായി പ്രഖ്യാപിക്കുന്നതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചാണ് ഗാംഭീർ രംഗത്ത് വന്നിരിക്കുന്നത്. പരിശീലകൻ ഉടക്കിയതോടെ ശ്രീലങ്കൻ പര്യടനത്തിനുള്ള ഇന്ത്യൻ സംഘത്തെ തെരഞ്ഞെടുക്കാനുള്ള സെലക്ഷൻ കമ്മിറ്റി യോഗം ഇന്നത്തേക്ക് മാറ്റി. ഇന്നലെ ഓൺലൈൻ വഴി യോഗം ചേരാനായിരുന്നു തീരുമാനം. ടി-20 ലോകകപ്പ് നേട്ടത്തിന് ശേഷം രോഹിത് ശർമ നായകപദവി വിട്ടതിനാൽ അദ്ദേഹത്തിന്റെ പിൻഗാമിയെ തെരഞ്ഞെടുക്കുക എന്നതാണ് പ്രധാന ജോലി. നിലവിൽ ടീമിന്റെ ഉപനായകനായ ഹാർദിക് പാണ്ഡ്യ തന്നെയായിരുന്നു സ്വാഭവിക ചോയിസ്. എന്നാൽ ഇടക്കിടെ പരുക്കേൽക്കുന്ന ഹാർദിക് എന്ന കുറ്റപ്പെടുത്തലോടെ ഗാംഭീർ നിർദ്ദേശിച്ചിരിക്കുന്ന പേര് സുര്യകുമാർ യാദവിന്റേതാണ്. 2026 ലെ ലോകകപ്പ് വരെ ഇന്ത്യക്ക് സ്ഥിരം നായകൻ വേണമെന്നതാണ് കോച്ചിന്റെ വാദം. ഹാർദിക്കിന് ഇടക്കിടെ പരുക്കേൽക്കുന്നു. പുറത്ത് പോവുന്നു. കളിക്കാൻ കഴിയുന്നില്ല. ഇത്തരം വിഷയങ്ങൾ ടീമിനെ ബാധിക്കും. അതിനാൽ സുര്യകുമാറാണ് നല്ല ചോയിസ് എന്നാണ് കോച്ച് പറഞ്ഞത്. ഇക്കാര്യം സെലക്ഷൻ കമ്മിറ്റി ചെയർമാൻ അജിത് അഗർക്കറുമായി സംസാരിക്കുകയും ചെയ്തു. എന്നാൽ ഹാർദിക്കിനെ മാറ്റിയാൽ അത് പ്രശ്നമാവുമോ എന്ന ആശങ്ക സെലക്ടർമാർക്കുണ്ട്. അദ്ദേഹമാണ് ടീമിലെ സീനിയർ. കൂടാതെ നായകപ്പട്ടം അദ്ദേഹം ആഗ്രഹിക്കുന്നുമുണ്ട്. ശ്രീലങ്കയിൽ മൂന്ന് ടി-20 മൽസരങ്ങളാണ് ടീം കളിക്കുന്നത്. ഈ മൽസരങ്ങൾക്ക് ശേഷം വ്യക്തിഗതമായ കാരണങ്ങളാൽ താൻ ലങ്ക വിടുമെന്ന് ഹാർദിക് അറിയിച്ചിട്ടുണ്ട്.

വൈറ്റ്ബോൾ ക്രിക്കറ്റിന് സ്ഥിരം നായകൻ വേണമെന്നതാണ് കോച്ചിന്റെ വാദം. അതേ സമയം ലങ്കക്കെതിരായ ഏകദിന പരമ്പരയിൽ രോഹിത് ശർമ കളിക്കുമെന്നാണ് റിപ്പോർട്ട്. ടി-20 ലോകകപ്പ് നേട്ടത്തിന് ശേഷം കുടുംബ സമേതം അദ്ദേഹം അമേരിക്കയിലാണ്. പാക്കിസ്താനിൽ നടക്കാനിരിക്കുന്ന ഐ.സി.സി ചാമ്പ്യൻസ് ട്രോഫി വരെ ഇന്ത്യക്ക് മറ്റ് ഏകദിന പരമ്പരകൾ ഇല്ലാത്തതിനാൽ ലങ്കയിലെത്താമെന്ന് രോഹിത് അറിയിച്ചിട്ടുണ്ട്. രോഹിത് വരുന്നപക്ഷം ഏകദിന ടീമിനെ അദ്ദേഹം തന്നെയായിരിക്കും നയിക്കുക. ടീമിന്റെ കാര്യത്തിൽ ധാരണയായിട്ടുണ്ട്. യുവതാരങ്ങൾക്കാണ് പരിഗണന. സഞ്ജു സാംസൺ രണ്ട് ടീമിലും ഉണ്ടെന്നാണ് സൂചന. സീനിയേഴ്സിനെല്ലാം വിശ്രമം നൽകിയിട്ടുണ്ട്.

# ഒരു മാസം വിശ്രമം

## ചികിൽസ മിയാമിയിൽ



*കോപ്പ ഫൈനലിനിടെ മെസിക്ക് പരുക്കേൽക്കുന്ന കാഴ്ച്ച*

മിയാമി: കോപ്പ അമേരിക്ക ഫൈനലിൽ കണങ്കാലിന് ഗുരുതരമായി പരുക്കേറ്റ ഇതിഹാസ താരം ലിയോ മെസിക്ക് ദീർഘ വിശ്രമവും ചികിൽസയും നിർദ്ദേശിച്ച് ഡോക്ടർമാർ. മിയാമിയിൽ ചികിൽസയിൽ കഴിയുന്ന അർജൻറീനിയൻ നായകന് ഒരു മാസത്തേക്ക് കളിക്കളത്തിൽ ഇറങ്ങാനാവില്ല. മേജർ സോക്കർ ലീഗിൽ ഇന്റർ മിയാമിയുടെ മൽസരങ്ങളും അദ്ദേഹത്തിന് നഷ്ടമാവും. കാൽക്കുഴ തെറ്റിയതായാണ് റിപ്പോർട്ട്. കൊളംബിയക്കെതിരായ ഫൈനലിന്റെ ആദ്യ പകുതിയിൽ പന്തുമായി മുന്നേറവെ ഡിഫൻഡറുടെ ഫൗളിനിരയായി പരസ്യ ബോർഡിന് അരികിലേക്ക് മെസി തെറിച്ച് വീണിരുന്നു. അപ്പോൾ തന്നെ നേരത്തെയുണ്ടായിരുന്ന പരുക്ക് ഗുരുതരമായതായാണ് ഡോക്ടർമാരുടെ നിരീക്ഷണം. വേദന സഹിച്ചാണെങ്കിലും വീണ്ടും മെസി കളി തുടർന്നു. രണ്ടാം പകുതിയിൽ പന്തിനെ പിന്തുടരവെ വീണതോടെ നടക്കാൻ പോലും കഴിയാത്ത അവസ്ഥയായി. കരഞ്ഞ് കൊണ്ടാണ് മെസി ഡഗൗട്ടിലെത്തിയത്. ടീം കിരീടം നേടുന്നത് വരെ വേദന സഹിച്ചും കാലിൽ ഐസ് പാക്ക് വെച്ചും തുടർന്ന മെസി പിന്നീട് കിരീടം സ്വീകരിച്ച ശേഷം ടീമിനൊപ്പം ആഹ്ലാദം പങ്കിട്ടാണ് മടങ്ങിയത്. ടീം അംഗങ്ങളെല്ലാം നാട്ടിലേക്ക് തിരിച്ചപ്പോൾ മെസി നേരെ ആശുപത്രിയിലേക്കാണ് പോയത്.

# കലിപ്പിലാണ് പാക്കിസ്താൻ

ലാഹോർ: പാക്കിസ്താൻ ക്രിക്കറ്റ് ബോർഡ് വിട്ടുവീഴ്ച്ചക്കില്ല. ഐ.സി.സി ചാമ്പ്യൻസ് ട്രോഫി പാക്കിസ്താന് അനുവദിച്ചതാണെന്നും അത് പാക് വേദികളിൽ തന്നെ നടക്കുകയും ചെയ്യുമെന്നാണ് പാക്കിസ്താൻ മുന്നറിയിപ്പ്. നാളെ നടക്കാൻ പോവുന്ന ഐ.സി.സി യോഗത്തിൽ ചാമ്പ്യൻഷിപ്പിന്റെ ബഡ്ജറ്റ് അവതരിപ്പിക്കുമെന്നും പി.സി.ബി വ്യക്തമാക്കി. തങ്ങളുടെ വേദികളിൽ കളിക്കില്ല എന്ന ഇന്ത്യൻ നിലപാടിൽ പാക്കിസ്താൻ രോഷാകുലരാണ്. രാഷ്ട്രീയ കാരണങ്ങളാൽ ഇന്ത്യ വിട്ടുനിൽക്കുന്നത് ശരിയല്ല. ഇന്ത്യയിൽ ലോകകപ്പ് നടന്നപ്പോൾ പാക്കിസ്താൻ ടീമിനെ അയച്ചിരുന്നു. അത് മനസിലാക്കി തന്നെ സ്പോർട്സിൽ രാഷ്ട്രീയം കലർത്താതെ ഇന്ത്യ ടീമിനെ അയക്കണമെന്നാണ് പി.സി.ബി പറയുന്നത്. പോയ സീസണിൽ പാക്കിസ്താനായിരുന്നു ഏഷ്യാ കപ്പ് അനുവദിച്ചത്. എന്നാൽ സുരക്ഷാ കാരണങ്ങൾ പറഞ്ഞ് ഇന്ത്യ പാക്കിസ്താനിൽ കളിക്കില്ല എന്ന് വ്യക്തമാക്കിയപ്പോൾ ഇന്ത്യയുടെ മൽസരങ്ങൾ ശ്രീലങ്കയിലാണ് നടന്നത്. ഇത് പോലെ ഐ.സി.സി ചാമ്പ്യൻസ് ട്രോഫി മൽസരങ്ങളും നിഷ്പക്ഷ വേദിയിൽ നടത്തണമെന്നാണ് ഇന്ത്യൻ വാദം. എന്നാൽ ഈ നീക്കം പാക്കിസ്താനെ സാമ്പത്തികമായി തകർക്കുമെന്നാണ് പി.സി.ബി വ്യക്തമാക്കിയിരിക്കുന്നത്. ഇന്ത്യക്ക് ലാഹോറിൽ എല്ലാ സുരക്ഷിതത്വവും നൽകുമെന്നും അവർ ഉറപ്പ് നൽകുന്നു. എന്നാൽ പാക്കിസ്താൻ കാര്യത്തിൽ വിട്ടുവീഴ്ച്ചക്കില്ല എന്നാണ് ഇന്ത്യൻ നിലപാട്. ഇക്കാര്യം ഇന്ത്യ ഐ.സി.സി യോഗത്തിൽ അറിയിക്കും.

## എസ്.വൈ.എസ് പ്രബന്ധ രചനാ മത്സരം

മലപ്പുറം: മതേതരത്വം ഇന്ത്യയുടെ മതം എന്ന പ്രമേയത്തിൽ സുന്നി യുവജന സംഘം ഈസ്റ്റ് ജില്ലാ കമ്മിറ്റി ഓഗസ്റ്റ് 15ന് കൊണ്ടോട്ടിയിൽ സംഘടിപ്പിക്കുന്ന രാഷ്ട്ര രക്ഷാ സംഗമത്തിന്റെ ഭാഗമായി ദർസ്, അറബിക് കോളജ്, ആർട്സ് ആന്റ് സയൻസ് കോളജുകളിലെ ഡിഗ്രി, പി.ജി വിദ്യാർത്ഥികൾക്കായി പ്രമേയത്തിലത്തിഷ്ഠിതമായി പ്രബന്ധ രചനാ മത്സരം നടത്തും. ഡി.ടി.പി ചെയ്ത മാറ്ററുകൾ എ.ഫോർ ഫുൾസ്കോപ് 10 പേജിൽ കവിയരുത്. എൻട്രിയിൽ സ്ഥാപന മേധാവി ഒപ്പും സീലും വെച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എസ്.കെ.എസ്.എസ്.എഫ് ത്വലബാ വിങ്ങിന്റെയോ ഇല്ലാത്ത പക്ഷം എസ്.വൈ.എസ് പ്രാദേശിക ഘടകത്തിന്റെയോ സാക്ഷ്യപത്രം എൻട്രിക്കൊപ്പം വെക്കേണ്ടതാണ്. എൻട്രികൾ ഓഗസ്റ്റ് 5ന് മുമ്പ് 7902737790 എന്ന വാട്സ് നമ്പറിൽ അയക്കണം.

## കാലിക്കറ്റ് സർവകലാശാല പാർക്ക് അടച്ചിടും

തേഞ്ഞിപ്പലം:കനത്ത മഴ കാരണം കാലിക്കറ്റ് സർവകലാശാലാ പാർക്ക് ഇന്ന് മുതൽ ഒരാഴ്ചത്തേക്ക് അടച്ചിടുമെന്ന് പാർക്കിന്റെ ചുമതലയുള്ള ഡോ. മഞ്ജു സി. നായർ അറിയിച്ചു.

## എസ്.വൈ.എസ് രാഷ്ട്ര രക്ഷാ സംഗമം സംഘാടക സമിതി രൂപീകരണ കൺവൻഷൻ നാളെ

മലപ്പുറം: മതേതരത്വമാണ് ഇന്ത്യയുടെ മതം എന്ന പ്രമേയവുമായി സുന്നി യുവജന സംഘം ഈസ്റ്റ് ജില്ലാ കമ്മിറ്റി ഓഗസ്റ്റ് 15ന് വൈകീട്ട് 4 മണിക്ക് കൊണ്ടോട്ടിയിൽ സംഘടിപ്പിക്കുന്ന രാഷ്ട്ര രക്ഷാ സംഗമത്തിന്റെ വിജയത്തിന്നായി നാളെ വൈകീട്ട് 4 മണിക്ക് കൊണ്ടോട്ടി സുന്നി മഹലിൽ സംഘാടക സമിതി രൂപീകരണ കൺവൻഷൻ നടക്കും. സംസ്ഥാന സെക്രട്ടറി ഹംസ റഹ്മാനി കൊണ്ടിപറമ്പ് ഉദ്ഘാടനം ചെയ്യും. ജില്ലാ വൈ.പ്രസിഡന്റ് സയ്യിദ് ബി.എസ്.കെ തങ്ങൾ എടവണ്ണപ്പാറ അധ്യക്ഷനാകും. ജില്ലാ ജനറൽ സെക്രട്ടറി സലീം എടക്കര, സെക്രട്ടറിമാരായ ഹസൻ സഖാഫി പൂക്കോട്ടൂർ, നാസിറുദ്ദീൻ ദാരിമി ചീക്കോട്, കൊണ്ടോട്ടി മണ്ഡലം ജനറൽ സെക്രട്ടറി കെ.കെ.മുനീർ മാസ്റ്റർ മുണ്ടക്കുളം പ്രസംഗിക്കും.

പ്രാദേശിക വാർത്തകൾ

# താത്കാലിക പ്ലസ്‌വൺ ബാച്ചുകളുടെ പട്ടിക പുറത്തിറക്കി



മലപ്പുറം: ജില്ല ഒന്നിച്ചണിനിരന്ന സമര മുന്നേറ്റത്തിനൊടുവിൽ മലപ്പുറത്തിന് അനുവദിച്ച താത്കാലിക പ്ലസ് വൺ ബാച്ചുകളുടെ പട്ടിക പുറത്തിറക്കി. 74 സർക്കാർ സ്കൂളുകളിലായി 120 ഹയർസെക്കന്ററി താത്കാലിക ബാച്ചുകളാണ് അനുവദിച്ചത്. ഹ്യുമാനിറ്റീസ് കോമ്പിനേഷനിൽ 59 ബാച്ചുകളും കൊമേഴ്സ് കോമ്പിനേഷനിൽ 61 ബാച്ചുകളും അനുവദിച്ചാണ് ഉത്തരവ്. ഇതു പ്രകാരം ജില്ലയിൽ 7,200 പേർക്കാണ് സീറ്റു ലഭിക്കുക. ഹ്യൂമാനിറ്റീസിന് 3,540 സീറ്റുകളും കൊമേഴ്സിനു 3,660 സീറ്റുകളും ലഭ്യമാകും. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് കണക്കുപ്രകാരം ജില്ലയിൽ 9.882 പേരാണു പുറത്തുള്ളത്.

ഇവരിൽ 7200 പേർക്ക് സീറ്റു ലഭ്യമായതോടെ ബാക്കി 2,582 പേർ യാതൊരു പ്രതീക്ഷയുമില്ലാതെ പുറത്തു നിൽക്കേണ്ടി വരും. മൂന്നു സ്കൂളുകളിൽ ഒരു ഹ്യൂമാനിറ്റീസും രണ്ടു വീതം കൊമേഴ്സ് ബാച്ചുകളും 40 സ്കൂളുകളിൽ ഒരു ഹ്യൂമാനിറ്റീസ്, ഒരു കൊമേഴ്സ് ബാച്ച് വീതവും 16 സ്കൂളുകളിൽ ഓരോ ഹ്യുമാനിറ്റീസ് ബാച്ച് വീതവും 15 സ്കൂളുകളിൽ ഓരോ കൊമേഴ്സ് ബാച്ച് വീതവുമാണ് അനുവദിച്ചിട്ടുള്ളത്. ഈ വർഷത്തെ പ്രവേശന നടപടികൾ അവസാനിക്കുമ്പോൾ താത്കാലികമായി അനുവദിച്ച ബാച്ചിൽ മതിയായ വിദ്യാർഥികൾ പ്രവേശനം നേടിയിട്ടില്ലെങ്കിൽ ബാച്ച് റദ്ദാക്കുമെന്നാണ് ഉത്തരവിൽ പറയുന്നത്. ഇങ്ങനെ വന്നാൽ ആ ബാച്ചിൽ പ്രവേശനം നേടിയ വിദ്യാർഥികളെ അതേ സ്കൂളിലെ സമാന ബാച്ചിലോ, അല്ലെങ്കിൽ സമീപത്തുള്ള സ്കൂളുകളിലെ സമാന ബാച്ചിലേക്കോ മാറ്റാനാണ് തീരുമാനം. ജില്ലയിൽ പ്ലസ് വൺ ബാച്ച് അനുവദിച്ച കോഴ്സുകളുടെ കോഡും കോമ്പിനേഷനും: 11-ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, 37- ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, 38- ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, 39- ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

## ബാച്ച് അനുവദിച്ച സ്കൂളുകൾ, ബ്രാക്കറ്റിൽ കോഴ്സ് കോഡ്

കോട്ടപ്പടി ഗവ. ഗേൾസ്.എച്ച്.എസ്.എസ് -39, പാണ്ടിക്കാട് ഗവ. എച്ച്.എസ്.എസ്-38, മഞ്ചേരി ഗവ. ബോയ്സ് എച്ച്.എസ്.എസ്-11, ആരീക്കോട് ഗവ. എച്ച്.എസ്.എസ്- 11, പൂക്കോട്ടൂർ ഗവ. എച്ച്.എസ്.എസ്-11, മലപ്പുറം ഗവ. എച്ച്.എസ്.എസ്-11, 39, ഇരുമ്പുഴി ഗവ. എച്ച്.എസ്.എസ്-11, 39, എടവണ്ണ സീതി ഹാജി മെമ്മോറിയൽ ഗവ. എച്ച്.എസ്.എസ്-38, കീഴ്പറമ്പ് ഗവ. എച്ച്.എസ്.എസ്-11, പുല്ലാനൂർ ഗവ. എച്ച്.എസ്.എസ്-39, നെല്ലിക്കുത്ത് ഗവ. എച്ച്.എസ്.എസ് -11, കാരക്കുന്ന് ഗവ. എച്ച്.എസ്.എസ്. -11, 39, വാഴക്കാട് ഗവ. എച്ച്.എസ്.എസ്-39, കൊട്ടപ്പുറം ഗവ. എച്ച്.എസ്.എസ്- 39, കുഴിമണ്ണ ഗവ. എച്ച്.എസ്.എസ്-39, ഓമാനൂർ ഗവ. വി.എച്ച്.എസ്.എസ്-11, കൊണ്ടോട്ടി ഗവ. വി.എച്ച്.എസ്.എസ്-11, 38, അരിമ്പ്ര ഗവ. വി.എച്ച്.എസ്.എസ്-11, തടത്തിൽപറമ്പ് ഗവ. എച്ച്.എസ്.എസ്-11, ചുള്ളിക്കോട് ഗവ. എച്ച്.എസ്.എസ്-11, മുതുവല്ലൂർ ഗവ. എച്ച്.എസ്.എസ് -38, വണ്ടൂർ ഗവ. വി.എം.സി എച്ച്.എസ്.എസ്-11, മൂത്തേടത്ത് ഗവ. എച്ച്.എസ്.എസ്- 11, തിരുവാലി ഗവ. എച്ച്.എസ്.എസ് -11, നിലമ്പൂർ ഗവ. മാനവേദൻ എച്ച്.എസ്.എസ്-11, വണ്ടൂർ ഗവ. ഗേൾസ് എച്ച്.എസ്.എസ് -11, വാണിയമ്പലം ഗവ. എച്ച്.എസ്.എസ്- 39, പെരിന്തൽമണ്ണ ഗവ. എം.എച്ച്.എസ്.എസ്- 11, 39, കുന്നക്കാവ് ഗവ. എച്ച്.എസ്.എസ്-11, 39, പുലാമന്തോൾ ഗവ. എച്ച്.എസ്.എസ് -11, 39, മങ്കട ഗവ. എച്ച്.എസ്.എസ്-11, 39, ആനമങ്ങാട് ഗവ. എച്ച്.എസ്.എസ്. -39, പാങ്ങ് ഗവ. എച്ച്.എസ്.എസ്-11, വെട്ടത്തൂർ ഗവ. എച്ച്.എസ്.എസ് -11, 39, പട്ടിക്കാട് ഗവ. എച്ച്.എസ്.എസ്-11, 39, പെരിന്തൽമണ്ണ ഗേൾസ് എച്ച്.എസ്.എസ് -11, 39, കടുങ്ങപുരം ഗവ. എച്ച്.എസ്.എസ്-11, 39, ആലിപ്പറമ്പ് ഗവ. എച്ച്.എസ്.എസ്.-11, 39, മങ്കട ഗവ. എച്ച്.എസ്.എസ് -11, 39, മക്കരപ്പറമ്പ് ഗവ. വി.എച്ച്.എസ്.എസ്-11, 38, കോക്കൂർ ഗവ. എച്ച്.എസ്.എസ്-11, 39, മാറഞ്ചേരി ഗവ. എച്ച്.എസ്.എസ് -11, 38, എടപ്പാൾ ഗവ. എച്ച്.എസ്.എസ്-11, 39, കാടഞ്ചേരി ഗവ. എച്ച്.എസ്.എസ്-38, മൂക്കുതല പി.സി.എൻ ജി.എച്ച്.എസ്.എസ് -39, വെളിയങ്കോട് ഗവ. എച്ച്.എസ്.എസ്-38, പാലപ്പെട്ടി ഗവ. എച്ച്.എസ്.എസ്-38, തൃക്കാവ് ഗവ. എച്ച്.എസ്.എസ്-11, 39, തവനൂർ കേളപ്പൻ മെമ്മോറിയൽ ഗവ. വി.എച്ച്.എസ്.എസ്-11, തിരൂരങ്ങാടി ഗവ. എച്ച്.എസ്.എസ്-11, 39, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗവ. മോഡൽ എച്ച്.എസ്.എസ്-11, 39-(2), ഒതുക്കുങ്ങൽ ഗവ. എച്ച്.എസ്.എസ്- 11, 38, 39, പെരുവള്ളൂർ ഗവ. എച്ച്.എസ്.എസ് -11, 39, വേങ്ങര ഗവ. എച്ച്.എസ്.എസ്- 11, 38, 39, വേങ്ങര ഗവ. മോഡൽ വി.എച്ച്.എസ്.എസ്-39, പുതുപറമ്പ് ഗവ. എച്ച്.എസ്.എസ്-11, 39, താനൂർ ദേവധാർ ഗവ. എച്ച്.എസ്.എസ്-11, 39, തിരൂർ ഗവ. ബോയ്സ് എച്ച്.എസ്.എസ്-11, 38, കോട്ടക്കൽ ഗവ. രാജാസ് എച്ച്.എസ്.എസ്-11, 37, കാട്ടിലങ്ങാടി ഗവ. എച്ച്.എസ്.എസ്-11, 39, കുറ്റിപ്പുറം ഗവ. എച്ച്.എസ്.എസ് -11, 39, ചെറിയമുണ്ടം ഗവ. എച്ച്.എസ്.എസ്-11, 38, നിറമരുതൂർ ഗവ. എച്ച്.എസ്.എസ്-11, 39, ചെട്ടിയാംകിണർ ഗവ. എച്ച്.എസ്.എസ് -11, 39, പുറത്തൂർ ഗവ. എച്ച്.എസ്.എസ്-11, 39, ഏഴൂർ ഗവ. എച്ച്.എസ്.എസ്-11, 38, ബി.പി അങ്ങാടി ഗവ. ഗേൾസ് എച്ച്.എസ്.എസ്-11, 38, പറവണ്ണ ജി.വി.എച്ച്.എസ്.എസ് -11, 38, കൽപകഞ്ചേരി ഗവ. എച്ച്.എസ്.എസ്-11, 39, ഇരിമ്പിളിയം ഗവ. എച്ച്.എസ്.എസ്-11, 39, മാട്ടുമ്മൽ ഗവ. എച്ച്.എസ്.എസ്-11, 39, പേരശ്ശന്നൂർ ഗവ. എച്ച്.എസ്.എസ്-11, 39, താനൂർ ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ വി.എച്ച്.എസ്.എസ് -11, 39, പൊന്മുണ്ടം നോർത്ത് ഗവ. എച്ച്.എസ്.എസ്-11, 38.

### സ്കൂൾ, കോഴ്സ് കോമ്പിനേഷൻ മാറ്റത്തിന് അപേക്ഷ ക്ഷണിച്ചു

മലപ്പുറം പ്ലസ് വൺ മെറിറ്റ് ക്വോട്ടയിൽ പ്രവേശനം നേടിയവർക്ക് സ്കൂൾ, കോഴ്സ് കോമ്പിനേഷൻ മാറ്റത്തിന് അപേക്ഷ ക്ഷണിച്ചു. ജില്ലയിൽ 8,456 സീറ്റുകളാണുള്ളത്. ഒന്നാം ഓപ്ഷനിൽ പ്രവേശനം നേടിയവർ, ഭിന്നശേഷി വിഭാഗത്തിൽ അധിക തസ്തിക സൃഷ്ടിച്ചു പ്രവേശനം നേടിയവർ, സ്പോർട്സ്, കമ്മ്യൂണിറ്റി, മാനേജ്മെന്റ്, അൺഎയ്ഡഡ് ക്വോട്ടകളിൽ പ്രവേശനം നേടിയവരും സ്കൂൾ, കോമ്പിനേഷൻ മാറ്റത്തിന് അപേക്ഷിക്കാൻ പാടില്ല. ഒഴിവുകളുടെ പട്ടിക പരിശോധിച്ചു വേണം അപേക്ഷ നൽകാൻ. പ്രവേശനം ആഗ്രഹിക്കുന്ന സ്കൂൾ, കോഴ്സ് കോമ്പിനേഷൻ എന്നിവ മാത്രമേ ഓപ്ഷനായി നൽകാവൂ. മാറ്റം ലഭിച്ചു കഴിഞ്ഞാൽ നിർബന്ധമായും പുതിയ സ്കൂളിൽ പ്രവേശനം നേടണം. നാളെ ഉച്ചയ്ക്കു രണ്ടുവരെ അപേക്ഷ നൽകാം. ഇതിനു ശേഷമുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിനായി 22ന് ഉച്ചയ്ക്ക് ഒന്നിന് പ്രസിദ്ധീകരിക്കും. വെബ്സൈറ്റ്: www.hscap.kerala.gov.in

### ദേശീയപാത നിർമാണ പ്രവൃത്തിയിലെ പ്രശ്നങ്ങൾ

# സമദാനി എം.പി എൻ.എച്ച് പ്രൊജക്ട് ഡയരക്ടറുമായി ചർച്ച നടത്തി



പൊന്നാനി ലോക്സഭാ മണ്ഡലത്തിലെ നാഷണൽ ഹൈവേയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി എൻ.എച്ച് പ്രൊജക്ട് ഡയരക്ടർ അനുശൂൽ ശർമക്ക് നിവേദനം നൽകുന്നു

കോട്ടക്കൽ: നാഷണൽ ഹൈവേ നിർമാണവുമായി ബന്ധപ്പെട്ട് പൊന്നാനി ലോക്സഭാ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പ്രൊജക്ട് ഡയരക്ടർ അനുശൂൽ ശർമയുമായി ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി ചർച്ച നടത്തി. രണ്ടത്താണിയിൽ നാട്ടുകാർക്ക് ഇരുവശത്തേക്കും സഞ്ചരിക്കാൻ സാധിക്കും വിധം റോഡിന് കുറുകെ ആവശ്യമായ സംവിധാനമേർപ്പെടുത്തുക, റോഡ് നിർമാണത്തെത്തുടർന്ന് ഡ്രൈനേജ് സംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ ഉണ്ടായിട്ടുള്ള വെള്ളപ്പാച്ചിലും അതേത്തുടർന്ന് ജനങ്ങൾക്കുണ്ടായ ദുരിതവും പരിഹരിക്കുക, പുത്തനത്താണി ബസ്സ്റ്റാന്റിലേക്ക് വാഹനങ്ങൾക്ക് സുഗമമായി പ്രവേശിക്കാനാവുംവിധം പാലം വീതികൂട്ടുക, മേലേ കോഴിച്ചെനയിൽ റോഡിന് കുറുകെ സഞ്ചരിക്കാൻ ഒരു മാർഗവുമില്ലാത്തതിനാൽ അങ്ങാടിയിലും പരിസരത്തുമുള്ള ജനങ്ങൾ അനുഭവിക്കുന്ന പ്രയാസത്തിന് പരിഹാരമാവുംവിധം ഫൂട്ട് ഓവർബ്രിഡ്ജ് എങ്കിലും ഏർപ്പെടുത്തുക,കണ്ടകുറുമ്പക്കാവ് ഭഗവതി ക്ഷേത്രം, ചെറുവായ്ക്കര ശിവക്ഷേത്രം, വില്ലേജ് ഓഫീസ്, ആയുർവേദ ഡിസ്പൻസറി, എൽ.പി സ്കൂൾ തുടങ്ങിയവയൊക്കെ സ്ഥിതി ചെയ്യുന്ന ഈശ്വരമംഗലം പ്രദേശത്ത് മേൽപ്പാലം പണിയുക, പ്രധാനപ്പെട്ട പല വിദ്യാഭ്യാസ, വ്യാപാര സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന പുതുപൊന്നാനി സെന്ററിൽ അടിപ്പാത നിർമിക്കുക, കുറ്റിപ്പുറം, കഞ്ഞിപ്പുരയിൽ നിന്ന് കാടാമ്പുഴ റോഡിലേക്ക് സുഗമമായി വാഹനങ്ങൾ പ്രവേശിക്കുന്നതിനുള്ള സൗകര്യമൊരുക്കുക,ദേശീയപാത നിർമാണത്തിന്റെ ഭാഗമായി കലുങ്കുകളും ഡ്രൈനേജും ജനവാസ കേന്ദ്രങ്ങളിലേക്ക് തുറന്ന് വിടുന്നത് കാരണം പല പ്രദേശങ്ങളും കനത്ത മഴയിൽ വെള്ളം മൂടുന്ന സ്ഥിതിയായതിനാൽ ആവശ്യമായ ഡ്രൈനേജ് നിർമിച്ച് വെള്ളം തിരിച്ച് വിടാനുള്ള സംവിധാനമൊരുക്കുക,കുറ്റിപ്പുറത്തും മറ്റു ചില സ്ഥലങ്ങളിലും റോഡ് നിർമാണ പ്രവൃത്തിയുടെ പ്രത്യാഘാതമായി വീടുകൾക്കും കെട്ടിടങ്ങൾക്കും ഉണ്ടായ വിള്ളലുകളും മറ്റു ഗുരുതരമായ പ്രശ്നങ്ങളും സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക പൂർണമായും പരിഹരിച്ച് അവരുടെ വാസസ്ഥാനങ്ങൾ പുനർനിർമിക്കുകയും നിർബന്ധമായും നഷ്ടപരിഹാരം നൽകുകയും ചെയ്യുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കൊണ്ടുള്ള നിവേദനം സമദാനി പ്രൊജക്ട് ഡയറക്ടർക്ക് നൽകി.

ഹൈവെ നിർമാണത്തിന്റെ ഭാഗമായി പല പ്രാദേശിക റോഡുകളിൽ നിന്നും ഹൈവേയിലൂടെ സർവീസ് റോഡുകളിലേക്ക് പ്രവേശനം സാധ്യമാവാത്ത സ്ഥിതിയാണുള്ളത്. ഇതിന് പരിഹാരം കാണണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു. നിർമാണ പ്രവൃത്തിയിലെ സുരക്ഷാ വീഴ്ച്ചയെത്തുടർന്ന് വാഹനയാത്രക്കാർക്കും കാൽനടയാത്രക്കാർക്കും ചിലയിടങ്ങളിലുണ്ടായ അപകടങ്ങളും സമദാനി പി.ഡിയുടെ ശ്രദ്ധയിൽ പെടുത്തി.ശാസ്ത്രീയമായ സുരക്ഷാ സംവിധാനമേർപ്പെടുത്തി അത്തരം സംഭവങ്ങൾ ആവർത്തിക്കുകയില്ലെന്ന് ഉറപ്പ് വരുത്തണം. ഇൻഡിപെൻഡെന്റ് എഞ്ചിനീയർ ഷാജി എം,മുരളീധര റെഡ്ഡി, ഫണി കുമാർ, രാമകൃഷ്ണ റെഡ്ഡി, ഷേശുഎന്നിവരും പി.ഡി യോടൊപ്പം ചർച്ചയിൽ പങ്കെടുത്തു.



ഊരകം പഞ്ചായത്ത് മുസ്‌ലിംലീഗ് പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും നടപ്പാക്കുന്ന 'ചന്ദ്രിക അറിവിൻ തിളക്കം' പദ്ധതിയുടെ പഞ്ചായത്ത്തല ഉദ്ഘാടനം മർക്കസുൽ ഉലൂം ഹയർസെക്കന്ററി സ്കൂളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ സയ്യിദ് മൻസൂർ കോയ തങ്ങൾ നിർവഹിക്കുന്നു

## ഊരകം പഞ്ചായത്ത് മുസ്‌ലിംലീഗ് ചന്ദ്രിക 'അറിവിൻ തിളക്കം പദ്ധതി' ഉദ്ഘാടനം

ഊരകം: ഊരകം പഞ്ചായത്ത് മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും നടപ്പാക്കുന്ന 'ചന്ദ്രിക അറിവിൻ തിളക്കം' പദ്ധതിയുടെ പഞ്ചായത്ത്തല ഉദ്ഘാടനം മർക്കസുൽ ഉലൂം ഹയർ സെക്കന്ററി സ്കൂളിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ സയ്യിദ് മൻസൂർ കോയ തങ്ങൾ വേങ്ങര നിയോജ മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് പി.കെ അസ്‌ലുവിന്റെ സാന്നിധ്യത്തിൽ വിദ്യാർഥി പ്രതിനിധികൾക്ക് പത്രം നൽകി നിർവഹിച്ചു. പഞ്ചായത്ത് മുസ്‌ലിംലീഗ് പ്രസിഡന്റ് കെ.ടി അബ്ദുസ്സമദ് അധ്യക്ഷനായി.മൻസൂർ തമ്മാഞ്ചേരി,മുള്ളൻ കുഞ്ഞാപ, എം. കെ മുഹമ്മദ് മാസ്റ്റർ സ്പോൺസർ മാട്ടറ മുഹമ്മദ് കുഞ്ഞ,പി.ടി.എ ഭാരവാഹികളായ ഹാരിസ് വേരേങ്ങൽ, വി.കെ ഉമ്മർ ഹാജി,വാർഡ് ഭാരവാഹികളായ എം.കെ റിയാസ് അബ്ദുലത്തീഫ് (കുട്ടി) കെ.ടി അബൂബക്കർ,ഹെഡ്മാസ്റ്റർ കെ.അബ്ദു റഷീദ് മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി ഇ.ടി മുനീർ മാസ്റ്റർ പ്രസംഗിച്ചു.

## നിയന്ത്രണംവിട്ട സ്കൂൾ വാൻ താഴ്ചയിലേക്ക് മറിഞ്ഞ് വിദ്യാർഥികളടക്കം 13 പേർക്ക് പരിക്ക്



താഴ്ചയിലേക്ക് മറിഞ്ഞ സ്കൂൾ വാൻ

കൊണ്ടോട്ടി: നിയന്ത്രണം വിട്ട സ്കൂൾ വാൻ താഴ്ചയിലേക്ക് മറിഞ്ഞു 11 വിദ്യാർഥികൾക്കും ഡ്രൈവർക്കും അധ്യാപികയ്ക്കും പരുക്ക്. മുസ്‌ലിയാരങ്ങാടി ഒഴുകൂർ കുന്നക്കാട് രാവിലെ 9 മണിയോടെയാണ് അപകടം. ആരുടെയും പരിക്ക് സാരമല്ല. ഒഴുകൂർ കുമ്പളപറമ്പ് എ.ബി.സി സ്കൂളിന്റെ വാനാണ് അപകടത്തിൽപെട്ടത്. വിദ്യാർഥികളെയും കൊണ്ട് സ്കൂളിലേക്ക് പോകുമ്പോൾ റോഡിന്റെ വശത്തുള്ള താഴ്ചയിലേക്ക് തലകീഴായി മറിയുകയായിരുന്നു. എൽ.കെ.ജി മുതൽ രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികളാണ് അപകടത്തിൽപെട്ടത്. ശബ്ദംകേട്ട് ഓടിക്കൂടിയ നാട്ടുകാർ ഉടൻ രക്ഷാപ്രവർത്തനം നടത്തി. അധ്യാപിക റഹീസ, വാനിലെ ഡ്രൈവർ മരക്കാർ, വിദ്യാർഥികളായ ഹയ മെഹറിൻ, അയാറിൻ, ആയിഷ മെഹറിൻ, മുഹമ്മദ് അഫ്‌ലഹ്, മുഹമ്മദ് കിടാഷ്, കെ.വി.മിൻഹ, അയിസ സുലൈഖ, അമ്പാടി, മുഹമ്മദ് ഇസ്ഹാൻ, ആയിഷ, ഫൈഹദുവ എന്നിവർക്കാണ് നിസാര പരിക്കേറ്റത്. കൊണ്ടോട്ടി പൊലീസും സ്ഥലത്തെത്തി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി.

## ദാറുൽ ഹുദാ പ്രവർത്തന ഫണ്ട് ശേഖരണം വിജയിപ്പിക്കുക – പാണക്കാട് ഖാസി ഫൗണ്ടേഷൻ

മലപ്പുറം: സുന്നി മഹല്ല് ഫെഡറേഷൻ ജില്ലാ കമ്മിറ്റിയുടെ ആഹ്വാനപ്രകാരം നാളെ ജില്ലയിലെ ജുമഅത്ത് പള്ളികളിൽ നടക്കുന്ന ദാറുൽ ഹുദാ ഫണ്ട് ശേഖരണം പാണക്കാട് സാദാത്തുക്കൾ ഖാസിമാരായ മഹല്ലുകളിൽ വൻ വിജയകരമാക്കണമെന്ന് പാണക്കാട് ഖാസി ഫൗണ്ടേഷൻ ജില്ലാ സമിതി അറിയിച്ചു. കേരളത്തിനകത്തും കേരളേതര സംസ്ഥാനങ്ങളിലും മതഭൗതിക സമന്വയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചും ദീനീ ദഅ്വാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയും മലപ്പുറം ജില്ലയിലെ 1300 ലധികം വരുന്ന മഹല്ലുകളിൽ മഹല്ല് ശാക്തീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയും ഏറെ പ്രശംസനീയമായ കാര്യങ്ങളാണ് ചെമ്മാട് ദാറുൽ ഹുദാ കേന്ദ്രീകരിച്ച് നടന്ന് വരുന്നത്. എല്ലാവർഷവും മുഹറം പത്തിന് ശേഷമുള്ള ആദ്യത്തെ വെള്ളിയാഴ്ച്ച ദാറുൽ ഹുദാ ഫണ്ട് ശേഖരണം നടത്താൻ എസ്.എം.എഫ് മലപ്പുറം ജില്ലാ കമ്മിറ്റി തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നാളെ നടക്കുന്ന ഫണ്ട് ശേഖരണം വിജയിപ്പിക്കണമെന്ന് സുന്നിൽ മഹലിൽ ചേർന്ന പാണക്കാട് ഖാസി ഫൗണ്ടേഷൻ ജില്ലാ നേതൃസംഗമം ഖതീബ്, മഹല്ല് ഭാരവാഹികൾ എന്നിവരോട് അഭ്യർത്ഥിച്ചു. എസ്.എം.എഫ് ജില്ലാ പ്രസിഡന്റും ഖാസി ഫൗണ്ടേഷൻ ജില്ലാ ചെയർമാനുമായ സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ അധ്യക്ഷനായി.

### ട്രെയിൻ യാത്രാ ദുരിതം: കേന്ദ്ര അവഗണനക്കെതിരെ

# യൂത്ത്‌ലീഗ് റെയിൽ സമരം 20ന് തിരൂരിൽ

മലപ്പുറം: ട്രെയിൻ യാത്രാ ദുരിതവുമായി ബന്ധപ്പെട്ട് കേന്ദ്ര അവഗണനക്കെതിരെ മുസ്‌ലിം യൂത്ത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ റെയിൽ സമരം 20ന് വൈകുന്നേരം 4 മണിക്ക് തിരൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തു നടക്കും. പുതിയ തീവണ്ടികൾ അനുവദിക്കുക, ദീർഘദൂര ലൈനുകളിൽ സ്ലീപ്പർ, സെക്കന്റ് ക്ലാസ് കോച്ചുകൾ വർധിപ്പിക്കുക, മെമു ട്രെയിനുകളുടെ എണ്ണം വർധിപ്പിക്കുക, വന്ദേഭാരതിനായി മറ്റു ട്രെയിനുകൾ പിടിച്ചിടുന്നത് അവസാനിപ്പിക്കുക, ടിക്കറ്റ് കൊള്ളക്ക് പരിഹാരം കാണുക, യഥാസമയം അറ്റകുറ്റ പണികളും നവീകരണവും നടത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് റെയിൽ സമരം. ഇത് സംബന്ധമായി ചേർന്ന ജില്ലാ പ്രവർത്തക സമിതി മീറ്റ് യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറിയും ജില്ലാ നിരീക്ഷകനുമായ ഗഫൂർ കോൽകളത്തിൽ ഉദ്ഘാടനം ചെയ്തു. പ്രവർത്തകസമിതി യോഗത്തിൽ ജില്ലാ പ്രസിഡന്റ് ശരീഫ് കുറ്റൂർ അധ്യക്ഷനായി. ജില്ലാ ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ് സംഘടനാ കാര്യങ്ങൾ വിശദീകരിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റ് മുജീബ് കാടേരി, ജില്ലാ ട്രഷറർ ബാവ വിസപ്പടി, ജില്ലാ സീനിയർ വൈസ് പ്രസിഡന്റ് ഗുലാം ഹസ്സൻ ആലംഗീർ, വൈസ് പ്രസിഡന്റ് എൻ.കെ അഫ്സൽ റഹ്മാൻ, സെക്രട്ടറിമാരായ ടി.പി ഹാരിസ്, സി അസീസ്, ശരീഫ് വടക്കയിൽ, ടി.വി അബ്ദുറഹ്മാൻ, യൂസുഫ് വല്ലാഞ്ചിറ, നിസാജ് എടപ്പറ്റ പ്രസംഗിച്ചു.

പ്രവർത്തകസമിതി അംഗങ്ങളായ എ.പി ഷരീഫ്, ശാഫി കാടേങ്ങൽ, സൈജൽ ആമയൂർ, വി.എം സജറുദ്ദീൻ മൊയ്ദു, എം.ടി റാഫി, അനീസ് വെള്ളില, സിദ്ദീഖ് വാഫി, കെ.എം ഫത്താഹ്, ടി ഷാജഹാൻ, പി.എം സാലിം, സി.എ ബഷീർ, എ.പി സബാഹ്, കെ.കെ റിയാസ്,യൂസുഫ് ആര്യൻതൊടിക,ശറഫുദ്ദീൻ കൊടക്കാടൻ, കെ.പി ലുക്മാൻ, പി.കെ ജംഷീദ് മൂത്തേടം, വി.പി.എ റഷീദ്, സിറാജ് പത്തിൽ, നൗഷാദ് ചെറിയമുണ്ടം, അനീസ് ഒ.കെ കൂറാട്, ഫെബിൻ കളപ്പാടൻ, സി.കെ അഷ്റഫ്, അനീസ് കൂരിയാടൻ, നൗഷാദ് പുളിക്കൽ, കബീർ മുതുപറമ്പ് ചർച്ചയിൽ പങ്കെടുത്തു.

## പൊന്നാനിയിൽ സ്കൂൾ ബസിന് തീ പിടിച്ചു, ഒഴിവായത് വൻ ദുരന്തം




പൊന്നാനിയിൽ സ്പെഷൽ സ്കൂളിന്റെ ബസിന് തീപിടിച്ചപ്പോൾ അണക്കാൻ ശ്രമിക്കുന്ന ഡ്രൈവർ

പൊന്നാനി: സ്പെഷൽ സ്കൂളിലെ വിദ്യാർഥികളുമായി പോവുകയായിരുന്ന ബസിന് തീ പിടിച്ചത് പരിഭ്രാന്തി പരത്തി. ഡ്രൈവറുടെ അവസരോചിതമായ ഇടപെടലിൽ വൻ ദുരന്തം ഒഴിവായി. ഭിന്നശേഷിക്കാരായ വിദ്യാർഥികളാണ് ബസിലുണ്ടായിരുന്നത്. ഇന്നലെ രാവിലെ 9.30 ഓടെയാണ് അപകടം. പൊന്നാനി നഗരസഭക്ക് കീഴിലുള്ള കടവനാട് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലേക്ക് വീടുകളിൽ നിന്ന് കുട്ടികളെ കയറ്റി പോകുന്നതിനിടെ ചമ്രവട്ടം ജങ്ഷൻ അലങ്കാർ തീയേറ്ററിന് സമീപം ദേശീയ പാതക്കരികിൽ വെച്ചാണ് ബസിന്റെ എഞ്ചിന് തീപിടിച്ചത്.

ബോണറ്റിൽ നിന്ന് പുക ഉയരുന്നത് ശ്രദ്ധയിൽപ്പെട്ട ഡ്രൈവർ വാഹനം നിർത്തി ബോണറ്റ് തുറന്നപ്പോൾ തീ കത്തുന്നത് കണ്ടു. ഉടൻ തന്നെ ബസിലുണ്ടായിരുന്ന വിദ്യാർഥികളെ ബസിലെ സഹായിയുമായി ചേർന്ന് പുറത്തേക്കിറിക്കി. ഉടൻ തന്നെ വാഹനം ഓഫ് ചെയ്ത് ബാറ്ററി കണക്ഷൻ വേർപ്പെടുത്തി ഫയർ എക്സ്റ്റിങ്ഗഷർ ഉപയോഗിച്ച് തീയണയ്ക്കാൻ ശ്രമിച്ചു. ഡീസൽ ടാങ്ക് ഭാഗത്തെ വയർ ഷോർട്ടായതാണ് തീ പിടിക്കാൻ കാരണം. ഡ്രൈവർ അക്ബർ, ട്രോമാകെയർ വളണ്ടിയർ അഷ്കർ എന്നിവർ ചേർന്ന് രക്ഷാപ്രവർത്തനം നടത്തി. പൊന്നാനി ഫയർ ഫോഴ്സ്, പൊലീസ്, നാട്ടുകാർ, നഗരസഭ അധികൃതർ എന്നിവർ സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. വാഹനത്തിലുണ്ടായിരുന്ന ഫയർ എക്സ്റ്റിങ്ഗഷർ ഉപയോഗിച്ചതിനാൽ വലിയ അപകടമാണ് ഒഴിവായത്.

## ജോയിയുടെ അമ്മക്ക് 10 ലക്ഷം ധനസഹായം

തിരുവനന്തപുരം: ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടെ അപകടത്തിൽ മരിച്ച ജോയിയുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ 10 ലക്ഷം രൂപ ധനസഹായം നൽകും. ജോയിയുടെ അമ്മയ്ക്കാണ് പണം അനുവദിച്ചത്. ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. ദുരിതാശ്വാസ നിധിയിൽ നിന്നാണ് തുക അനുവദിച്ചത്. ജോയിയുടെ അമ്മക്ക് വീടു നിർമിച്ചു നൽകാൻ തിരുവനന്തപുരം നഗരസഭയും തീരുമാനിച്ചു. ഇക്കാര്യം സർക്കാരിനെ അറിയിക്കുമെന്ന് മേയർ ആര്യാ രാജേന്ദ്രൻ അറിയിച്ചു. തമ്പാനൂർ ഭാഗത്തെ ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിലാണ് ഒഴുക്കിൽപ്പെട്ട് ജോയ് മരണമടഞ്ഞത്.



*നെ*ടുമ്പാശേരി വിമാനത്താവളം എന്നു പറയുമ്പോൾ കെ. കരുണാകരന്റെ പേരു പറയുന്നതു പോലെ വിഴിഞ്ഞം എന്നു കേൾക്കുമ്പോൾ ജനങ്ങൾ ഉമ്മൻ ചാണ്ടിയെ ഓർക്കും. ഏറെ ശ്രദ്ധയോടെയാണ് ഉമ്മൻ ചാണ്ടി വിഴിഞ്ഞത്തെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. നിർമാണം തുടങ്ങുന്ന അന്നു മാത്രമേ തറക്കല്ലിടാൻ വരികയുള്ളൂ എന്ന് ഉമ്മൻ ചാണ്ടിയാണ് നിർദേശം വച്ചത്. അങ്ങനെ തറക്കല്ലിട്ട ദിവസം മുതൽ തന്നെ നിർമാണം ആരംഭിച്ചിരുന്നു. പിന്നീട് വന്ന സർക്കാരിന്റെ അലംഭാവം മൂലമാണു പദ്ധതി വൈകിയത്. അല്ലെങ്കിൽ ഇപ്പോൾ തുറമുഖ പ്രവർത്തനം പൂർണ തോതിലാകുമായിരുന്നു.

–കെ. മുരളീധരൻ

*പാ*ലക്കാട് റെയിൽവേ ഡിവിഷൻ വിഭജിക്കാനുള്ള തീരുമാനത്തിന് പിന്നിൽ ദുരൂഹതയുണ്ട്. സംസ്ഥാനത്തോട് പോലും കൂടിയാലോചിച്ചില്ല. കേന്ദ്ര സർക്കാരിന്റെ തീരുമാനം കർണാടകയിലെ ലോബിയെ സഹായിക്കാനാണ്. നിലവിലുള്ള തീരുമാനം മലയാളികളോട് കാണിക്കുന്ന ക്രൂരതയാണ്. പാലക്കാടിന് മംഗളുരുവിലുള്ള നിയന്ത്രണം നഷ്ടമായാൽ അത് ഡിവിഷന് വലിയ സാമ്പത്തിക നഷ്ടം വരുത്തി വയ്ക്കും. സ്വതന്ത്രമായി നിലനിൽക്കുന്ന കൊങ്കൺ കോർപ്പറേഷൻ ഇപ്പോൾത്തന്നെ നഷ്ടത്തിലാണ്.

–വി.കെ ശ്രീകണ്ഠൻ



## കേരള വാർത്തകൾ

# രാജുവിന്റെ മൃതദേഹവുമായി ദേശീയപാത ഉപരോധിച്ചു

## മന്ത്രി എ.കെ ശശീന്ദ്രനെ തടഞ്ഞു



രാജുവിന്റെ മൃതദേഹം വഹിച്ചുകൊണ്ടുള്ള ആംബുലൻസ് ദേശീയപാതയിൽ നിർത്തിയിട്ട് റോഡ് ഉപരോധിക്കുന്നു

കൽപ്പറ്റ: കാട്ടാനയുടെ ആക്രമണത്താൽ കൊല്ലപ്പെട്ട കല്ലൂർ മാറോട് സ്വദേശി രാജുവിന്റെ വീട് സന്ദർശിക്കാനെത്തിയ വനംമന്ത്രി എ കെ ശശീന്ദ്രനെതിരെ നാട്ടുകാരുടെ ശക്തമായ പ്രതിഷേധം. രാജുവിന്റെ മൃതദേഹവും വഹിച്ച് എത്തിയ ആംബുലൻസ് ദേശീയപാതയിൽ തടഞ്ഞ് നാട്ടുകാർ റോഡ് ഉപരോധിച്ചു. കടുത്ത പ്രതിഷേധങ്ങൾക്കിടയിലാണ് സംസ്ഥാന പട്ടികവർഗ മന്ത്രി ഒ ആർ കേളുവും വനംമന്ത്രി എ കെ ശശീന്ദ്രനും രാജുവിന്റെ വീട്ടിലെത്തി കുടുംബാംഗങ്ങളെ കണ്ടത്. ഇന്നലെ രാവിലെ മന്ത്രി ഒ ആർ കേളുവാണ് രാജുവിന്റെ വീട്ടിലേക്ക് ആദ്യമെത്തിയത്. രോക്ഷാകുലരായ ജനങ്ങൾ കല്ലൂരിൽ അദ്ദേഹത്തെ തടഞ്ഞു. പ്രതിഷേധത്തിന് ശേഷം വണ്ടി കടന്ന് പോകാൻ അനുവദിക്കുകയായിരുന്നു.

ഉച്ചക്ക് ശേഷം രണ്ടരയോടെ മന്ത്രി എ കെ ശശീന്ദ്രൻഎത്തിയതോടെയാണ് പ്രതിഷേധം ശക്തമായത്. മൃതദേഹം കണ്ട് വീട്ടിൽ നിന്ന് പുറത്തിറങ്ങിയ മന്ത്രിക്ക് മുന്നിൽ പുറത്ത് കൂടിനിന്നിരുന്നവർ പ്രതിഷേധ സ്വരവുമായി എത്തുകയായിരുന്നു. തങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണാൻ വകുപ്പ് തയ്യാറാകണം. പറയുന്ന വാക്കുകൾ നടപ്പിലാക്കാൻ ഇനിയെങ്കിലും വനം വകുപ്പ് തയ്യാറാകണം. ജീവനും സ്വത്തിനും സംരക്ഷണം നൽകണം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിഷേധക്കാർ മന്ത്രിയെ തടഞ്ഞത്. വനംവകുപ്പിന്റെ ഭാഗത്ത് നിന്ന് കർഷകരെ സംരക്ഷിക്കാൻ യാതൊരു നടപടികളും ഉണ്ടാകുന്നില്ലെന്നും പ്രതിഷേധക്കാർ പറഞ്ഞു. എല്ലാത്തിനും പരിഹാരം ഉണ്ടാക്കാമെന്നും ശല്യക്കാരനായ കാട്ടാനയെ പിടികൂടുമെന്നും മന്ത്രി ഉറപ്പ് നൽകിയതോടെയാണ് അദ്ദേഹത്തെ പോകാൻ അനുവദിച്ചത്.

രാജുവിന്റെ മൃതദേഹവുമായെത്തിയ ആംബുലൻസ് രണ്ടേമുക്കാൽ മണിക്കൂറാണ് നാട്ടുകാർ ദേശീയപാതയിൽ തടഞ്ഞിട്ടത്. കനത്ത മഴക്കിടെ നടന്ന ഉപരോധം മന്ത്രി ഒ ആർ കേളുവിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥന്മാരും വിവിധ രാഷ്ട്രീയകക്ഷി നേതാക്കളും രാജുവിന്റെ കുടുംബക്കാരുമായി നടത്തിയ ചർച്ചയെ തുടർന്ന് അവസാനിക്കുകയായിരുന്നു. കുടുംബം ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിച്ച ശേഷമാണ് സമരം അവസാനിച്ചത്.

## കെ.എം ബഷീർ കൊലപാതകം: പ്രതി ശ്രീറാം വെങ്കിട്ടരാമൻ ഇന്ന് കോടതിയിൽ ഹാജരാകണം

തിരുവനന്തപുരം: മാധ്യമപ്രവർത്തകനായ കെ.എം ബഷീറിനെ വാഹനം ഇടിച്ചു കൊലപ്പെടുത്തിയ കേസിൽ പ്രതി ശ്രീറാം വെങ്കിട്ടരാമൻ ഇന്ന് തിരുവനന്തപുരം ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതിയിൽ ഹാജരാകണം. തനിക്കെതിരായ കുറ്റം ചുമത്തൽ സംബന്ധിച്ച് വാദം ബോധിപ്പിക്കാൻ സമയം തേടിയതിനെത്തുടർന്ന് കോടതി ഇന്ന് വരെ ശ്രീറാമിന് സമയം അനുവദിച്ചിരുന്നു. ഇന്ന് കോടതിയിൽ ഹാജരായി വാദം ബോധിപ്പിക്കാനും കഴിഞ്ഞ ജൂൺ ആറിന് കേസ് പരിഗണിച്ചപ്പോൾ കോടതി നിർദേശിച്ചിരുന്നു. കേസ് വൈകിപ്പിക്കുന്നതിനായി ശ്രീറാം മൂന്ന് തവണയാണ് വാദം ബോധിപ്പിക്കാൻ സമയം തേടിയത്. കഴിഞ്ഞ ജൂൺ ആറിനും മാർച്ച് 30നും കഴിഞ്ഞ വർഷം ഡിസംബർ 11നും കേസ് പരിഗണിച്ചപ്പോഴായിരുന്നു പ്രതി സമയം തേടിയത്. തിരുവനന്തപുരം ഒന്നാം അഡീ. ജില്ലാ സെഷൻസ് കോടതി ജഡ്ജി കെ പി അനിൽകുമാറാണ് കേസ് പരിഗണിക്കുന്നത്. കേസിൽ കുറ്റവിമുക്തനാക്കണമെന്നാവശ്യപ്പെട്ട് റിവിഷൻ ഹർജിയുമായി ചെന്ന ശ്രീറാമിന് സുപ്രീംകോടതിയിൽ നിന്ന് കനത്ത തിരിച്ചടി ഉണ്ടായ സാഹചര്യത്തിലാണ് പ്രതിയെ വിചാരണക്കായി തിരുവനന്തപുരം ഒന്നാം അഡീ. ജില്ലാ സെഷൻസ് കോടതി വിളിച്ചു വരുത്തുന്നത്. 2023 ഓഗസ്റ്റ് 25 നാണ് കേസിൽ വിചാരണ നേരിടണമെന്ന് ഉത്തരവിട്ട് സുപ്രീം കോടതി ശ്രീറാം വെങ്കിട്ടരാമന്റെ റിവിഷൻ ഹർജി തിരസ്കരിച്ചത്. നരഹത്യ കേസ് നിലനിൽക്കില്ലെന്ന പ്രതിയുടെ വാദം തള്ളിക്കൊണ്ടായിരുന്നു സുപ്രീംകോടതിയുടെ ഇടപെടൽ. സമാനമായ നിലപാട് നേരത്തെ ഹൈക്കോടതിയും സ്വീകരിച്ചിരുന്നു. കേസിൽ നരഹത്യ, തെളിവ് നശിപ്പിക്കൽ കുറ്റങ്ങൾ പുനഃസ്ഥാപിച്ച ഹൈക്കോടതി വിധിക്കെതിരെയായിരുന്നു ശ്രീറാം വെങ്കിട്ടരാമൻ സുപ്രീം കോടതിയെ സമീപിച്ചത്. നരഹത്യാക്കുറ്റം നിലനിൽക്കുമോയെന്നത് വിചാരണയിലാണ് വ്യക്തമാകേണ്ടതെന്ന് ചൂണ്ടിക്കാട്ടിയാണ് സുപ്രീംകോടതി ഹൈക്കോടതിയുടെ നിലപാട് ശരിവെച്ചത്. ഇതോടെയാണ് നരഹത്യ കുറ്റത്തിന് ശ്രീറാം വെങ്കിട്ടരാമൻ വിചാരണ നേരിടാൻ സാഹചര്യം ഒരുങ്ങിയത്. 2019 ഓഗസ്റ്റ് മൂന്ന് പുലർച്ചെയായിരുന്നു ശ്രീറാം വെങ്കിട്ടരാമൻ അമിതമായി മദ്യപിച്ച് ഓടിച്ച വാഹനം ഇടിച്ച് കെ.എം ബഷീറിനെ കൊല്ലപ്പെടുത്തിയത്.



എം.എസ്.എഫ് ഹരിത സംസ്ഥാന കമ്മിറ്റിയുടെ ദ്വിദിന ക്യാമ്പ് 'ഒപ്പരം' സമാപന സമ്മേളനം മുസ്‌ലിം ലീഗ് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി ഉദ്ഘാടനം ചെയ്യുന്നു

# പൊതു തിരഞ്ഞെടുപ്പ് ഫലം മതേതര വിശ്വാസികൾക്ക് ആശ്വാസം പകരുന്നത്: ഇ.ടി

## എം.എസ്.എഫ് ഹരിത സംസ്ഥാന നേതൃ ക്യാമ്പ് സമാപിച്ചു

പുലാമന്തോൾ (മലപ്പുറം): കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പ് ഫലം മതേതര വിശ്വാസികൾക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണെന്ന് മുസ്‌ലിം ലീഗ് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി. ന്യൂനപക്ഷ-ദലിത് വിഭാഗങ്ങൾ പൊതു തിരഞ്ഞെടുപ്പിനെ ഭീതിയോടെയാണ് നോക്കി കണ്ടത്. പക്ഷേ, ഫാസിസ്റ്റു ഭരണ കൂടത്തിന്റെ അഹങ്കാരത്തിന് വലിയ തിരിച്ചടിയാണ് ജനം നൽകിയതെന്നും ഇ.ടി കൂട്ടിച്ചേർത്തു.

എം.എസ്.എഫ് ഹരിത സംസ്ഥാന കമ്മിറ്റിയുടെ ദ്വിദിന ക്യാമ്പ് 'ഒപ്പരം' സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുലാമന്തോൾ എമറാൾഡ് റിസോർട്ടിൽ രണ്ട് ദിവസം നീണ്ടുനിന്ന ക്യാമ്പിൽ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥിനികൾ പങ്കെടുത്തു. എം.എസ്.എഫ് മെമ്പർഷിപ്പ് ക്യാമ്പയിനിന്റെ ഭാഗമായി ഹരിത സംസ്ഥാന സമ്മേളനം പ്രഖ്യാപനം നടത്തി. സമ്മേളനത്തിന്റെ ഭാഗമായി കേരളത്തിലെ ക്യാമ്പസുകളിൽ പര്യടനം നടത്തും. നജീബ് കാന്തപുരം എം.എൽ.എ മുഖ്യാഥിതിയായി. ഹരിത സംസ്ഥാന ചെയർപേഴ്സൺ ഷഹീദ റാഷിദ് അധ്യക്ഷത വഹിച്ചു. വനിതാ ലീഗ് സംസ്ഥാന അധ്യക്ഷ സുഹറ മമ്പാട്, മണ്ഡലം പ്രസിഡന്റ് മൈമൂന, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് റഫീഖ, ഡോ. ഫാത്തിമ അസ്‌ല, പെരിന്തൽമണ്ണ നിയോജക മണ്ഡലം എം.എസ്.എഫ് പ്രസിഡന്റ് ആദിൽ ഇടുവമ്മൽ, ജനറൽ സെക്രട്ടറി സൽമാൻ ഒടമല, യാസിർ, ലബീബ്, അബ്ദു, ആയിഷ മറിയം, അഖീല ഫർസാന സംസാരിച്ചു. ഹരിത സംസ്ഥാന ജനറൽ കൺവീനർ അഫ്ഷീല ഷഫീഖ് സ്വാഗതവും സംസ്ഥാന ട്രഷറർ നയന സുരേഷ് നന്ദിയും പറഞ്ഞു.

# അടങ്ങാതെ വിവാദം, ആസിഫ് അലിക്ക് പിന്തുണയുമായി കൂടുതൽ പേർ
# രമേശ് നാരായണൻ പക്വതയില്ലാതെ പെരുമാറിയെന്ന് ഫെഫ്ക

കൊച്ചി: നടൻ ആസിഫ് അലിയിൽ നിന്ന് പുരസ്കാരം സ്വീകരിക്കാൻ അനിഷ്ടം കാണിച്ച സംഗീതസംവിധായകൻ പണ്ഡിറ്റ് രമേശ് നാരായണനെതിരെ സിനിമാ മേഖലയിലും സോഷ്യൽ മീഡിയയിലും കടുത്ത പ്രതിഷേധം തുടരുകയാണ്. ആസിഫ് അലിക്ക് പിന്തുണ നൽകി കൂടുതൽ താരങ്ങളും രാഷ്ട്രീയപ്രവർത്തകരുമെല്ലാം രംഗത്തെത്തി.

രമേഷ് നാരായണന്റെ പ്രവൃത്തിയെ തള്ളിപ്പറഞ്ഞ് സിനിമയിലെ സാങ്കേതിക പ്രവർത്തകരുടെ സംഘടനയായ ഫെഫ്ക രംഗത്തെത്തി. രമേശ് നാരായണനെപ്പോലെ ഒരു കലാകാരൻ കുറച്ചുകൂടി പക്വത കാണിക്കണമായിരുന്നെന്ന് ഫെഫ്ക അധ്യക്ഷൻ ബി.ഉണ്ണികൃഷ്ണൻ പറഞ്ഞു. പുരസ്കാരത്തോടും അത് തരുന്ന ആളോടും വിനയത്തോടെ ഒരു കലാകാരൻ പെരുമാറണം.രമേഷ് നാരായണന്റെ പ്രവൃത്തി ആസിഫ് അലി എന്ന കലാകാരന് മാത്രമല്ല പൊതുസമൂഹത്തിലും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കി. അതേ സമയം രമേഷ് നാരായണൻ പൊതുസമൂഹത്തോട് ക്ഷമാപണം നടത്തിയത് ഉചിതമായെന്നും അദ്ദേഹം പറഞ്ഞു.

എന്ത് കാരണം കൊണ്ടാണെങ്കിലും രമേശ് നാരായൺ ചെയ്തത് വളരെ മോശമായിപ്പോയെന്ന് നിർമാതാവും നടിയുമായ ഷീലു എബ്രഹാം പറഞ്ഞു. ആസിഫ് അലി കൊടുത്ത അതെ മൊമെന്റോ രമേശ് നാരായൺ ആവശ്യപ്പെട്ടതനുസരിച്ച് പോതുവേദിയിൽ വച്ചു വാങ്ങി അദ്ദേഹത്തിന് നൽകിയ സംവിധായകൻ ജയരാജ് ചെയ്തതും മോശമാണെന്ന് ഷീലു വിമർശിച്ചു. രമേശ് നാരായണ് ഇല്ലാതെ പോയ വകതിരിവ് ജയരാജിന് എങ്കിലും ഉണ്ടാവേണ്ടതായിരുന്നു. വെറുപ്പ് തോന്നുന്നു എന്നും ഷീലു പറഞ്ഞു.

അടുത്ത കാലത്ത് മുംബൈ എയർപോർട്ടിൽ വെച്ചാണ് താൻ ആസിഫിനെ പരിചയപ്പെടുന്നത്. ഏറ്റവും കൂടുതൽ എളിമയും വിനയവും മര്യാദയും അറിയാവുന്ന ഒരു വ്യക്തിയെ ആണ് അന്ന് ഞാൻ അവിടെ കണ്ടത്. തന്നോട് മാത്രമല്ല എയർപോർട്ടിൽ ആരാധകരോടും ബാക്കിയുള്ള എല്ലാവരോടും അദ്ദേഹം പെരുമാറുന്നത് കണ്ടു ഞാൻ അത്ഭുതത്തോടെ നോക്കി നിന്നു . ഇങ്ങനെയുള്ള വ്യക്തിക്കേറ്റ അപമാനമായതിനാലാണ് താൻ പ്രതികരിച്ചതെന്നും ഷീലു എബ്രഹാം പറഞ്ഞു. 'പോട്ടെടാ ചെക്കാ, വിട്ടുകള... വിഷമം ഉണ്ടായിട്ടുണ്ടേൽ നിന്റെയൊപ്പം ഞങ്ങൾ എല്ലാരും ഉണ്ട്' എന്നാണ് സംഗീത സംവിധായകൻ ശരത് പ്രതികരിച്ചത്. പുരസ്കാര ജേതാവിന്റെ പ്രവൃത്തി പുരസ്കാരം നൽകിയ കലാകാരനെ വേദനിപ്പിച്ചുവെങ്കിൽ, അദ്ദേഹത്തെ വിളിച്ച് ഒരു ക്ഷമാപണം നടത്തിയാൽ തീരുന്ന പ്രശ്നമേയുള്ളൂ എന്ന് ശരത് ഫെയ്സ്ബുക്കിൽ കുറിച്ചു. മനഃപൂർവം ആരെയും വേദനിപ്പിക്കുന്നയാളല്ല രമേശ് നാരായണൻ. ആസിഫ് അലി തന്റെ കുഞ്ഞനുജനാണെന്നും ശരത് കുറിച്ചു.

സത്യത്തിൽ ആസിഫ് എങ്ങും അപമാനിതനായില്ലെന്നും അഹങ്കാരത്തിനും പുച്ഛത്തിനും ധാർഷ്ട്യത്തിനും കാപട്യത്തിനും പണ്ഡിറ്റ് നേടിയ യാളാണ് നിങ്ങളുടെ പുഞ്ചിരിയാലും ജനങ്ങളാലും അപമാനം നേരിട്ടതെന്നും മലയാളത്തിലെ പ്രശസ്ത നിർമാതാവ് ഷിബു ജി സുശീലൻ ഫേസ്ബുക്കിൽ വ്യക്തമാക്കി. ശാരീരിക അവശതകൾ അവഗണിച്ചാണ് മനോരഥങ്ങൾ സിനിമയുടെ ട്രെയിലർ ലോഞ്ചിന് ആസിഫ് അലി എത്തിയത്. തന്റെ ലൊക്കേഷനിൽ നിന്ന് ഫൈറ്റ് സീനുകൾ പൂർത്തീകരിച്ച് ഉണ്ടായ ശാരീരിക പ്രശ്നങ്ങൾ അവഗണിച്ചാണ് എം. ടി സാറിന്റെ പ്രോഗ്രാമിന് ആസിഫ് അലി എത്തിയതെന്നും ഷിബു ജി സുശീലൻ പറഞ്ഞു.

### മാപ്പിൽ ആത്മാർഥതയില്ലെന്ന് ധ്യാൻ ശ്രീനിവാസൻ

കൊച്ചി: പൊതുവേദിയിൽ ആസിഫ് അലിയെ അപമാനിച്ച സംഭവത്തിൽ രമേഷ് നാരായണൻ ക്ഷമ ചോദിച്ചതിൽ ആത്മാർഥതയുണ്ടെന്ന് തോന്നുന്നില്ലെന്ന് നടൻ ധ്യാൻ ശ്രീനിവാസൻ. എവിടെയെങ്കിലും ഒക്കെ ചെയ്തു കൂട്ടിയ അഹങ്കാരത്തിന് ദൈവം തിരിച്ചു കൊടുക്കുന്ന പണി ആയിട്ടാണ് തോന്നിയതെന്നും അദ്ദേഹം പറഞ്ഞു. ആസിഫ് അലിയെ ചേർത്ത് പിടിക്കുന്നുവെന്നും രമേഷ് നാരായണൻ പക്വതയില്ലാതെ പെരുമാറിയെന്നും ഫെഫ്ക ജനറൽ സെക്രട്ടറി ബി. ഉണ്ണികൃഷ്ണൻ പറഞ്ഞു. സംഘാടകർ നൽകിയ ലിസ്റ്റിൽ രമേശ് നാരായണന്റെ പേരില്ലായിരുന്നുവെന്നും, ആസിഫിനോടുള്ള പെരുമാറ്റം വിഷമിപ്പിച്ചെന്നും പരിപാടിയുടെ അവതാരികയായിരുന്ന ജുവൽ മേരി ഫേസ്ബുക്ക് കുറിപ്പിലൂടെ പ്രതികരിച്ചു. ആസിഫ് അലി ഉപഹാരം നൽകാൻ വന്നത് കണ്ടില്ലെന്ന് രമേശ് നാരായണൻ പറയുന്നത് എന്തിനാണെന്ന് അറിയില്ല. താൻ പേര് തെറ്റിച്ചു വിളിച്ചതിലാണ് ദേഷ്യമെങ്കിൽ അത് തന്നോട് പ്രകടിപ്പിക്കാമായിരുന്നു. സംഘാടകർക്ക് വലിയ വീഴ്ച സംഭവിച്ചെന്നും അവർ പ്രതികരിച്ചു. ആസിഫ് അലിയെ ഓർത്ത് അഭിമാനിക്കുന്നുവെന്ന് കൊച്ചിയിലെ കോളജിൽ നടന്ന സിനിമാ പ്രചാരണ പരിപാടിയിൽ ഒപ്പമുണ്ടായിരുന്ന നടി അമല പോൾ പറഞ്ഞു. മോശം സാഹചര്യത്തെ സമചിത്തതയോടെ കൈകാര്യം ചെയതതായും നടി പറഞ്ഞു. അതേസമയം ആസിഫ് അലിയെ പൊതുവേദിയിൽ അപമാനിച്ച സംഭവത്തിൽ രമേഷ് നാരായണിനോട് ഫെഫ്ക മ്യൂസിക് യൂണിയൻ വിശദീകരണം തേടിയിരുന്നു. ഫെഫ്ക അംഗ സംഘടനയാണ് മ്യൂസിക് യൂണിയൻ. സംഭവത്തിൽ മാപ്പു പറഞ്ഞ് കൊണ്ട് മാധ്യമങ്ങളോട് പറഞ്ഞ കാര്യങ്ങൾ തന്നെ ആണ് വിശദീകരണ കുറിപ്പിൽ രമേഷ് അറിയിച്ചതെന്ന് ഭാരവാഹികൾ അറിയിച്ചു. ആസിഫ് അലിയെ കരുതിക്കൂട്ടി അപമാനിച്ചിട്ടില്ലെന്നായിരുന്നു മാധ്യമങ്ങളോട് രമേശ് നാരായണൻ പ്രതികരിച്ചത്. ഇപ്പോൾ പ്രചരിക്കുന്ന ദൃശ്യങ്ങളിൽ അങ്ങനെ തോന്നിയെങ്കിൽ ഞാൻ ക്ഷമ ചോദിക്കുന്നു. ആസിഫിനെ വിളിച്ചു സംസാരിക്കും. താൻ ഏറെ ബഹുമാനിക്കുന്ന നടനാണ് ആസിഫ് അലിയെന്നും രമേഷ് നാരായൺ വാർത്താസമ്മേളനത്തിൽ പറഞ്ഞിരുന്നു.



### പിന്തുണക്ക് നന്ദി, വിവാദം അവസാനിപ്പിക്കണമെന്ന് ആസിഫ് അലി

കൊച്ചി: പൊതുവേദിയിൽ അപമാനിക്കപ്പെട്ട സംഭവത്തിൽ തനിക്കുള്ള പിന്തുണ മറ്റൊരാൾക്കെതിരായ വിദ്വേഷപ്രചാരണം ആകരുതെന്ന് നടൻ ആസിഫ് അലി. സംഗീത സംവിധായകൻ രമേഷ് നാരായണൻ തന്നെ അപമാനിച്ചെന്ന ആരോപണത്തിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. തന്നെ പിന്തുണച്ച് സംസാരിക്കുന്നതും സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുന്നതും മറ്റൊരാൾക്കെതിരായ ഹേറ്റ് ക്യാമ്പയിനായി മാറരുത്. അതെന്റെയൊരു അപേക്ഷയാണ്. ഞാൻ രാവിലെ അദ്ദേഹവുമായി സംസാരിച്ചിരുന്നു. എന്റെ ഒരുപാട് സീനിയർ ആയിട്ടുള്ള, ഏറെ ബഹുമാനിക്കുന്ന ഒരാൾ എന്നോട് വിളിച്ച് ക്ഷമാപണം നടത്തിയപ്പോൾ വിഷമം തോന്നി. അദ്ദേഹത്തിന്റെ ശബ്ദം ഇടറിയിരുന്നു.

ഏതൊരു വ്യക്തിക്കും സംഭവിക്കാവുന്നതാണ് രമേഷ് നാരായണന് സംഭവിച്ചത്. അദ്ദേഹം അനുഭവിക്കുന്ന വിഷമം എന്താണെന്ന് തനിക്ക് മനസിലാകും. ദയവുചെയ്ത് ഇതൊരു ഹേറ്റ് ക്യാമ്പയിനായി മാറരുത്-ആസിഫ് അലി പറഞ്ഞു. രമേഷ് നാരായണൻ പ്രവർത്തിച്ച സിനിമയുടെ ആളുകളെ വേദിയിൽ വിളിച്ചപ്പോൾ അദ്ദേഹത്തെ വിട്ടുപോവുകയും പിന്നീട് പേര് തെറ്റായി വിളിക്കുകയും ചെയ്തിരുന്നു. അപ്പോഴുണ്ടായ പിരിമുറക്കത്തിന്റെ ഭാഗമായുണ്ടായ പ്രവൃത്തിയായിരിക്കാം അതെന്നും അസിഫ് അലി പറഞ്ഞു.

രമേഷ് നാരായണന്റെ പ്രവൃത്തിയോട് വിഷമം തോന്നിയോ എന്ന ചോദ്യത്തിന് തന്റെ തന്നെ സിനിമയിലെ ഹിറ്റ് ഡയലോഗ് ആയ എതിരെ നിൽക്കുന്നവന്റെ മനസൊന്ന് അറിയാൻ ശ്രമിച്ചാൽ, എല്ലാവരും പാവങ്ങളാണ് എന്ന ഡയലോഗായിരുന്നു ആസിഫിന്റെ മറുപടി. രമേഷ് നാരായണനുമായി സംസാരിച്ചിരുന്നെന്നും അദ്ദേഹത്തിന്റെ വാക്കുകൾ മുറിഞ്ഞിരുന്നെന്നും ആസിഫ് അലി പറഞ്ഞു. തനിക്ക് വിഷമമോ പരിഭവമോ ഇല്ല. താൻ അപമാനിതനായിട്ടില്ല. അദ്ദേഹത്തെ കൊണ്ട് മാപ്പ് പറയിപ്പിക്കുന്ന അവസ്ഥയിൽ എത്തിക്കരുതായിരുന്നുവെന്നും ആസിഫ് അലി പറഞ്ഞു. തന്റെ പുതിയ ചിത്രമായ ലെവൽ ക്രോസിന്റെ പ്രചാരണാർഥം എറണാകുളം സെന്റ് ആൽബർട്സ് കോളജിൽ എത്തിയപ്പോഴായിരുന്നു ആസിഫ് അലിയുടെ പ്രതികരണം. ആസിഫ് അലിക്ക് പിന്തുണ അർപ്പിച്ച് വിദ്യാർഥികൾ പ്ലക്കാർഡുകൾ ഉയർത്തിയിരുന്നു. എല്ലാവരും നൽകുന്ന പിന്തുണയ്ക്ക് നന്ദിയുണ്ടെന്നായിരുന്നു ആസിഫിന്റെ പ്രതികരണം. കൊച്ചിയിൽ എം.ടി കഥകളുടെ ആന്തോളജി സിനിമയായ മനോരഥങ്ങളുടെ ട്രെയിലർ ലോഞ്ചുമായി ബന്ധപ്പെട്ട പുരസ്കാരദാന ചടങ്ങാണ് വിവാദത്തിന് ഇടയാക്കിയത്. ആസിഫ് അലിയിൽ നിന്ന് പുരസ്കാരം സ്വീകരിക്കാൻ വിസമ്മതിക്കുകയും സംവിധായകൻ ജയരാജിനെ വിളിച്ചു വരുത്തി അദ്ദേഹത്തിൽ നിന്ന് രമേഷ് നാരായണൻ പുരസ്കാരം സ്വീകരിക്കുകയും ചെയ്യുകയായിരുന്നു.

# യു.പി ബി.ജെ.പിയിൽ യോഗിക്കെതിരെ പടയൊരുക്കം


- പ്രധാനമന്ത്രിയെ കണ്ട് പരാതി നൽകി ഉപമുഖ്യമന്ത്രി
- സംസ്ഥാന അധ്യക്ഷപദം രാജിവച്ച് ഭൂപേന്ദ്ര യാദവ്
- മന്ത്രിസഭാ യോഗം വിളിച്ച് ആദിത്യനാഥ്



ന്യൂഡൽഹി: ഉത്തർപ്രദേശ് ബി.ജെ.പിയിൽ മുഖ്യമന്ത്രി യോഗി ആദിത്യനാഥിനെതിരെ പടയൊരുക്കം. യോഗിയെ മുഖ്യസ്ഥാനത്തുനിന്ന് താഴെയിറക്കാൻ ചരടുവലികളുമായി ഉപമുഖ്യമന്ത്രിയും ബി.ജെ. പി സംസ്ഥാന അധ്യക്ഷനും അടക്കമുള്ളവർ ഡൽഹിയിൽ. അതേസമയം പ്രതിരോധ നീക്കവുമായി ആദിത്യനാഥും രംഗത്തെത്തി. മന്ത്രിമാരുടെ യോഗം വിളിച്ച ആദിത്യനാഥ് മന്ത്രിസഭാ പുനഃസംഘടനക്ക് ഒരുങ്ങുന്നതായാണ് റിപ്പോർട്ട്. ലോക്സഭാ തിരഞ്ഞെടുപ്പിനു മുമ്പുതന്നെ ബി.ജെ. പി യു.പി ഘടകത്തിൽ പുകഞ്ഞു കൊണ്ടിരുന്ന പ്രശ്നങ്ങളാണ് പൊട്ടിത്തെറിയിലേക്ക് നീങ്ങുന്നത്. ആദിത്യനാഥിനെ വെട്ടാൻ മോദി - അമിത് ഷാ കൂട്ടു കെട്ട് നേരത്തെ തന്നെ നീക്കം തുടങ്ങിയിരുന്നു. ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയെ നേരിട്ടു കണ്ട് ഉപമുഖ്യമന്ത്രി കേശവ് പ്രസാദ് മൗര്യ ആദിത്യനാഥിനെതിരെ പരാതി അറിയിച്ചതായാണ് വിവരം. തൊട്ടു പിന്നാലെ യു.പിയിലെ തിരഞ്ഞെടുപ്പ് തിരിച്ചടിയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് സംസ്ഥാന അധ്യക്ഷൻ ഭൂപേന്ദ്ര ചൗധരി രാജിക്കത്തും കൈമാറി. പാർട്ടി പുനഃസംഘടനക്ക് കളമൊരുക്കാൻ എന്ന പേരിലാണ് രാജി. ആദിത്യനാഥിന്റെ രാജിക്കു വേണ്ടി സമ്മർദ്ദം ശക്തമാക്കുന്നതിനാണ് സംസ്ഥാന അധ്യക്ഷന്റെ രാജിയെന്നാണ് സൂചന. ആദിത്യനാഥ് ഉദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുന്നുവെന്നാണ് ബി.ജെ.പിയിലെ ഒരു വിഭാഗത്തിന്റെ പരാതി. തിരഞ്ഞെടുപ്പ് സമയത്ത് സർക്കാർ സംവിധാനങ്ങൾ പാർട്ടിക്കെതിരായിരുന്നുവെന്ന വിമർശനം നേരത്തെ നേതാക്കൾ ഉയർത്തിയിരുന്നു. കേന്ദ്ര നേതൃത്വം യു.പിയിൽ കാര്യമായി ഇടപെടണമെന്ന് ബി.ജെ.പി എം.എൽ.എമാരടക്കം ആവശ്യപ്പെടുന്നത് ആദിത്യനാഥിനെ ലക്ഷ്യമിട്ടാണ്. അമിത ആത്മവിശ്വാസമാണ് തോൽവിക്ക് കാരണമെന്നാണ് ലക്നോവിൽ തിരഞ്ഞെടുപ്പ്ഫലം വിലയിരുത്താൻ ചേർന്ന നേതൃയോഗത്തിൽ ആദിത്യനാഥ് പറഞ്ഞത്. എന്നാൽ സർക്കാറിനേക്കാൾ വലുത് സംഘടനയാണെന്നായിരുന്നു ഉപമുഖ്യമന്ത്രി കേശവ് പ്രസാദ് മൗര്യയുടെ പ്രതികരണം. ഇതോടെ പാർട്ടിയും സർക്കാറും രണ്ടുതട്ടിലാണെന്നത് പരസ്യമായിരുന്നു. കേശവ് പ്രസാദ് മൗര്യക്കൊപ്പം ഭൂപേന്ദ്ര ചൗധരിയും ഡൽഹിയിൽ ക്യാമ്പു ചെയ്താണ് ആദിത്യനാഥിനെതിരെ കരുനീക്കുന്നത്. ചൊവ്വാഴ്ച ഇരുവരും കേന്ദ്ര നേതാക്കളുമായി നടത്തിയ ചർച്ചകൾ അർധരാത്രി വരെ നീണ്ടിരുന്നു.

# സിദ്ധാർത്ഥന്റെ മരണം
# വി.സിക്ക് വീഴ്ച പറ്റിയെന്ന് ജുഡീഷ്യൽ കമ്മീഷൻ

- ഉത്തരവാദിത്തത്തിൽ നിന്ന് വി.സിക്കും ഡീനിനും ഒഴിഞ്ഞു മാറാനാവില്ല
- ഹോസ്റ്റൽ സീനിയർ വിദ്യാർത്ഥികളുടെ ആധിപത്യത്തിൽ
- എസ്.എഫ്.ഐയെ 'തൊടാതെ' റിപ്പോർട്ട്



തിരുവനന്തപുരം: പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി ജെ.എസ് സിദ്ധാർത്ഥന്റെ മരണത്തിൽ മുൻ വി.സി എം.ആർ ശശീന്ദ്രനാഥിന് ഗുരുതര വീഴ്ച പറ്റിയെന്ന് ജുഡീഷ്യൽ കമ്മീഷന്റെ കണ്ടെത്തൽ. സംഭവം മറച്ച് വെച്ച് കുറ്റവാളികളെ ഒരു വിദ്യാർത്ഥി സംഘടന സഹായിച്ചെന്നും ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് എ.ഹരിപ്രസാദിന്റെ നേതൃത്വത്തിലുള്ള ജുഡീഷ്യൽ കമ്മിഷൻ ഗവർണർക്ക് കൈമാറിയ റിപ്പോർട്ടിൽ പറയുന്നു. ചാൻസിലർ കൂടിയായ ഗവർണറാണ് സിദ്ധാർഥന്റെ മരണത്തെക്കുറിച്ച് അന്വേഷിക്കാൻ ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ചത്. വി.സിയായിരുന്ന എം.ആർ ശശീന്ദ്രനാഥ്, ഹോസ്റ്റൽ വാർഡൻ കൂടിയായ കോളജ് ഡീൻഡോ. നാരായണൻ എന്നിവർക്ക് ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ആകില്ലെന്ന് റിപ്പോർട്ട് പറയുന്നു. സിദ്ധാർത്ഥന്റെ മരണദിവസം വി.സി ക്യാമ്പസിൽ ഉണ്ടായിരുന്നിട്ടും പ്രശ്നത്തിന്റെ ഗൗരവം മനസിലാക്കി സമയബന്ധിതമായി നടപടികൾ സ്വീകരിച്ചില്ല. ക്യാമ്പസിൽ അച്ചടക്കം നിലനിർത്തുന്നതിൽ വലിയ വീഴ്ച സംഭവിച്ചു. സീനിയർ വിദ്യാർത്ഥികളാണ് ക്യാമ്പസ് ഭരിക്കുന്നത്. ഹോസ്റ്റൽ നിയന്ത്രിക്കുന്നതും ഇവരാണ്. ഹോസ്റ്റൽ മുറികളുടെ ചുവരികളിൽ മുഴുവൻ അശ്ലീലവും രാഷ്ട്രീയ മുദ്രാവാക്യങ്ങളും എഴുതിപിടിപ്പിച്ചിട്ടും വാർഡന് യാതൊരു ആശങ്കയുമില്ല.

സിദ്ധാർത്ഥന്റെ മരണ വിവരം അറിഞ്ഞശേഷം പോലും, വിവേകപൂർവ്വം നടപടികൾ കൈക്കൊള്ളാത്തത് സമൂഹത്തിൽ നിശിതമായ വിമർശനങ്ങൾക്ക് ഇടയാക്കി. ഹോസ്റ്റലിൽ സി.സി. ടിവി സ്ഥാപിക്കണമെന്നും സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തണമെന്നും അസിസ്റ്റൻറ് വാർഡൻ പലയാവർത്തി ആവശ്യപ്പെട്ടിട്ടും വി.സിയോ, രജിസ്ട്രാറോ, ഡീനോ നടപടി സ്വീകരിച്ചില്ല. വാർഡനും അസിസ്റ്റന്റ് വാർഡനും ഹോസ്റ്റൽ സന്ദർശിക്കാറില്ലായിരുന്നു. വിദ്യാർത്ഥികളുടെ നേരിട്ടുള്ള ചുമതല നൽകിയിട്ടുള്ള സ്റ്റുഡൻസ് അഡ്വൈസർമാർക്ക്, വിദ്യാർത്ഥികളുമായി യാതൊരു ബന്ധവുമില്ല.അധ്യാപകരിൽ വലിയൊരു വിഭാഗം മണ്ണുത്തി ക്യാമ്പസിൽ കഴിയുവാൻ താല്പര്യപ്പെടുന്നതു കൊണ്ട്പൂക്കോട് ക്യാമ്പസിൽ ഉത്തരവാദിത്തപ്പെട്ടവർ ആരുമില്ലാതെ തികഞ്ഞ അരാജകത്വമാണ് നിലനിന്നത്. വ്യത്യസ്ത രാഷ്ട്രീയ ആശയമുള്ള വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം സാധാരണ ക്യാമ്പസുകളിൽ അശാന്തിക്ക് കാരണമാവാറുണ്ടെങ്കിലും ഇവിടെ സിദ്ധാർത്ഥന്റെ മരണത്തിന് കാരണമായ നിർഭാഗ്യകരമായ സംഭവത്തിന് പിന്നിൽ വിദ്യാർത്ഥി സംഘടനാ രാഷ്ട്രീയമുള്ളതായി കമ്മീഷന് കണ്ടെത്താനായില്ല. എന്നാൽ ഒരു വിദ്യാർഥി സംഘടന കുറ്റകാരെ സംരക്ഷിച്ചു. ഇതിന് പുറത്തുനിന്നും ശക്തമായ പിന്തുണ ലഭിച്ചതായും റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നു.

സിദ്ധാർത്ഥന്റെ മരണത്തിന് പിന്നിൽ കുറ്റകൃത്യം ചെയ്തവർ ആരാണെന്നോ, വിദ്യാർത്ഥികൾക്ക് ക്യാമ്പസിനുപുറത്ത് സംരക്ഷണം ഒരുക്കിയതായി പറയുന്ന സംഘടന ഏതാണെന്നോ, ഹോസ്റ്റൽ ചുമരുകളിൽ എഴുതിവച്ചിട്ടുള്ള രാഷ്ട്രീയ മുദ്രാവാക്യങ്ങൾ ആരുടേതെന്നോ റിപ്പോർട്ടിൽ ബോധപൂർവം പരാമർശിച്ചിട്ടില്ല. മരണത്തെക്കുറിച്ച് അന്വേഷിച്ച സി.ബി.ഐ ഹൈക്കോടതിയിൽ കുറ്റപത്രം നൽകിയതിന് പിന്നാലെയാണ് ജുഡീഷ്യൽ കമ്മീഷനും റിപ്പോർട്ട് സമർപ്പിച്ചത്. മെയ് 29നാണ് കമ്മീഷൻ പ്രവർത്തനം ആരംഭിച്ചത്.

### മഹാരാഷ്ട്രയിൽ ഏറ്റുമുട്ടൽ; 12 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു

മുംബൈ: മഹാരാഷ്ട്രയിലെ ഗഡ്ചിറോളി വനമേഖലയിൽ പൊലീസുമായുണ്ടായ ഏറ്റുമുട്ടലിൽ 12 മാവോയിസ്റ്റുകളെ വധിച്ചു. കാൻകർ അതിർത്തി വനമേഖലയിൽ ഇന്നലെ ഉച്ചക്ക് ഒരു മണിയോടെയായിരുന്നു ഏറ്റുമുട്ടലുണ്ടായതെന്ന് പൊലീസ് പറഞ്ഞു.

മാവോയിസ്റ്റ് വേട്ടക്കായി സംസ്ഥാന സർക്കാർ രൂപം നൽകിയ സി 60 എന്ന പ്രത്യേക പൊലീസ് സേനയുടെ നേതൃത്വത്തിലായിരുന്നു ഓപ്പറേഷൻ. സബ് ഇൻസ്പെക്ടർ സതീഷ് പാട്ടീലിന് ഏറ്റുമുട്ടലിൽ പരിക്കേറ്റു. തോളെല്ലിന് പരിക്കേറ്റ ഇയാളെ വൈകീട്ട് നാലു മണിയോടെ വിദഗ്ധ ചികിത്സക്കായി എയർലിഫ്റ്റ് ചെയ്തു.